# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

Vol. 13/ Issue 07
July 2022



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് 4:8)**


**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop’s House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 13** **ജൂലൈ 2022** **ലക്കം 7**

**ഒറ്റപ്രതി 10 രൂപ** **വാർഷിക വരിസംഖ്യ 120 രൂപ**

# ഉള്ളടക്കം


ഇടയലേഖനം........................................................................ 5
യുവജനദിന സർക്കുലർ..................................................... 10
കേരളാസഭാനവീകരണം............................................................ 15
രൂപതാകച്ചേരി വാർത്തകൾ.................................................. 22
മൈനർ സെമിനാരി വാർത്തകൾ........................................ 32
മാസധ്യാനം.......................................................................... 33
മതബോധനരംഗം ........................................................................ 35
ചെറുപുഷ്പ മിഷൻലീഗ്........................................................ 41
*Department of Youth Ministry* ........................................ 47
കെ.സി.വൈ.എം................................................................ 51
കുടുംബപ്രേഷിതത്വം........................................................ 60
ലോഗോസ് ക്വിസ്........................................................................ 68
വിൻസെന്റ് ഡി പോൾ സൊസൈറ്റി.......................................... 70
സാമൂഹ്യ സേവനരംഗം (WSSS)........................................... 73
ബയോവിൻ അഗ്രോ റിസർച്ച്................................................ 80
റേഡിയോ മാറ്റൊലി ................................................................ 83
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി............................ 85
*Mary Matha Arts & Science College*.............................. 88
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................. 90
ബിഷപ്സ് പ്രോഗ്രാം ................................................................ 96

Prot. No. 0594/ 2022

# ഇടയലേഖനം
## സഭാദിനം – 3 ജൂലൈ 2022

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവ ജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!*

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3-ാം തീയതിയോടനുബന്ധിച്ചു നിങ്ങളോടു സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദുക്റാനതിരുനാൾ സീറോ മലബാർ സഭാദിനമായും നാം ആചരിച്ചുവരികയാണല്ലോ.'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നു പറഞ്ഞ് ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഉച്ചൈസ്തരം ഉദ്ഘോഷിച്ച തോമാശ്ലീഹായുടെ മക്കളായ നമ്മിൽ അതേ വിശ്വാസം ഉജ്വലിപ്പിക്കുക എന്നതാണ് ഈ സഭാദിനാചരണത്തിന്റെ ലക്ഷ്യം. അതിനുപകരിക്കുന്ന കർമപരിപാടികളാണ് ഇടവകാ-രൂപതാ-സഭാതലങ്ങളിൽ നാം സംഘടിപ്പിച്ചുപോരുന്നത്. ഈ വർഷത്തെ സഭാദിനാചരണത്തിന് ഒരു പ്രത്യേകതയുണ്ട്. മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുന്നു. ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാരാണ് അവിടുന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരുമായി മാറിയതും.

മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യദശകങ്ങളിൽ ജീവിക്കുന്നവരായ നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറിയതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയും ആയിരിക്കും. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേ വിപ്ലവകരമായ മാറ്റങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ സമൂഹത്തിൽ സംഭവിക്കുമെന്നുള്ളതാണു സഭാചരിത്രം നമുക്കു നൽകുന്ന വലിയൊരു പാഠം. ഭാരതത്തിലെ ക്രൈസ്തവമിഷനറിമാരിലൂടെ സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. സുവിശേഷത്തിനു വീരോചിതമായ സാക്ഷ്യംവഹിച്ച ക്രൈസ്തവമിഷനറിമാർ ഭാരതത്തിൽ അനേകരാണ്. ഏറ്റവും അടുത്തകാലത്തു വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ട രക്തസാക്ഷി ദേവസഹായംപിള്ളയും അന്നത്തെ സാമൂഹ്യതിന്മകൾക്കെതിരെ അടരാടിയാണല്ലോ വീരചരമം പ്രാപിച്ചത്. ഇന്നു നാമും ദരിദ്രവിഭാഗങ്ങൾക്കും കഷ്ടതകൾ സഹിക്കുന്ന എല്ലാവർക്കും ജാതിമതഭേദമെന്യേ സേവനംചെയ്ത് ക്രിസ്തുവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംവഹിക്കാൻ തീക്ഷ്ണതയുള്ളവരാകണം. വിവിധ മതങ്ങൾ തമ്മിലും സാംസ്കാരിക സമൂഹങ്ങൾ തമ്മിലും ഐക്യവും സൗഹാർദവും നിലനിറുത്തികൊണ്ട് എല്ലാവരെയും ഒരേ സ്നേഹത്തോടും കാരുണ്യത്തോടും കൂടി കാണാനും എല്ലാവരോടും ഒന്നുചേർന്നു ജീവിക്കാനും നമുക്കു പരിശ്രമിക്കാം.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെപേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഭാരതത്തിലാകട്ടെ മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ കരുതലുകൾ ഭരണകർത്താക്കൾ എടുത്തുവരുന്നു. അത് എക്കാലവും തുടരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സങ്കുചിതമായ വീക്ഷണങ്ങളോടെ പ്രവർത്തിക്കുന്ന വ്യക്തികളെയും സമൂഹങ്ങളെയും മതസൗഹാർദത്തിനു വിഘാതമാകുന്ന പ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാനും നമുക്കു പരിശ്രമിക്കാം. അതോ

ടൊപ്പം രാഷ്ട്രനിർമാണപ്രക്രിയയിൽ പങ്കുചേർന്ന് ഉത്തമ പൗരന്മാരായിജീവിക്കാനും നമുക്കു സാധിക്കണം.

സീറോ മലബാർസഭയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കേരളത്തിലുള്ള രൂപതകളെ മാതൃസഭയായിട്ടാണു പരിഗണിക്കുന്നത്. ഈ മാതൃസഭ കേരളത്തിനു പുറത്ത് ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തു മറ്റു രാജ്യങ്ങളിലുമുള്ള സഭാസമൂഹങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങൾക്കു സഹകരണം നൽകുവാൻ സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും അറിയിക്കുകയും അതിനു സാക്ഷ്യംവഹിക്കുകയുമാണ് യഥാർഥമായ പ്രേഷിതത്വം. അതിനുപകരിക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളിലും ഏർപ്പെടാൻ നാം പരിശ്രമിക്കണം. സുവിശേഷപ്രവർത്തനങ്ങൾക്ക് ആളും അർഥവും നൽകി പരസ്പരം സഹായിക്കാൻ നാമേവരും തയ്യാറാകണം. ഇപ്രകാരം പ്രവർത്തിക്കുമ്പോൾ എല്ലാ മനുഷ്യരോടും ക്രിസ്തുവിന്റെ സാർവത്രിക സ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കേണ്ടതാണ്.

കാർഷികമേഖലയിലുള്ള നമ്മുടെ ജനങ്ങൾ കടന്നുപോകുന്ന കഷ്ടതകൾക്കു പരിഹാരം കാണേതുണ്ട്. കർഷകരും അസംഘടിത തൊഴിൽവിഭാഗങ്ങളും ഉപജീവനത്തിനുവേണ്ടി കഷ്ടപ്പെടുകയാണ് എന്നതു യാഥാർത്ഥ്യമാണ്. സംഘടിത വിഭാഗങ്ങൾ തങ്ങളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമർദ്ദംചെലുത്തുമ്പോൾ സർക്കാരും ഉദ്യോഗസ്ഥരും അവഗണിക്കുന്നതു കർഷകരെയും അസംഘടിതവിഭാഗങ്ങളെയുമാണ്. പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയാൽ കർഷകരുടെ ജീവിതം ദുരിതപൂർണമായിരിക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനും അതുവഴി ഒരു നിശ്ചിത വരുമാനം കർഷകകുടുംബങ്ങൾക്കു ഉറപ്പാക്കാനും ഇതുവരെ ഫലപ്രദമായ ഒരു നടപടിയും മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം ബഫർസോൺ സംബന്ധിച്ചു നൽകിയിരിക്കുന്ന പുതിയ ഉത്തരവ് ആയിരക്കണക്കിനു കർഷക കുടുംബങ്ങളെ വഴിയാധാരമാക്കാൻ ഇടയാക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ വിഷയത്തിൽ സർക്കാർ ജാഗ്രതയോടെ സത്വരമായി ഇടപെടുകയും കർഷകരുടെ പ്രത്യേക സാഹചര്യം ബഹു. കോടതിയെ

അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കർഷകരെപ്പോലെ മറ്റ് അസംഘടിത വിഭാഗങ്ങളിലെ മനുഷ്യർക്കും നീതിയും തുല്യതയും ഉറപ്പാക്കാനും മാന്യമായ രീതിയിൽ അധ്വാനിച്ചുജീവിക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ജനാധിപത്യ സംവിധാനത്തിൽ ഒരുക്കുകയും ചെയ്യേണ്ടതു സർക്കാരിന്റെ കടമയാണ്. 2023-ൽ റോമിൽ നടക്കുന്ന സിനഡിന്റെ ഭാഗമായി എല്ലാ രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും തലങ്ങളിൽ ചർച്ചകളും അഭിപ്രായരൂപീകരണങ്ങളും നടക്കുന്ന സമയമാണല്ലോ ഇത്. നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും വിവിധതലങ്ങളിൽ സിനഡിന്റെ ചിന്താവിഷയം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2022 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാൻ സിനഡിൽ ചർച്ചചെയ്യുകയും സഭയുടേതായ ഒരു റിപ്പോർട്ട് അടുത്ത തലത്തിലെ ചർച്ചകൾക്കായി നൽകുകയും ചെയ്യുന്നതാണ്.

കൂട്ടായ്മയും പങ്കാളിത്തവും ദൗത്യബോധവുമുള്ള ഒരു സഭാസമൂഹമായി ഇനിയും വളരാൻ ഈ ചർച്ചകൾ ഉപകരിക്കട്ടെ. നമ്മുടെ സഭ ഘടനാപരമായി സിനഡൽ ആണ്. അതോടൊപ്പം സാർവത്രികസഭ വിഭാവനംചെയ്യുന്ന സിനഡാത്മകത നമ്മുടെ സഭയുടെ പ്രേഷിതപരവും അജപാലന പരവുമായ എല്ലാ മേഖലകളിലും കൂടുതൽ ഉൾച്ചേർക്കാൻ നാമെല്ലാവരും ശ്രദ്ധ ചെലുത്തണം. സഭ അടിസ്ഥാനപരമായി ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മ പങ്കാളിത്തത്തിലൂടെയാണു പ്രകാശിതമാകുന്നത്. സഭയുടെ എല്ലാ പ്രവർത്തനതലങ്ങളിലും പങ്കാളിത്തം സജീവമാക്കണം. എല്ലാറ്റിന്റെയും ലക്ഷ്യം പ്രേഷിതദൗത്യം ആയിരിക്കുകയും വേണം. ഇപ്രകാരം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്ന ത്രിവിധപ്രമേയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണു സിനഡാത്മകസഭയെ വിഭാവനം ചെയ്യാനും നവീകരിക്കുവാനും ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്. ഈ സഭാദിനത്തിൽ സഭാമക്കളായ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായ സഹോദരീസഹോദരന്മാർ എന്നിങ്ങനെ എല്ലാവർക്കും മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങളും സഭാകൂട്ടായ്മയുടേതായ സ്നേഹ

ത്തിന്റെയും ഐക്യത്തിന്റെയും ആശംസകളും നേരുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യലയത്തിൽനിന്ന് 2022-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB:- ഈ സർക്കുലർ 2022 ജൂൺ മാസം 26-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

## യുവജനദിനം 2022, ജൂലൈ 10, ഞായർ
## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, കേരള കത്തോലിക്കാസഭ ജൂലൈ 10 ഞായറാഴ്ച യുവജന ദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

കോവിഡ്-19 മാഹാമാരിയുടെ പിടിയിൽ നിന്നും ലോകം മെല്ലെ മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന വേളയാണിത്. സഭയും സമൂഹവും ദേവാലയങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും തിരികെ എത്തുവാൻ പരിശ്രമിക്കുന്ന നേരം. യേശു നായിനിലെ വിധവയുടെ മകനോടും ജായ്റോസിന്റെ മകളോടും പറഞ്ഞത് ഇപ്പോൾ കേരള സഭയിലെ യുവജനങ്ങളോടും ആവർത്തിക്കുന്നു ''യുവാവേ എഴുന്നേൽക്കുക'' (ലൂക്കാ 17:14) ''ബാലികേ എഴുന്നേൽക്കുക'' (മർക്കോ.5: 41) ഈ വേദിയുടെ നാളുകളിൽ സഭയുടെ ജീവനാഡിയായി നിലകൊണ്ട യുവജനങ്ങളേയും അവരെ നയിച്ച വൈദികരേയും സന്യസ്തരേയും അല്മായ സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു. അഭിവാദനങ്ങൾ അർപ്പിക്കുന്നു.

**യുവജനങ്ങൾ ഐക്യത്തിന്റെ പ്രേഷിതർ**

ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭ 2022-25 കാലഘട്ടത്തിൽ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് ക്രൈസ്തവയുവത്വം ഐക്യത്തിന്റെ പ്രേഷിതത്വം എന്നതാണ്. കേരളസഭാനവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാല ഘട്ടമാണ്. കേരളത്തിലെ വിവിധ കത്തോലിക്കാ സംഘടനകളുമായി ഒരുമിച്ചിരുന്നുകൊണ്ട് അവരെ ശ്രവിക്കുവാനായി സഭ പരിശ്രമിക്കുന്നു. അത്തരം ശ്രവണം രൂപതാ, ഇടവക, കുടുംബ യുണിറ്റ് തലങ്ങളിൽ ഉണ്ടാകാൻ സഭ ആഗ്രഹിക്കുന്നു. യുവജന

ങ്ങൾ നേരിടുന്ന വെല്ലുവിളികൾ വിശ്വാസപരമായ സന്ദേഹങ്ങൾ ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതു വിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാ സഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലി ക്കുന്ന ഇടമാണ് ഭാരതസഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭ കൾ ഒരേ സ്ഥലത്തായിരിക്കന്ന കേരളസഭ. മൂന്നു റീത്തുകളിലു മുള്ള യുവാക്കൾക്ക് ഒത്തുചേരുവാനും സഭയുടെയും സമൂഹത്തി ന്റെയും പ്രശ്നങ്ങളിൽ ഇടപെടുന്ന അന്തരീക്ഷമാണ് നമുക്കു ള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. റീത്തുകൾക്കതീത മായി ഒത്തുചേർന്ന് നവീകരണത്തിന്റെ കാറ്റലിസ്റ്റുകൾ ആകാൻ യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേ തായ സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ചരിത്രവും ഒക്കെ യുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീ കമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

**ഹെനോസിസ് എന്ന മന്ത്രം**

Henosis എന്ന ഗ്രീക്കു പദം അർത്ഥമാക്കുന്നത് ആന്തരികമായ ഐക്യം അഥവാ രഹസ്യാത്മകമായ ഐക്യം എന്നൊക്കെയാണ്. ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടെങ്കിലും ശരീരം ഒന്നായിരി ക്കുന്നപോലെ (എഫേ. 4:1-13) എന്ന പൗലോസപ്പോസ്തലന്റെ വാക്കുകളുടെ സാരാംശമാണ് ഹെനോസിസ്. ഈ പദം ഒരു മന്ത്രം പോലെ ഉരുവിടേണ്ട പ്രേഷിതരാണ് യുവജനങ്ങൾ. ഈ കാലഘട്ടം അത് അവരിൽ നിന്ന് ആവശ്യപ്പെടുന്നു. കേരളസഭയും സമൂഹവും അത് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നു.

**യൗവ്വനം എന്ന ലഹരി**

യുവാവായ ക്രിസ്തുവിന് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ ജീവനാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെ സമ്പ ത്താണ്. ഭാവാത്മകമായി പറഞ്ഞാൽ യൗവനം ഒരു ലഹരിയാണ്. വിശുദ്ധ പ്രണയത്തിന്റെ കാലം. ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം. ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളു കളും ആകാൻ പരിശ്രമിക്കന്ന കാലം. എന്നാൽ മദ്യം, മയക്കുമ രുന്ന് എന്നിവയുടെ ഉപയോഗം യൗവനത്തിന്റെ ലഹരിയെ നശിപ്പി

ക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവനം ഒരു ബാധ്യത യാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരി വസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണ തയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം സ്വവർഗവിവാഹം പോലുള്ള തിന്മകൾ വിവാഹ പൂർവലൈംഗികത, വിവാഹേതര ലൈംഗികത, ഒത്തുവസിക്കലുകൾ അതേത്തുടർന്നുണ്ടാകുന്ന ഗർഭ ഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ തുടങ്ങിയവ കോവിഡാനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കുവാൻ വേണ്ട പരിശീലനം നേടുകയും വേണം.

**കുടുംബം, തൊഴിൽ, പ്രവാസം**

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബ രൂപീക രണം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ ആശങ്കയുണർത്തുന്നു. വിവാഹ ത്തിന്റെ സമ്പൂർണമായ സമർപ്പണത്തിന് വിമുഖത കാട്ടുന്ന യുവ ജനങ്ങളുടെ എണ്ണം വർധിക്കുന്നു. പൗരോഹിത്യ സന്യസ്ത ദൈവ വിളികൾ കുറയുന്നു. കുട്ടികളുടെ ജനനനിരക്ക് അപകടകരമാം വിധം താഴുന്നു. തൊഴിൽ തേടിയുള്ള പ്രവാസം കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതേസമയം പ്രവാസികളിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് വലിയ താങ്ങാണ് എന്നതാണ് സത്യം. തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമ ല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ രാഷ്ട്രീയ സംവിധാ നങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സംസ്കാരികപരവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളായി വന്ന് ചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കും വിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹി ക്കുന്നു. ഈ നാടിന്റെ സംരഭകരായി മാറാൻ, സർക്കാർ തൊഴിൽ

നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

**മാധ്യമങ്ങൾ, മതേതരത്വം, മതതീവ്രവാദം**

മാധ്യമങ്ങളുടെ അതിപ്രസരമുള്ള ഈ കാലത്ത് മാധ്യമ വിചാരണയിൽ സഭയും സഭാസ്ഥാപനങ്ങളും സംഘടനകളും നേതാക്കളും തേജോവധം ചെയ്യപ്പെടുന്ന ഈ നേരത്ത് മാധ്യമങ്ങളെ കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു ടീം സജ്ജമാകേണ്ടതുണ്ട്. അന്തിചർച്ചകളിലും സിരിയലുകളിലും സിനിമകളിലുമൊക്കെ ക്രൈസ്തവ ദർശനങ്ങളെ വികലമാക്കി ചിത്രീകരിക്കുന്ന പ്രവണത ശക്തമാണ്. സാഹിത്യരംഗത്തും പുസ്തക പ്രസിദ്ധീകരണ രംഗത്തും അജണ്ടകൾ വച്ച് വ്യാപാരം ചെയ്യുന്നത് ജാഗരൂകതയോടെ ഈ വിഷയങ്ങൾ സഭയുടെ യുവജന പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ പ്രതിജ്ഞാബദ്ധരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലങ്കിൽ അത് വർഗ്ഗീയ തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്ന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരതയുടെ വേരുകൾ കേരളത്തിലെത്തി നിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മാറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായി രഹസ്യങ്ങളായി വാഴുന്ന കാലത്ത് വർഗ്ഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയംത്തന്നെ ഫ്രാൻസീസ് അസീസിയുടെ പ്രാർത്ഥന പോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ചങ്കാണ്. ചങ്കിടിപ്പാണ്. ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യൗവനയുക്തൻ പകരുന്ന ആദർശമാണ് അതിന്റെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം, ജീസസ് യൂത്ത്, സിഎൽസി, തുടങ്ങിയ സംഘടനകളിലും അല്ലാതെ

യുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരേയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)
**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

NB:- ഈ സർക്കുലർ 2022 ജൂലൈ മാസം 10-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കേരളസഭാനവീകരണം 2022-2025
## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭസഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരു സാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷ മൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്. കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 5 പെന്തക്കുസ്താദിനത്തിരുന്നാളിൽ കേരളസഭാനവീകരണ കാലഘട്ടം

ഔദ്യോഗികമായി ആരംഭിച്ചിരിക്കുകയാണല്ലോ. ഇതിന്റെ ഔപചാരിക ഉദ്ഘാടനം കെ.സി.ബി.സി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പി.ഒ.സിയിൽ പൊന്തിഫിക്കൽ ദിവ്യബലിയോടെ നടത്തി. 2025 ജൂൺ 8 പന്തക്കുസ്താ തിരുനാൾവരെയാണ് നവീകരണകാലഘട്ടം.

**അനിവാര്യമായ നവീകരണം**

''സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം'' എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാ സഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡ് മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലി വർഷത്തിലേക്ക് പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകുന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

**കേരളസഭാ നവീകരണ മേഖലകൾ**

കേരളമെത്രാൻ സമിതിയുടെ മേല്നോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

**1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം**

ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തി

കളായല്ല, ഒരു ജനതയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

**2. പ്രാർത്ഥനാജീവിതം**

നമ്മുടെ ആത്മീയ മേഖലകൾ ഭൗതിക വത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാന വിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ നാം കൂടുതൽ തയ്യാറാകണം.

**3. വിശ്വാസപരിശീലനം**

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതികസുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിത ശിഷ്യത്വവും അന്യമാകും.

**4. അനുരഞ്ജന മേഖലകൾ**

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകയാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവക തലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

**5. ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവ

കളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

**6. പ്രേഷിത മാനസാന്തരം**

സ്വാഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**7. വൈദിക- സന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിത സമൂഹം ദൈവരാജ്യം പടുത്തുയർത്തുന്ന ദൗത്യത്തിൽ പരാജയപ്പെടുകയാനെന്നു തിരിച്ചറിയണം. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിത ശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം.

ക്രിസ്തുവിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായ വിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

**10. യുവജനശുശ്രൂഷ**

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞു കൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

**11. പരിസ്ഥിതിപരമായ മാനസാന്തരം**

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചക സ്വരം ശക്തമാകണം.

**12. സംവാദത്തിന്റെ മേഖലകൾ**

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദാ യങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തി യിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെ ക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതര സഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

**കേരളസഭാ നവീകരണ നടപടികൾ**

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവ്വതല സ്പർശിയായ നവീകരണ മാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരം

ഭിക്കുന്നത് കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലിക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണ പ്രക്രിയയിൽ മുൻഗണന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കുകയും ചെയ്യണം. സംസ്ഥാന- രൂപത- ഇടവക- കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം.സംസ്ഥാനതലത്തിൽ കെസിബിസിയുടെകീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ,യുവജനപ്രതിനിധികൾ,കെസിബിസി കമ്മീഷൻസെക്രട്ടറിമാർ,ഡയറക്ടർമാർ,പൗരപ്രമുഖപ്രതിനിധികൾ, മാധ്യമപ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൽ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamenta) തയ്യാറാക്കിവരുന്നു. സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 24 -ാം തീയതി ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്. രൂപതാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ - ഇടവക തലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീകരിക്കണം. അതതുരൂപതകളുടെ വികാരി ജനറാളുമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്

കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

**ഉപസംഹാരം**

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്ക്കാരം ശക്തിപ്രാപിക്കട്ടെ. എല്ലാസംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടുന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് ഇന്ന് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

---

NB:- കേരളത്തിലെ 3 റീത്തുകളിലും വായിക്കുന്ന ഈ സർക്കുലർ 2022 ജൂലൈ 17 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. തോമസ് പെരുമാട്ടിക്കുന്നേലച്ചന്റെ ഒന്നാം ചരമ വാർഷികം ജൂലൈ 6-ാം തീയതിയും, ബഹു. അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 16 നുമാണ്. ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**സീറോ മലബാർ സഭാദിനം**

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മദ്ധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**യുവജനദിനം**

കേരളസഭ ജൂലൈ 10-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽക്കുന്ന ബഹു. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചനെയും, ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**പ്രസ്ബിറ്ററൽ കൗൺസിൽ**

പ്രസ്ബിറ്ററൽ കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ബാലറ്റ് പേപ്പർ എല്ലാ വൈദികർക്കും അയച്ചിട്ടുണ്ട്. വോട്ടുകൾ രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ 2022 ജൂലൈ 5 നുള്ളിൽ എത്തിച്ച് തരേണ്ടതാണ്. അതിന് ശേഷം വരുന്നവ പരിഗണിക്കുന്നതല്ല. പുതിയതായി രൂപീകരിക്കുന്ന പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആദ്യ യോഗം ആഗസ്റ്റ് 10 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ബിഷപ്പ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുമുഖേന അറിയിക്കുന്നതാണ്.

**പാസ്റ്ററൽ കൗൺസിൽ**

ഇപ്പോൾ രൂപീകരിച്ചുകൊണ്ടിരിക്കുന്ന രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യ സമ്മേളനം സെപ്റ്റംബർ 10 ന് ശനിയാഴ്ച രാവിലെ10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുമുഖേന അറിയിക്കുന്നതാണ്.

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 11-ാം തിയതി ഞായറാഴ്ച വൈകുന്നേരം മുതൽ 16-ാം തീയതി വെള്ളിയാഴ്ചവരെയും, സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച മുതൽ 23-ാം തിയതി വെള്ളിയാഴ്ച വരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ തിയതികൾ ശ്രദ്ധിക്കുകയും മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ടേ ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തുകയും ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ആദ്യ ബാച്ചിന്റെ ധ്യാനം നയിക്കുന്നത് അദിലാബാദ് രൂപതാ മെത്രാൻ അഭിവന്ദ്യ ആന്റണി പ്രിൻസ് പാണേങ്ങാടൻ പിതാവും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം നയിക്കുന്നത് ധ്യാന ഗുരുവും കപ്പൂച്ചിൻ സഭാംഗവുമായ ബഹു. ജോൺസ് പുൽപ്പറമ്പിൽ OFM Cap. അച്ചനുമാണ്.

# ANNUAL RETREAT FOR PRIESTS

## Ist BATCH - 2022 SEPTEMBER 11 SUNDAY TO 16 FRIDAY

| SN Rev. Frs. Housename & Name | SN Rev. Frs. Housename & Name |
|---|---|
| 1 Aikkarathazhath Joseph | 29 Kattamkottil Joseph |
| 2 Alumkal Joseph | 30 Kavumkal Joseph |
| 3 Ambalathinkal Sebastian | 31 Kizhakkanputhupally John |
| 4 Chackalackal Joseph | 32 Kocharackal Jose |
| 5 Chakkiath Xavier | 33 Kochuparackal Kurian |
| 6 Chakkittakudiyil James | 34 Kollamkunnel Varghes |
| 7 Chelackapallil Thomas | 35 Kollarthottam Mathew |
| 8 Chembakkara James | 36 Korattiparambil Vincent |
| 9 Chettaniyil Thomas | 37 Kottaram Jose |
| 10 Chirackathottathil Augustine | 38 Kudakkachira Joseph |
| 11 Chittoor Joseph | 39 Kulirany Jose |
| 12 Chozhenparambil John | 40 Kunnath Johny |
| 13 Edachilath Joseph | 41 Kunnath Joseph |
| 14 Edayakondattu Paul | 42 Kuttimakkal James |
| 15 Elamkunnapuzha Joseph | 43 Madapallikunnel Antony |
| 16 Elemkunnel Sebastian | 44 Madapallikunnel Mathew |
| 17 Kachirayil Thomas | 45 Madathil Abraham |
| 18 Kakkattikalayil Sebastian | 46 Mampallil Anto |
| 19 Kalappurackal Mathew | 47 Manakkunnel Thomas |
| 20 Kalapurayil Jose | 48 Mankottil James |
| 21 Kaliyaniyil Kuriakose | 49 Mannoor Thomas |
| 22 Kalliyatt Devasia | 50 Mavara Stanislaus |
| 23 Kallupura Johny | 51 Mecheril Joseph |
| 24 Kappiarumalayil John | 52 Moolayil Thomas |
| 25 Karamayil Issac | 53 Moonnanal Justin |
| 26 Karippukattil Francis | 54 Moothedath Thomas |
| 27 Kassamkuttiyil Sebastian | 55 Mulakodiyankal Sebastian |
| 28 Karukapally Joseph | 56 Mulakodiyankal Varghese |

57 Mundolickal Paul
58 Munjanattu Mathew
59 Muthirakalayil Joseph
60 Myladoor George
61 Nanthikatt Joseph
62 Nechikatt Joseph
63 Nedumkallel Joseph
64 Nilackappillil Augustine
65 Olickal Thomas
66 Ottaplackal Thomas
67 Padinjarayil George
68 Painunkal Kuriakose
69 Pakkanikuzhy Sebastian
70 Palakkattu Antony
71 Palathadathil George
72 Parambil Kuriakose
73 Parunthanolil Thomas
74 Paruvummel Joseph
75 Peechattu Joseph
76 Perumattikunnel John
77 Perumattikunnel Mathew
78 Plassanal Thomas
79 Ponparackal John
80 Poothakkuzhy Jacob
81 Pudussery Martin
82 Pulikkunnel Devasia
83 Pullamkunel Joy
84 Pulpayil Joseph
85 Punnakkapadavil Sebastian
86 Puthenparambil James
87 Puthenpurayil Joseph
88 Puthenpurayil Manuel
89 Puthukulathil John
90 Thamarasseril Vincent
91 Thanniyil Augustine
92 Thayil Jose
93 Thekkanady Jose
94 Thekkilakattil Jose
95 Thenpally Nishwin
96 Therakam Thomas Joseph
97 Thevarkunnel Don Bosco
98 Thondiparambil Peter
99 Thuruthel Kuriakose
100 Uppuveettil John
101 Vadayaparambil Jose
102 Vathelil Abraham
103 Vazhachalil Thomas
104 Vazhakatt Joseph
105 Vazhappilly Paul

**II$^{nd}$ BATCH - 2022 SEPTEMBER 18 SUNDAY TO 23 FRIDAY**

**SN Rev. Frs. Housename & Name**

1 Alackathadathil James
2 Alukka Geroge
3 Ambalathara Francis
4 Arumayil George
5 Athickal Mathew
6 Chakkittukudiyil Jose
7 Chavaranal Thomas
8 Chempalayil Augustine
9 Chettiyassery Joseph
10 Chirayilparambil Thomas

11 Chittarackal Varghese
12 Choorapuzhayil John
13 Edakkudy Mathew
14 Elavanappara Sebastian
15 Elavunkal Johny
16 Elayidathu Mani
17 Iykkarakanayil Thomas
18 Kakkonal Manoj
19 Kalambukattu Joseph
20 Kalappurackal Abraham
21 Kalapurayil Vincent
22 Kanippallil Varghese
23 Kappiarumalayil Jose
24 Karuthedath Mathew
25 Kassamkuttiyil Sebastian
26 Kattamkottil Thomas
27 Kattath Thomas
28 Kavalakkadan Varghese
29 Keezheth Sebastian
30 Kizhakkanputhupally Varghese
31 Kizhakkumpuram George
32 Kochuparackal Mathew
33 Koipuram Sebastian
34 Koottala Paul
35 Korandiyarkunnel Paul
36 Kottackal Stephen
37 Kottayil Joseph
38 Kulathinal James
39 Kumbalakkuzhy Mathew
40 Kunnath Kuriakose
41 Kunnathett James
42 Kuthukallunkal Francis
43 Kuzhikandathil Joseph
44 Madathil Sebastian
45 Malayil Mathew
46 Mampallil George
47 Maplassery Babu
48 Meppurath Chacko
49 Moloparambil Jose
50 Moothedath Mathew
51 Mukkattukavunkal Thomas
52 Mulavelikunnel Jacob
53 Mundackamattam Jose
54 Muthukathaniyil Varghese
55 Muthukattil Shantidas
56 Nakkuzhikkattil Mathew
57 Nellikunel Francis
58 Oravaranthara Vincent
59 Ousepparampil Joseph
60 Padinjarayil Mathew
61 Painumkal George
62 Palakatt Augustine
63 Palath Joseph
64 Pallichankudiyil Mathai
65 Parackal Varghese
66 Parayil Sebastian (Sebi)
67 Periappuram Mathew
68 Pezhakkattil Francis
69 Pinakkatt Joseph
70 Poikayil Joseph
71 Ponthottiyil Thomas
72 Poovathinkal Peter
73 Pulinthanam Jose
74 Punakkatt Chandy

| | |
|---|---|
| 75 Punchayil Lucka | 90 Vadakkemulanjanal Michael |
| 76 Puthen Sebastian | 91 Vadassery Thomas |
| 77 Puthenpurackal Mathew | 92 Vadayaparambil Sony |
| 78 Puthukattil Mathew | 93 Valakodiyil Dominic |
| 79 Puthukulangara Thomas | 94 Valayathil Joseph |
| 80 Thattuparambil Varghese | 95 Valloppilly Joseph |
| 81 Thekkepera Mathew | 96 Vattukunnel Issac |
| 82 Thekkethil Abraham | 97 Vazhakkala Chackochan |
| 83 Therakam George | |
| 84 Thondiparambil Sebastian | |
| 85 Thuruthel Thomas | |
| 86 Thykunnumpuram Thomas | |
| 87 Unnippally Sebastian | |
| 88 Urumbil Joseph | |
| 89 Vadakkel Emmanuel | |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Jojo Kudakkachira the Director of Pastoral Centre. His Mobile No. 8589826522

**സുവർണ്ണജൂബിലി: വാർത്തകൾ**

സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് 2022 ജൂൺ 4 നു ദ്വാരകയിൽവെച്ച് ഫൊറോനാ വികാരിമാരുടെ ഒരു മീറ്റിംഗ് കൂടുകയും വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ പങ്കുവെക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

വിവിധ സബ്കമ്മിറ്റികളുടെ പ്രതിനിധികളുടെ ഒരു യോഗം 2022 ജൂൺ 11 നു ബിഷപ്സ് ഹൗസിൽ വെച്ച് ചേരുകയുണ്ടായി. വിവിധ കമ്മിറ്റികൾ സുവർണ്ണ ജൂബിലി വർഷത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം അവതരിപ്പിക്കുകയും ചെയ്തു.

ജൂൺ - ജൂലൈ മാസങ്ങളിലെ കർമ്മപരിപാടികൾ താഴെപ്പറയുന്നവയാണ്. എല്ലാ വികാരിയച്ചന്മാരും കർമ്മപരിപാടികൾക്ക് ഇടവകകളിൽ നേതൃത്വം കൊടുക്കാൻപ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**കർമ്മപദ്ധതികൾ (ജൂൺ-ജൂലൈ)**

**ഇടവകതലത്തിൽ അഖണ്ഡജപമാല ആരംഭിച്ചു**

ദ്വാരക ഫൊറോനയിൽ 2022 ജൂൺ 1 മുതൽ ജൂൺ 9 വരെയും, ജൂൺ 10 മുതൽ ജൂൺ 19 വരെ ചുങ്കക്കുന്ന് ഫൊറോനയിലും അഖണ്ഡ ജപമാല നടത്തി. ജൂൺ 20 മുതൽ ജൂലൈ 7വരെ മാനന്തവാടി ഫൊറോനയിൽ അഖണ്ഡജപമാല നടന്നുകൊണ്ടിരിക്കുന്നു.

**അഖണ്ഡജപമാല ജൂലൈ മാസത്തിൽ**

ജൂലൈ 8 മുതൽ 18 വരെ പയ്യമ്പള്ളി ഫൊറോനയിലും, ജൂലൈ 19 മുതൽ 30 വരെ കല്ലോടി ഫൊറോനയിലും, ജൂലൈ 31 മുതൽ ആഗസ്റ്റ് 9 വരെ തരിയോട് ഫൊറോനയിലും അഖണ്ഡജപമാല നടക്കുന്നു.

**സമർപ്പിത ഭവനങ്ങളിൽ അഖണ്ഡ ആരാധന ആരംഭിച്ചു**

തിരുഹൃദയ സന്യാസിനി സഭയിൽ 2022 ജൂൺ 1ന് അഖണ്ഡ ആരാധന തുടങ്ങി. തുടർന്ന് രൂപതയിലെ വിവിധ സമർപ്പിത ഭവനങ്ങളിൽ അഖണ്ഡ ആരാധന തുടരുന്നതായിരിക്കും.

**ജൂലൈ മാസത്തിലെ പ്രവർത്തനങ്ങൾ**

1. ജൂലൈ 3 ന് 'ബൈബിൾ മാരത്തോൺ' എന്ന പേരിൽ അഖണ്ഡബൈബിൾ പാരായണം, പഠനം (വ്യക്തികൾ-കുടുംബ

ങ്ങൾ) ആരംഭിക്കുന്നു. വായിക്കാനുള്ള ബൈബിൾ ഭാഗങ്ങളും കിസ്സ് മത്സരത്തിൽ പങ്കെടുക്കേണ്ടവർക്കു രജിസ്റ്റർ ചെയ്യാനുള്ള QR കോഡും ജൂബിലി പ്രാർത്ഥനാകാർഡിന്റെ മറുപുറത്ത് കൊടുത്തിട്ടുണ്ട്.

2. ജൂലൈ 1 മുതൽ സിയോൻ ധ്യാനകേന്ദ്രത്തിൽ, വിവിധ സമർപ്പിത സഭകളുടെ സഹകരണത്തോടെ സ്പിരിചൽ ഷെയറിങ് ആരംഭിക്കുന്നു. ദിവസങ്ങൾ, സമയം, കോൺടാക്റ്റ് നമ്പർ എന്നിവ പൊതുവായി അറിയിക്കുന്നതാണ്.

3. വിവിധ സമർപ്പിത സഭകളുടെ സഹകരണത്തോടെ ക്രിസ്റ്റീൻ ധ്യാനത്തിനുള്ള ടീമുകൾ ജൂലൈ മാസം മുതൽ ക്രമീകരിക്കുന്നു. അതോടൊപ്പം ഇടവകകളിൽ One Day കൺവെൻഷൻ പ്രോഗ്രാമിനുള്ള ടീമിനെയും ജൂലൈ മാസത്തിൽ സജ്ജമാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബഹു. സോണി വാഴകാട്ട് അച്ചനെ ബന്ധപ്പെടുക. ഫാ. സോണി വാഴകാട്ട് – (9496470462), ഫാ. പ്രിൻസ് തെക്കേതിൽ – 9745624980)

4. ഒക്ടോബറിൽ ആരംഭിക്കുന്ന തിരുസ്വരൂപപ്രയാണത്തിന് ഒരുക്കങ്ങൾ നടത്തുക

5. എല്ലാ ഫൊറോന പള്ളികളിലും മറ്റ് പ്രധാനപ്പെട്ട വലിയ പള്ളികളിലും ജൂബിലി കട്ടൗട്ടറുകൾ സ്ഥാപിക്കുക.

6. എല്ലാ ഇടവക പള്ളികളിലും ജൂബിലി മരം നടുക

7. പള്ളിയോടനുബന്ധിച്ച് ഉള്ള എല്ലാ ടൗണുകളും ഗ്രീൻ സിറ്റി ആക്കുക

8. Help Desk ആരംഭിക്കുക

9. AA ഗ്രൂപ്പുകൾ തുടങ്ങുക

## New appointment:

### 1. മിഷൻ കോർഡിനേറ്റർ - ഫാ. ജോസഫ് നെടുങ്കല്ലേൽ

മാനന്തവാടി മൈനർ സെമിനാരി റെക്ടറായ ബഹു ജോസഫ് നെടുങ്കല്ലേൽ അച്ചനെ പ്രസ്തുത തസ്തികയോടൊപ്പം രൂപതയുടെ മിഷൻ കോർഡിനേറ്ററായി അഭിവന്ദ്യ പിതാവ് നിയമിച്ചു. ഫരീദാബാദ് രൂപതയിലെ പഞ്ചാബ് മിഷനുമായി ബന്ധപ്പെട്ട്, മിഷൻ പ്രദേശത്തുള്ള നമ്മുടെ വൈദികരുമായി ബന്ധപ്പെടാനും, മിഷൻ പ്രോഗ്രാമുകൾ ക്രമീകരിക്കാനും, മിഷൻ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നേതൃത്വം കൊടുക്കുന്നതിനും മറ്റുമാണ് ഈ നിയമനം. അച്ചന്റെ ദൗത്യ നിർവഹണം വിജയകരമായി നടത്താൻ ഏവരുടേയും സഹായ സഹകരണം പ്രതീക്ഷിക്കുന്നു. പുതിയ ഈ ദൗത്യത്തിൽ അച്ചന് ദൈവാനുഗ്രഹവും വിജയവും നേരുന്നു.

2. Fr Sebastian Parayil
(Sebi)- Assistant Vicar, Cherukattoor

## New Address:

1. Fr Augustine Puthenpura
370 S Section Street, Fairhope, Al
36532
USA
2. Fr Alex Kalappura
1720 NW 19th Street
Redmond, Oregon 97756-0271
USA
3. Fr Devasia Madathiparambil
St George Forane Basilica
Angamaly – 683 572
Ernakulam
Kerala

4. Fr Joseph Elemkunnel
St John Paul Mission Centre
Thekkumpalayam P.O
Periyanaikenpalayam
Coimbatore- 641 020

5. Fr Paul Kalarickal
Upasana, St Camillus Study House
Banglore- 560 029

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ സെമിനാരിയിലെ നവാഗതകർക്ക് സ്വാഗതം**

| നമ്പർ | പേരും വീട്ടുപേരും | ഇടവക |
|---|---|---|
| 1. | ഞൊണ്ടൻമാക്കൽ അലക്സ് (സിയോ) | സീതാമൗണ്ട് |
| 2. | വടക്കേഓലിക്കൽ ജോസഫ് (നവീൻ) | വാഴവറ്റ |
| 3. | പെരുമാട്ടിക്കുന്നേൽ അഗസ്റ്റ്യൻ (ജെസ്ഫിൻ) | അടയ്ക്കാത്തോട് |
| 4. | പുതുപ്പറമ്പിൽ ജോസഫ് ( സാവിയോ) | തലഞ്ഞി |
| 5. | കിഴക്കേക്കോട്ടിൽ ജോസഫ് (ഡെറിൻ) | നിലമ്പൂർ |
| 6. | കാച്ചാംകോടത്ത് കുഞ്ചെറിയ (എമിൽ) | മണിമൂളി |
| 7. | കൂട്ടുങ്കൽ ജോൺ (അജിൻ) | കരിമ്പിൽ |
| 8. | വെള്ളാപ്പാനിയിൽ ജോസഫ് (ആൽബിൻ) | പാടിച്ചിറ |
| 9. | പുതുപ്പള്ളിൽ അഗസ്റ്റ്യൻ (ആൽബിൻ) | മണിമൂളി |
| 10. | വടക്കേപറയൻതടത്തിൽ പോൾ (സെൻജോ) | കരിമ്പിൽ |
| 11. | പയ്യപ്പിള്ളി ആന്റണി (ആൽഫ്രഡ്) | പാടിച്ചിറ |
| 12. | തടത്തിൽ പോൾസൺ (അഭിഷിക്ത്) | എടയൂർക്കുന്ന് |
| 13. | വടക്കൻ സെബാസ്റ്റ്യൻ (എബിൻ) | പനമരം |
| 14. | പാറപ്പുറത്ത് ജോസഫ് (അഞ്ചൽ) | മൂലേപ്പാടം |
| 15. | കാശ്ശാംകുറ്റിയിൽ ജോസഫ് (അഭിജിത്ത്) | പാടിച്ചിറ |
| 16. | പൂങ്കൊമ്പിൽ തോമസ് (അമൽ) | തൃക്കൈപ്പറ്റ |

കുട്ടികളെ മൈനർ സെമിനാരിയിലേയ്ക്ക് ഒരുക്കി പഠഞ്ഞയച്ച എല്ലാ പ്രിയ ബഹുമാനപ്പെട്ട വൈദികർക്കും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി. തുടർന്നും ദൈവവിളി പ്രോത്സാഹനത്തിനായി നിങ്ങൾ എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. സജി നെടുങ്കല്ലേൽ**
റെക്ടർ

**നിലമ്പൂർ ഫൊറോന**

നിലമ്പൂർ ഫൊറോനയിലെ ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം ജൂൺ 6 ചൊവ്വാഴ്ച, റൂബിനഗർ സെന്റ് ജൂഡ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി ബഹുമാനപ്പെട്ട ബിജു തുരുത്തേൽ അച്ചന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട യോഗത്തിൽ, നിലമ്പൂർ ഫൊറോനയിലേക്ക് പുതുതായി കടന്നുവന്ന ഫാ. അഗസ്റ്റിൻ നിലക്കപ്പിള്ളി (പൂളപ്പാടം), ഫാ. ഷിജു ഐക്കരകാനായിൽ (തേൾപ്പാറ), ഫാ. നിഷ്‌വിൻ തേൻപള്ളിൽ ( മുട്ടിയേൽ), ഫാ. ഡെയ്സൺ വെട്ടിയാടൻ (VC) എന്നിവരെ സ്വാഗതം ചെയ്തു.

രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവക, ഫൊറോനാ തലങ്ങളിൽ, ജൂൺ, ജൂലൈ മാസങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി തീരുമാനമെടുത്തു. AKCC യുടെ ഡയറക്ടർ ആയി ഫാ. ഷിജു ഐക്കരകാനായിലിനെയും, കെ.സി.വൈ.എം ഡയറക്ടർ ആയി ഫാദർ നിഷിൻ തേൻപള്ളിയേയും, പുതുതായി തിരഞ്ഞെടുത്തു. മാസധ്യാനത്തിന് ആതിഥേയത്വം വഹിച്ച അനീഷ് കാട്ടാത്ത് അച്ചനും, ധ്യാനചിന്തകൾ പങ്കുവെച്ച ആന്റോ കുഴിമണ്ണിൽ (S.J) അച്ചനും നന്ദി പറഞ്ഞുകൊണ്ടു യോഗം അവസാനിച്ചു.

**ഫാ. അഖിൽ ഉപ്പുവീട്ടിൽ**
സെക്രട്ടറി

**മണിമൂളി ഫൊറോന**

മണിമൂളി ഫൊറോനയിലെ ജൂൺ മാസത്തിലെ മാസധ്യാനം നരിവാലമുണ്ട സെന്റ് ജോസഫ്സ് ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു. ഇടവക വികാരി ബഹു. ബിജു ഉറുമ്പിൽ അച്ചൻ ഏവരേയും ധ്യാനത്തിലേക്ക് സ്വാഗതം ചെയ്തു. മുപ്പിനി മലങ്കര കത്തോലിക്കാ പള്ളി വികാരി റവ. ഫാ. തോമസ് ക്രിസ്തുമന്ദിരം ധ്യാനചിന്തകൾ പങ്കുവക്കുകയും കുമ്പസാരം നടത്തുകയും ചെയ്തു. ആരാധനയ്ക്ക് ബഹു. ജിന്റോ തട്ടുപറമ്പിൽ അച്ചൻ നേതൃത്വം നൽകി. തുടർന്ന് പെരി. ബഹു. തോമസ് മണക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ ഫൊറോനയിലെ അച്ചന്മാരുടെ യോഗം ചേർന്നു. രൂപതാ

ജൂബിലിയുമായി ബന്ധപ്പെട്ട് ഇടവകകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് അച്ചൻ വിശദീകരിച്ചു. ഫൊറോനയിലെ എല്ലാ ഇടവകകളിലും യഥാസമയം ജൂബിലി ഉദ്ഘാടനം നടത്തിയ അച്ചന്മാരെ അഭിനന്ദിച്ചു ഇതിനോടകം ഫൊറോനയിലെ എല്ലാ ഇടവകകളിലും ഇടവക ധ്യാനവും അവധിക്കാലത്ത് കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനവും നടത്തിയതായി അച്ചന്മാർ അറിയിച്ചു. ജൂബിലി ഭവനനിർമ്മാണപദ്ധതി ഭൂരിഭാഗം ഇടവകയിലും പൂർത്തിയാക്കുകയും താക്കോൽ ദാനം നിർവഹിക്കുകയും ചെയ്തു. മറ്റ് ഇടവകകളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രൂപതാ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായിതിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലും ഭവനങ്ങളിലും തിരുഹൃദയ പ്രതിഷ്ഠ നടത്തണമെന്നും ബൈബിൾ വായനാപഠനത്തിൽ ഇടവകയിലെ എല്ലാ വ്യക്തികളേയും പങ്കെടുപ്പിക്കണമെന്നും ഒക്ടോബറിൽ ആരംഭിക്കുന്ന തിരുസ്വരൂപപ്രയാണത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്നും ഫൊറോന പള്ളികളിലും മറ്റ് വലിയ പള്ളികളിലും ജൂബിലി കട്ടൗട്ടറുകൾ സ്ഥാപിക്കണമെന്നും എല്ലാ ഇടവക പള്ളികളിലും ജൂബിലിമരം നടണമെന്നും പള്ളിയോടനുബന്ധിച്ച് ഉള്ള എല്ലാ ടൗണുകളും ഗ്രീൻ ക്ലീൻസിറ്റി ആക്കണമെന്നും അഖണ്ഡ ജപമാല നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ നടത്തണമെന്നും അച്ചൻ എല്ലാവരേയും ഓർമ്മപ്പെടുത്തി. തുടർന്ന് സംഘടനാ ഡയറക്ടർമാർ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ച് സംസാരിച്ചു. പ്രസ്ബിറ്ററൽ കൗൺസിലിലേക്ക് നമ്മുടെ ഫൊറോനയിൽ നിന്ന് ബഹു. സജി കോട്ടായിൽ അച്ചനെ നിയോഗിച്ചു. രൂപതാ ജൂബിലിയുടെ ഭാഗമായി നിലമ്പൂർമണിമൂളി മേഖലകളിൽ നാലും അതിൽ കൂടുതലും കുട്ടികളുള്ളകുടുംബാംഗങ്ങളുടെ ഒരു സംഗമം നടത്താൻ തീരുമാനിച്ചു. അവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുന്നതിനായി ഓരോ ഇടവകയിലും നാലും അതിൽ കൂടുതലും കുട്ടികളുള്ള കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു. ബഹു. സെബാസ്റ്റ്യൻ എലവനപ്പാറ അച്ചൻ എല്ലാവർക്കും നന്ദി അറിയിച്ചു. മാസധ്യാനം മനോഹരമായി ക്രമീകരിച്ച ബിജു അച്ചനും, നരിവാലമുണ്ട ഇടവകയിലെ കൈക്കാരന്മാർക്കും ഇടവക ജനത്തിനും പ്രത്യേകം നന്ദി.

**ഫാ. ആൽബിൻ വളയത്തിൽ**
സെക്രട്ടറി

## മതബോധനരംഗം

**പ്രിയപ്പെട്ടവരേ,**

എല്ലാ ഇടവകകളിലും വിശ്വാസപരിശീലന ക്ലാസ്സുകൾ നന്നായി ആരംഭിച്ചു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്.

'വിശ്വാസത്തിന്റെയും കത്തോലിക്കാ പ്രബോധനത്തിന്റെയും സത്യസന്ധവും ക്രമീകൃതവുമായ സന്ദേശം നവോന്മേഷത്തോടെ നൽകുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുവാൻ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് കഴിയും' എന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. സഭയുടെ ഈ വർഷത്തെ വിശ്വാസപരിശീലനം എന്ന ശ്രേഷ്ഠമായ പ്രവർത്തനങ്ങൾക്ക് ദൈവാനുഗ്രഹം നേരുന്നു.

കഴിഞ്ഞ വർഷത്തിൽ മതബോധനരംഗത്ത് സേവനം ചെയ്ത, പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചേഴ്സ്, മറ്റെല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നത വിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ തുടങ്ങിയ കാരണങ്ങളാൽ താത്ക്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്തുനിന്നു മാറിയിട്ടുള്ളവരുണ്ട്. അവരോടുള്ള രൂപതയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

പുതുതായി രംഗത്തേക്ക് കടന്നുവന്ന ഹെഡ്മാസ്റ്റേഴ്സിനേയും അധ്യാപകരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**HCC I & HCC II Online Registration ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

HCC I & HCC II Registration കഴിഞ്ഞ വർഷത്തെപോലെ തന്നെ Online ആയിട്ടാണ് ചെയ്യേണ്ടത്.

1. https://catechismmdy.in/panel ഓപ്പൺ ചെയ്യുക
2. Application ക്ലിക് ചെയ്യുക.
3. HCC 1, HCC 2 Open കൊടുക്കുക
4. Open കൊടുത്തു കഴിയുമ്പോൾ കാണുന്ന enter ബട്ടൺ

ക്ലിക്ക് ചെയ്ത്, apply HCC 1/Apply HCC 2 കൊടുക്കുക.

5. അപ്പോൾ കാണുന്ന വിൻഡോയിൽ നിലനിൽക്കുന്ന ഡേറ്റ കൃത്യമാണെന്ന് ഉറപ്പുവരുത്തി സബ്മിറ്റ് ചെയ്യുക.

6. അതിനുശേഷം കാണുന്ന വ്യൂ ആപ്ലിക്കേഷനിൽ എഡിറ്റ് ചെയ്യാനുള്ള ഓപ്ഷൻ ഉണ്ട്.

7. രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷം മതബോധന കേന്ദ്രത്തിൽനിന്ന് രജിസ്റ്റർ നമ്പർ മാറ്റി ചെയ്തതിനുശേഷം മാത്രമേ പ്രിന്റ് എടുക്കാവൂ എന്ന് ഓർമ്മപ്പെടുത്തുന്നു.

8. രജിസ്ട്രേഷനുശേഷം Print out എടുത്ത് വികാരിയച്ചനും ഹെഡ്മാസ്റ്ററും കുട്ടികളും അപേക്ഷ ഫോമിലും ഹാൾ ടിക്കറ്റിലും Sign ചെയ്ത് (മാതാപിതാക്കളുടെ ഒപ്പ് നിർബന്ധമില്ല) രജിസ്ട്രേഷൻ ഫീസിനൊപ്പം രൂപതാ ഓഫീസിൽ July 15 നുമുമ്പ് എത്തിക്കുക. രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്. രൂപതാ ഓഫീസിൽ നേരിട്ട് എത്തിക്കാൻ സാധിക്കാത്തവർ രജിസ്ട്രേഷൻ ഫോം ഓഫീസിലേക്ക് കൊറിയർ ചെയ്ത് താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. HCC I & HCC II Registration രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി. July 15 ആണ്.

Account details:
Catechetical Centre
A/C No. : 00630215279219001
The Catholic Syrian Bank
Mananthavady Branch
IFS CODE: CSBK0000063
Fees : HCC – 200

**പ്രൈവറ്റ് രജിസ്ട്രേഷൻ**

പത്താംക്ലാസ് പഠനത്തിനു ശേഷം ഒരു വിഭാഗം 11,12 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനത്തിന് എത്താതെ എൻട്രൻസ് കോച്ചിംഗിനോ, തത്തുല്യമായ മറ്റു കോഴ്സുകൾക്കോ പോകുന്നതായി കാണുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള അവരുടെ അവസരം നിഷേധിക്കാതെ, വിശ്വാസ പരിശീലനത്തിന്റെ മുഖ്യധാരയുമായി അവരെ കൂട്ടിച്ചേർത്തുള്ള നിർദ്ദേശങ്ങൾ ഒരു അനിവാര്യതയാണ്. ഈ

വിഭാഗത്തിൽപെടുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന HCC പരീക്ഷയ്ക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്തുന്നവർക്കുള്ള contact ക്ലാസ്സുകൾ നടത്തേണ്ട ചുമതല അതാത് ഇടവകകൾക്ക് ആയിരിക്കും.

2. ഞായറാഴ്ച രാവിലെ മാതൃ ഇടവകയിൽ കുർബാനയിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വിശുദ്ധകുർബാനക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.

3. വികാരിയച്ചന്റെ സാക്ഷ്യപത്രം നൽകുന്നവർക്കേ Private Registration അനുവദിക്കുകയുള്ളൂ. (കുട്ടികൾ എൻട്രൻസ് പരിശീലനമോ / മറ്റ് കോഴ്സുകളിലോ പങ്കെടുക്കുന്നുണ്ട് എന്നുള്ള വിവരങ്ങൾ)

4. കുട്ടികളുടെ സംശയ നിവാരണത്തിനുള്ള സാഹചര്യം ഇടവകകൾ ഒരുക്കണം.

5. വർഷിക പരീക്ഷ ഫെബ്രുവരി മാസത്തിൽ എല്ലാവരുടെയും കൂടെ തന്നെ എഴുതണം. അവർക്കുള്ള പരീക്ഷാകേന്ദ്രം ദ്വാരക പാസ്റ്ററൽ സെന്റർ, മണിമൂളി പാസ്റ്റർ സെന്റർ എന്നിവിടങ്ങൾ ആയിരിക്കും.

രൂപതയ്ക്ക് പുറത്ത് പരിശീലനത്തിനായി പോകുന്നവർക്ക് രൂപതാകേന്ദ്രത്തിൽനിന്ന് അസൈൻമെന്റ് നൽകുന്നതായിരിക്കും. അത് പൂർത്തിയാക്കി ജനുവരി 30 ന് മുമ്പ് തിരികെ നൽകിയിരിക്കണം.

6. ഈ സംവിധാനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപത റാങ്കിന് പരിഗണിക്കുന്നതല്ല.

7. രൂപതാ കേന്ദ്രത്തിൽ നിന്ന് തന്നിരിക്കുന്ന നിശ്ചിത പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കുട്ടിക്ക് പരീക്ഷ എഴുതാൻ യോഗ്യതയുണ്ടോ എന്ന് നിർണയിക്കുന്നത് മതബോധന കേന്ദ്രമായിരിക്കും.

8. രജിസ്ട്രേഷൻ ഫീസ് Rs.1500 ആയിരിക്കും.

9. റെഗുലർ സ്റ്റുഡൻസിന്റെ രജിസ്ട്രേഷൻ സമയത്ത് തന്നെ ഇടവകകളിൽ ഈ കുട്ടികൾക്കും രജിസ്ട്രേഷൻ നടത്താവുന്നതാണ്.

10. റെഗുലർ സ്റ്റുഡൻസിന്റെ ആപ്ലിക്കേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ഓഫീസിൽ എത്തിക്കുന്ന സമയത്തുതന്നെ പ്രൈവറ്റ് രജിസ്ട്രേഷന് ചെയ്യുന്ന കുട്ടികളുടെയും പ്രിന്റ് ഔട്ട് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്

11. ഈ കുട്ടികളുടെ വാട്സ്ആപ്പ് നമ്പർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**വെബിനാർ**

സിറോ മലബാർ മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജൂൺ 13 മുതൽ 23 വരെയുള്ള തിയ്യതികളിൽ 'ലിറ്റർജി'എന്ന വിഷയത്തെ ആസ്പദമാക്കി രാത്രി 8.30 മുതൽ 9.30 വരെ വെബിനാർ നടന്നു. zoom പ്ലാറ്റ് ഫോംമിലൂടെയും, യൂട്യൂബിലൂടെയും നിരവധിപേർ പങ്കെടുത്തു. ക്ലാസ്സിൽ പങ്കെടുത്ത് assignment സബ്മിറ്റ് ചെയ്യുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. അതിനായി എല്ലാ ദിവസത്തെയും ക്ലാസ്സിന്റെ summary ഉൾപ്പെടുത്തി (പതിനൊന്നു പേജിൽ കുറയാതെ, 15 പേജിൽ കവിയാതെ) എഴുതി ജൂലൈ 15 ന് മുൻപ് രൂപത മതബോധന ഓഫീസിൽ നേരിട്ട് ഏൽപ്പിക്കുകയോ, പോസ്റ്റ് വഴി അയച്ച് എത്തിക്കുകയോ ചെയ്യേണ്ടതാണ്. ജൂലൈ 15 ന് ശേഷം വരുന്ന assignments പരിഗണിക്കുന്നതല്ല. അയക്കേണ്ട അഡ്രസ്

Catechetical Centre
Diocese of Mananthavady
Pastoral Centre
Dwaraka
Nalloornad (PO)
Mananthavady, Waynad (Dt)
670 645

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ മതബോധനത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ. ഫാ. ജോണി കുന്നത്ത് (ദ്വാരക), ഫാ. ജിമ്മി മൂലയിൽ (നടവയൽ), ഫാ. അഗസ്റ്റിൻ പുത്തൻപുര (തരിയോട്), ഫാ. ഷാജു മുളവേലിക്കുന്നേൽ (പയ്യമ്പള്ളി എന്നീ വൈദികർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ മേഖലാ ഡയറക്ടേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. ലാൽ പൈനുങ്കൽ (ദ്വാരക), ഫാ. ജോഷി പുൽപ്പയിൽ (നടവയൽ), ഫാ. സിബി ചേലക്കപ്പള്ളി (പയ്യമ്പള്ളി), ഫാ. ജോൺ പുതുക്കുളത്തിൽ (തരിയോട്) എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**ദുക്റാന തിരുനാൾ**

വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികമാണല്ലോ. ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹാ പ്രേക്ഷിത പ്രവർത്തനത്തെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമാക്കി കൊടുക്കുകയും ശ്ലീഹായുടെ മാധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യാം.

**ക്ലാസ് ട്രെയിനിംഗ്, ആമുഖ സെമിനാർ**

ആമുഖ സെമിനാറിനോടൊപ്പം ജൂൺ പന്ത്രണ്ടാം തീയതി നടക്കേണ്ടിയിരുന്ന ക്ലാസ് ട്രെയിനിംഗ് റീജിയണൽ തലത്തിൽ നടത്തപ്പെടുന്നതാണ്. ദ്വാരക മണിമൂളി എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെട്ട ആമുഖ സെമിനാറിൽ 150 ഓളം അധ്യാപകർ പങ്കെടുത്തു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ടീച്ചേഴ്സിന് ജൂലൈ 9-ാം തീയതി ചുങ്കക്കുന്ന് ഫൊറോനയിൽ വച്ച് രാവിലെ 9. 30 മുതൽ വൈകുന്നേരം 4. 30 വരെ സെമിനാർ നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ നടത്തിയവരെല്ലാം സെമിനാറിൽ സംബന്ധിക്കുമല്ലോ.

**സർവ്വേ ഫോറം**

മുഴുവൻ ഇടവകകളും 2022-23 വർഷത്തെ സർവ്വേ ഫോം കാറ്റിക്കിസത്തിന്റെ സൈറ്റിൽ ഓൺലൈനായി ചെയ്ത് പ്രിന്റൗട്ട് രൂപത മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സർവ്വേ ഫോം പൂർത്തിയാക്കി അതിന്റെ ഒരു കോപ്പി ഇടവകയിലും സൂക്ഷിക്കേണ്ടതാണ്. ഫോം ഫിൽ ചെയ്യുമ്പോൾ ഡാറ്റാ എൻട്രികളെല്ലാം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേകിച്ച്, ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം കളക്ട് ചെയ്ത് എന്റർ ചെയ്യുമ്പോൾ തെറ്റാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ഇടവകകളിൽ നിന്നും സർവ്വേ ഫോമിൽ എൻട്രി ചെയ്യുന്ന കുട്ടികളുടെ എണ്ണമനുസരിച്ചായിരിക്കും പരീക്ഷകൾക്കാവശ്യമായ question papers നിങ്ങൾക്ക് ലഭിക്കുക.

അതുകൊണ്ട്, ഈ കാര്യത്തിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കണേ.

നമ്മുടെ വെബ്സൈറ്റ് (hvttps://catechismmdy.in/) യൂസർനെയിം & പാസ്‌വേർഡ് അടിച്ച് ലോഗിൻ ചെയ്തു കഴിയുമ്പോൾ കാണുന്ന ഇന്റർഫെസിൽ തന്നെയാണ് സർവ്വേ ഫോം കംപ്ലീറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷനായ catechisminfo ഉള്ളത് അതിൽ ക്ലിക്ക് ചെയ്ത് എഡിറ്റ് ചെയ്യാനുള്ളവ എഡിറ്റ് ചെയ്തും, പൂർത്തിയാക്കേണ്ടവ പൂർത്തിയാക്കുകയും ചെയ്യുമല്ലോ. അതിനു ശേഷം view report ക്ലിക്ക് ചെയ്ത് ഒരു പേജിൽ പ്രിന്റ് എടുക്കുക എടുത്തതിനു ശേഷം വികാരിയച്ചനും, ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രെസ് ഒപ്പുവയ്ക്കുകയും, സീൽ വയ്ക്കുകയും ചെയ്യേണ്ടതാണ്.

പ്രിന്റൗട്ട് നേരിട്ട് ഓഫിസിൽ എത്തിക്കുകയോ, പോസ്റ്റ് വഴി അയച്ച് എത്തിക്കുകയോ ചെയ്യേണ്ടതാണ്. പറഞ്ഞിരിക്കുന്ന തിയതിക്കുള്ളിൽ സർവ്വേ ഫോം കംപ്ലീറ്റ് ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

‘ജൂബിലാത്തെ’ പുതിയ കർമ്മ പദ്ധതിയുമായി പുതിയ പ്രവർത്തന വർഷത്തിന് നാം തുടക്കം കുറിച്ചിരിക്കുന്നു. 2022-23 ജൂബിലികളുടെ ആഘോഷത്തിന്റെ വർഷമാണ്. മാനന്തവാടി രൂപത സുവർണ്ണ ജൂബിലി, ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി, മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം, വിശുദ്ധ കൊച്ചുത്രേസ്യയുടെ 150-ാം ജന്മ വാർഷികം. ജൂബിലാത്തെ (സങ്കി 100:1) ദൈവത്തിൽ ആനന്ദിച്ചുകൊണ്ട്, നന്ദി പറഞ്ഞ് ഈ ജൂബിലി വർഷം നമുക്ക് ആചരിക്കാം.

ജൂലൈ മൂന്നിന് മാർ തോമാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ സ്മരണ കൊണ്ടാടുമ്പോൾ ‘എന്റെ കർത്താവേ എന്റെ ദൈവമേ’ എന്നു പ്രഘോഷിച്ചു കൊണ്ട് താൻ അനുഭവിച്ചറിഞ്ഞ ക്രിസ്തു സ്നേഹത്തിന്റെ ആഴം ഭാരത മക്കൾക്ക് പകർന്നുതന്ന ധീര പ്രേക്ഷിതനും നമ്മുടെ പിതാവുമായ മാർത്തോമാശ്ലീഹായുടെ മാതൃകയും പാതയും നമുക്ക് പിന്തുടരാം. സാഹചര്യം പ്രതികൂലമാണെങ്കിലും അല്ലെങ്കിലും ‘യേശു ഏക രക്ഷകൻ’ എന്ന് പ്രഘോഷിക്കാൻ മാർത്തോമാശ്ലീഹായുടെ ഓർമ്മത്തിരുന്നാൾ നമ്മെ പ്രചോദിപ്പിക്കട്ടെ. തോമാശ്ലീഹായുടെ ദുക്റാന നമ്മുടെ സഭാ ദിനം കൂടിയാണ്. ഓരോ മിഷൻ ലീഗ് അംഗത്തിനും പ്രവർത്തനങ്ങൾക്കൊപ്പം സഭയെ കൂടുതൽ അറിയാൻ, സ്നേഹിക്കാൻ, സഭയോടൊത്തു ചരിക്കാൻ സാധിക്കട്ടെ. ഏവർക്കും മാർ തോമാശ്ലീഹായുടെ 1950-ാം ഓർമ്മ തിരുന്നാളിന്റെയും, സഭാ ദിനത്തിന്റെയും, ഉപമധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെയും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം

**ഫാ. മനോജ് അമ്പലത്തിങ്കൽ**

മിഷൻ പ്രയർബാങ്ക്: പഞ്ചാബ് മിഷൻ

**മികച്ച ശാഖകൾ, മേഖലകൾ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ 2021–22 പ്രവർത്തന വർഷത്തിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച മേഖലകളായി നടവയൽ, കല്ലോടി , ചുങ്കക്കുന്ന് എന്നീ മേഖലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്കും, ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച ശാഖകളായി കല്ലോടി, നടവയൽ, ചാരിറ്റി ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്കും അർഹരായി. കൂടാതെ അമ്പായത്തോട്, മീനങ്ങാടി, കുന്നലാടി, മരകാവ്, ചെന്നലോട്, കണിയാരം, തോണിച്ചാൽ, തൃശ്ശിലേരി എന്നീ ശാഖകൾ പ്രോത്സാഹന സമ്മാനത്തിനും അർഹരായി. വിജയത്തിനു പിന്നിൽ പ്രയക്നിച്ച ശാഖ, മേഖല തലങ്ങളിലുള്ള എല്ലാ വൈദീകർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ

**ദേശീയ കൗൺസിൽ**

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് തോമസിൽ വച്ച് 28/5/22 ന് നടന്ന ചെറുപുഷ്പ മിഷൻ ലീഗ് ദേശീയ കൗൺസിലിൽ മാനന്തവാടി രൂപതയിൽ നിന്നും 15 എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ഒരു തൈ നടാം**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ വിവിധ ശാഖകളിൽ നിന്നായി നൂറു കണക്കിനു കുഞ്ഞു മിഷനറിമാർ നല്ല നാളയെ മനസ്സിൽ കണ്ട് ഫലവൃക്ഷ തൈകളും തണൽ മരങ്ങളും നട്ട് നല്ല മാതൃകയായി.

**'ജൂബിലാത്തെ' രൂപതാകൗൺസിൽ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ 2022–23 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും ജൂൺ 11 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 'ജുബിലാത്തെ' എന്ന പേരിൽ നടത്തപ്പെട്ടു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചൻ വലിയകൊല്ലി ശാഖയിലെ ബീന – ജോണി ദമ്പതികളുടെ 7 മക്കളിൽ 4–ാം മത്തെ മകളായ ജിബിന ജോണിന് തിരിതെളിച്ച് നൽകികൊണ്ട് പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. അതേതുടർന്ന് പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോജോ

കുടക്കച്ചിറ കഴിഞ്ഞ പ്രവർത്തന വർഷത്തിലെ ബെസ്റ്റ് ശാഖയായ കല്ലോടി ശാഖാ പ്രസിഡന്റ് ശ്രീ. ഡാനിഷ് തെക്കനാലിന് മാർഗ രേഖ നൽകികൊണ്ട് മാർഗരേഖ പ്രകാശനം നടത്തി. അന്നേദിനം 2022-25 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട രൂപത ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു.

**Motivational Training Seminar**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ വിവിധ ശാഖകളിൽ നിന്നായി അറുന്നൂറിലേറെ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്ത കൗൺസിലിൽ കുഞ്ഞുമിഷനറിമാർക്കായ് Motivational Training Seminar സങ്കടിപ്പിച്ചു. ഫാ. ബിനു സ്കറിയ എസ്.ഡി.ബി ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**റീജിയണൽ കൗൺസിൽ**

ജൂൺ 12 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയണൽ പ്രവർത്തനവർഷ ഉദ്ഘാടനവും സെമിനാറും നടത്തി. മിഷൻ ലീഗ് സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ഉദ്ഘാടനം നിർവഹിച്ചു. യോഗത്തിൽ . ഫാ. ബിനു സ്കറിയ എസ്.ഡി.ബി സെമിനാറിനു നേതൃത്വം നൽകി. ഇരുന്നൂറിലേറെ പേർ കൗൺസിലിൽ പങ്കെടുത്തു.

**സൗഹൃദ സന്ദർശനം**

ഫാ. മനോജ് അമ്പലത്തിങ്കലിന്റെ നേതൃത്വത്തിലുള്ള പുതിയ രൂപതാ ടീം ജൂൺ 12 ഞായറാഴ്ച പാതിരിപ്പാടം ശാഖ സന്ദർശിച്ചു. ദിവ്യബലി മധ്യേ ദൈവം സ്നേഹിക്കുന്നവരാണ് ഓരോ മിഷൻ ലീഗ് അംഗവും എന്നതിൽ അഭിമാനം കൊള്ളണമെന്ന സന്ദേശം മനോജച്ചൻ ശാഖാംഗങ്ങൾക്കു നൽകി. ഹൃദ്യമായ സ്വീകരണം നൽകിയ ശാഖാ ഡയറക്ടർ ബിജോയ് അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി.

**മലയോര ജനതയ്ക്കൊപ്പം**

ബഫർസോൺ പ്രഖ്യാപനത്തിനെതിരെ മാനന്തവാടി രൂപതാ കെ.സി.വൈ.എം സംഘടിപ്പിച്ച പ്രക്ഷോഭ റാലിക്കും പൊതു സമ്മേളനത്തിനും പൂർണ്ണ പിൻതുണ പ്രഖ്യാപിച്ചുകൊണ്ട് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയും റാലിയിലും സമ്മേളനത്തിലും പങ്കെടുത്തു. മിഷൻ ലീഗിന്റെ ശബ്ദമായി രൂപതാപ്രസിഡന്റ് ശ്രീ. ബിനീഷ് തുമ്പിയാംകുഴി സംസാരിച്ചു.

**Heavenly Stars**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് രൂപതയിൽനിന്നും മരിച്ചു പോയ വൈദികരുടെ ചരമവാർഷിക ദിനത്തിൽ അവരെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുന്നതിനും അവരുടെ ജീവിതത്തെപറ്റി ലഘുവായ വിവരണം വീഡിയോ രൂപത്തിൽ മറ്റുള്ളവർക്കു നൽകുന്നതിനുമായി ആരംഭിച്ച പ്രോഗ്രാമാണ് *Heavenly Stars*. ചെറുപുഷ്പ മിഷൻ ലീഗിനെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത് ഇന്ന് നിത്യതയിലായിരിക്കുന്ന എല്ലാ വന്ദ്യ വൈദികർക്കും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രണാമം.

**ജൂബിലി സമ്മാനം**

പ്ലാറ്റിനം ജൂബിലിയുടെ നിറവിലായിരിക്കുന്ന ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയ്ക്കു സമ്മാനമായി 160-ാമത് ഒരു ശാഖ കൂടി. ബത്തേരി മേഖലയിൽ ചീങ്ങവല്ലം ശാഖ. പുതിയ ശാഖയുടെ ഉദ്ഘാടനം രൂപത ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ നിർവഹിച്ചു. ഇടവക വികാരി ഫാ. പ്രതീഷ് കിഴക്കംപുതുപ്പള്ളി സ്വാഗതം ആശംസിച്ച യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ബിനീഷ് തുമ്പിയാംകുഴി അദ്ധ്യക്ഷത വഹിച്ചു. പുതിയതായി രൂപംകൊണ്ട ചീങ്ങവല്ലം ശാഖയിലെ അംഗങ്ങൾക്കും ശാഖ നേതൃത്വത്തിനും സി.എം.എൽ രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

**സ്വാഗതവും നന്ദിയും**

കഴിഞ്ഞ വർഷങ്ങളിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച് പുതിയ കർമ്മ മണ്ഡലങ്ങളിലേക്ക് കടന്നു പോയ ബത്തേരി, ചുങ്കകുന്ന്, കൽപ്പറ്റ, മാനന്തവാടി, നടവയൽ, പയ്യംമ്പള്ളി, തരിയോട് മേഖലകളിലെ ഡയറക്ടേഴ്സായിരുന്ന ഫാ. സിജു പുത്തൻപുരയിൽ, ഫാ. പ്രകാശ് വെട്ടിക്കൽ, ഫാ. തോമസ് കച്ചിറയിൽ, ഫാ. അനീഷ് കാട്ടാംകോട്ടിൽ, ഫാ. ജെറിൻ പൊയ്കയിൽ, ഫാ. ടോണി ഏലംകുന്നേൽ, ഫാ. തോമസ് വടാശ്ശേരി എന്നിവർക്കും, മുള്ളൻകൊല്ലി, മണിമൂളി, നീലഗിരി, നിലമ്പൂർ, കല്ലോടി, കൽപ്പറ്റ, ചുങ്കക്കുന്ന് എന്നീ മേഖലകളിലെ ജോ. ഡയറക്ടേഴ്സായിരുന്ന സി.ജസ്ന , സി. ജാൻസി, സി. ഫൗസ്റ്റ, സി. ലിനി, സി. ക്രിസ്റ്റി, സി. സോണിയ എന്നിവർക്കും രൂപതാ കുടുംബത്തിന്റെ നന്ദി. പുതിയ പ്രവർത്തന വീഥികളിൽ എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

ബത്തേരി, ചുങ്കക്കുന്ന്, കൽപ്പറ്റ, മാനന്തവാടി, നടവയൽ, പയ്യംപള്ളി, തരിയോട് എന്നീ മേഖലകളിൽ ഡയറക്ടേഴ്സായി കടന്നുവന്നിരിക്കുന്ന ഫാ. അനീഷ് കാട്ടാംകോട്ടിൽ, ഫാ. റിജോസ് അരുമായിൽ, ഫാ. ജിതിൻ എടച്ചിലാത്ത്, ഫാ. സജി എളയിടത്ത്, ഫാ. ജോമോൻ കളപറമ്പത്ത്, ഫാ. പോൾ എടയകൊണ്ടാട്ട്, മുള്ളൻ കൊല്ലി അസി. ഡയറക്ടർ ഫാ. നിധിൻ ആലക്കാത്തടത്തിൽ എന്നിവർക്കും ദ്വാരക, കല്ലോടി, കൽപ്പറ്റ, മുള്ളൻകൊല്ലി, മണിമൂളി, നിലമ്പൂർ, നീലഗിരി എന്നീ മേഖലകളിലേക്ക് ജോ. ഡയറക്ടേഴ്സായി കടന്നുവന്നിരിക്കുന്ന സി. ബെറ്റി, സി. ലിസ , സി. യാൻസി, സി. ഷിജി, സി. റ്റെസി, സി. മെറീന, സി. ഡാനിയ എന്നിവർക്കും രൂപത കുടുംബത്തിലേക്ക് സ്വാഗതം ആശംസിക്കുന്നു.

**ശാഖാ വാർത്തകൾ:-**

**കാട്ടികുളം**

ശാഖാപ്രവർത്തന വർഷം ഡയറക്ടർ തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. പള്ളി പരിസരം വൃത്തിയാക്കി. സെമിത്തേരി സന്ദർശനം നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ശാഖാ ഭാരവാഹികൾ വീടുകളിൽ ഫലവൃക്ഷത്തൈ നട്ടു.

**മഞ്ഞൂറ**

2022 – 2023 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി. അംഗങ്ങളെ 3 ഗ്രൂപ്പുകളായി തിരിച്ചു. ഗ്രൂപ്പിന് വിശുദ്ധരുടെ പേരുകൾ നൽകി. ഓരോ ഗ്രൂപ്പിലേക്കും അധ്യാപകരെ നിയമിച്ചു. കുട്ടികളുടെ പ്രവേശനോൽസവത്തിൽ സി. എം.എൽ അംഗങ്ങൾ നേതൃത്വം നൽകി. പരിസ്ഥിതി ദിനത്തിന്റെ സന്ദേശം ബാബു സാർ നൽകി. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ വൃക്ഷതൈ നട്ടു.

**കബനിഗിരി**

പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വീട്ടിൽ ഒരു തൈ എന്ന രീതിയിൽ എല്ലാം അംഗങ്ങളും വീട്ടിൽ ഒരു തൈനട്ടു. സെന്റ്. ആന്റണിയുടെ തിരുനാൾ ദിനത്തിൽ ആന്റണി നാമധാരികളെ ആദരിച്ചു. പോസ്റ്റർ തയ്യാറാക്കി. വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനം മിഷൻലീഗ് അംഗങ്ങൾ എല്ലാവരും വിശുദ്ധ കുർബാനയിലും അതിനെ തുടർന്ന് നടത്തിയ ആരാധനയിലും പങ്കെടുത്തു.ശാഖയിൽ നിന്നും എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങിയ കുട്ടികളെ ആദരിച്ചു.

**നെയ്ക്കുപ്പ**

പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു.പ്രവേശനോത്സവം ആഘോഷമാക്കാൻ മിഷൻ ലീഗ് അംഗങ്ങൾ നേതൃത്വം നൽകി.

**കല്ലോടി**

5-12 വരെയുള്ള കുട്ടികൾക്കായി വ്യക്തിത്വവികസന ക്യാമ്പ് നടത്തി. കുട്ടികൾക്കായി 2 ദിവസത്തെ ക്രിസ്റ്റീൻ ധ്യാനം നടത്തി. പരിസ്ഥിതി ദിനത്തിൽ കുട്ടികൾക്കായി വിവിധ പ്രവർത്തനങ്ങൾ നടത്തി. കുഞ്ഞുങ്ങൾക്ക് ഒരു പൂന്തോട്ടം, പ്ലാസ്റ്റിക് വിമുക്ത സിറ്റി, മരത്തൈ നടൽ, വചനമരം നിർമ്മിക്കൽ. കുട്ടികളുടെ മാതാപി താക്കൾക്ക് സെമിനാർ 'മക്കളോടൊപ്പം' നടത്തി. രക്തദാന അവബോധ സെമിനാർ നടത്തി.

പ്രേഷിത വര്യൻ തോമാശ്ലീഹായുടെ കർമ്മ വീഥികളിൽ പദ മൂന്നി, പ്രേഷിത വീര്യത്തിന്റെ അലയടികൾ ഉയർത്തി വീണ്ടും നമുക്ക് ചെമ്മഞ്ഞക്കൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

## ലൈഫ് ട്രെയിനിംങ് ക്യാമ്പ്

2022 മെയ് 26 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ 28-ാം തീയതി ശനിയാഴ്ച നാലു മണിവരെ വാളവയൽ ശാന്തിധാരാ ധ്യാന സെന്ററിൽ വെച്ച് ലൈഫ് ട്രെയിനിംഗ് ക്യാമ്പ് നടന്നു. 2016-2022 ബാച്ചുകളിൽ നിന്നുള്ള 67 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ തുടക്കം കുറിച്ച പരിശീലന പരിപാടി സി. ആൻസി തോമസ് സി.എം.സി.യുടെ ക്ലാസോടെ ആരംഭിച്ചു. അതിനുശേഷം ജെ.പി കമ്മ്യൂണിറ്റി കോഡിനേറ്റർ സി. ഡിവ്ന എസ്. ഡി. 'ദൈവസ്വരം എങ്ങനെ കേൾക്കാം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉച്ചവരെ ക്ലാസ് നയിച്ചു.

കോവിഡിനുശേഷം ലൈഫ് ട്രെയിനിംഗിലെ എല്ലാ ബാച്ചുകാരും ഒരുമിച്ച് പങ്കെടുക്കുന്ന ഈ ക്യാമ്പിൽ ലൈഫ് ജീവിത ശൈലിയെ സംബന്ധിച്ച് വിലയിരുത്തലും പരിശീലനവും നടന്നു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ബഹു. ഫാ. ലാൽ ജേക്കബ് പൈനുങ്കലും ടീമംഗങ്ങളായ സി. ആൻസി തോമസ് സി.എം.സി., സി. ഡെൽഫി മരിയ സി.എം.സി. എന്നിവർ ഇതിന് നേതൃത്വം നൽകി.

## മെഗാ ക്വിസ്

'പാഠപുസ്തകത്തിലൂടെ' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി ലൈഫ് ട്രെയിനിംഗ് ക്യാമ്പിൽ സി. ഡെൽഫി മരിയ സി. എം.സി.യുടെ നേതൃത്വത്തിൽ നടത്തിയ മെഗാ ക്വിസിൽ ആൻ മരിയ വാഴവറ്റ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

## Life 2022 Retreat

2022 മെയ് 26 വ്യാഴാഴ്ച വൈകിട്ട് 6 മണി മുതൽ മെയ് 28 ശനിയാഴ്ച രാവിലെ 10 മണി വരെ വാളവയൽ ശാന്തിധാരാ ധ്യാന സെന്ററിൽ വെച്ച് ലൈഫ് വിദ്യാർത്ഥികൾക്കായുള്ള ധ്യാനം നടന്നു. ഫാ. ജെയ്സൺ കുളംമ്പള്ളിൽ ഒ.എസ്.എസ്.ടി. തൃശൂർ, ബ്ര. ഷാജു അബ്രഹാം പൊള്ളോക്കാരൻ തൃശൂർ, സി. എമിലിയ

സി.എം.സി. എന്നിവരാണ് ധ്യാനത്തിന് നേതൃത്വം നല്കിയത്.

പുതിയ അധ്യയന വർഷത്തേയ്ക്കുള്ള കാൽവയ്പിൽ ഏറെ അനുഗ്രഹപ്രദവും ജീവിതനവീകരണവും ആത്മീയ ഉണർവും പ്രദാനം ചെയ്തതുമായ പ്രസ്തുത ധ്യാനം വിദ്യാർത്ഥികളിൽ പുത്തൻ ചൈതന്യം പകർന്നു.

കുമ്പസാരത്തിന് സഹായിച്ച ഫാ. റോജൻ ചെറിയാടാൻ എം. എസ്., ഫാ. അനിറ്റ് മാവത്തറ എം. എസ്., ഫാ. ബിജു മാധവത്ത് OFM Cap. എന്നിവർക്കും അഭിഷേക ശുശ്രൂഷകൾക്ക് നേതൃത്വം നല്കിയ ധ്യാന ടീമിനും ഡിപ്പാർട്ട്മെൻറ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**ലൈഫ് കുടുംബയോഗം**

പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്നതിനു മുന്നോടിയായി ലൈഫ് വിദ്യാർത്ഥികളുടെ രക്ഷാകർതൃയോഗത്തിൽ റവ. ഫാ. ജേക്കബ് പൈനുങ്കൽ അധ്യക്ഷത വഹിച്ചു. യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ സ്വാഗതവും മാനന്തവാടി രൂപത വികാരി ജനറൽ മോൺ. ഫാ.പോൾ മുണ്ടോളിക്കൽ അനുഗ്രഹപ്രഭാഷണവും നടത്തി. പ്രസ്തുത യോഗത്തിൽ സന്യാസി സമർപ്പണത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കിയ യൂത്ത് മിനിസ്ട്രി കോർഡിനേറ്റർ സി. ആൻസി തോമസിന് ജൂബിലി ആശംസകൾ അർപ്പിച്ചു. ലൈഫ് വിദ്യാർത്ഥി പ്രതിനിധികൾ ആശംസകളർപ്പിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. സി. ആൻസി തോമസ് യോഗത്തിന് നന്ദിയർപ്പിച്ചു.

**ഏൽ റൂഹ സ്റ്റാറ്റസ് വീഡിയോസ്**

ഈസ്റ്റർ മുതൽ പന്തക്കുസ്ത വരെയുള്ള 50 ദിനങ്ങളിൽ പരിശുദ്ധാത്മാവായ ദൈവത്തെ സ്നേഹിക്കുന്നതിനും അറിയുന്നതിനും അഭിഷേകം കൊണ്ട് നിറയുന്നതിനുമായി പരിശുദ്ധാത്മാവിന്റെ ഗാനങ്ങളും വചനങ്ങളും പ്രാർത്ഥനകളും ഉൾപ്പെടുത്തി 'ഏൽ റൂഹ' എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി പ്രചരിപ്പിച്ചു. ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിൻ ഇതിന് നേതൃത്വം നൽകി.

## Heart Beats of Jesus

തിരുഹൃദയ മാസമായ ജൂൺ മാസം മുഴുവനും ഈശോ യുടെ തിരു ഹൃദയത്തെ പ്രകീർത്തിച്ചുകൊണ്ട് സ്റ്റാറ്റസ് വീഡിയോസ് നിർമ്മിച്ച് സോഷ്യൽ മീഡിയ വഴി നൽകുന്നു. തിരുഹൃദയ ഭക്തി അനേകരിലെത്തിക്കാൻ ഇത് സഹായകമാകുന്നു. ലൈഫ് 2020 ലെ ആൻ മരിയ മാത്യു കേണിച്ചിറ ഇതിന് നേതൃത്വം നല്കുന്നു.

**ഹൃദയ കൂടാരം**

തിരുഹൃദയ മാസത്തോടനുബന്ധിച്ച് തിരുഹൃദയ വണക്ക മാസം പോസ്റ്റർ രൂപത്തിൽ എല്ലാ ദിവസവും സോഷ്യൽ മീഡിയ വഴി അനേകരിൽ എത്തിക്കുന്നു.

**അന്താരാഷ്ട്ര ബാലവേല വിരുദ്ധദിനം**

അറിവിന്റെ തിരി തെളിയിക്കേണ്ട പ്രായത്തിൽ വിശപ്പിന്റെ വിയർപ്പൊഴുക്കുന്ന ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് 2022 ജൂൺ 12-ാം തിയതി Your Neighbour Association ന്റെയും ലൈഫ് ട്രെയിനിങ്ങിന്റെയും നേതൃത്വത്തിൽ അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനം ആചരിച്ചു. അന്നേ ദിനം ഡിജിറ്റൽ പോസ്റ്റർ നിർമ്മാണമത്സരവും ചെറുകഥാ മത്സരവും സംഘടിപ്പിച്ചു. 20 വിദ്യാർഥികൾ പങ്കെടുത്ത ഡിജിറ്റൽ പോസ്റ്റർ മത്സരത്തിൽ ആൻ മരിയ അജിൻ, ജോയന്ന മരിയ എന്നിവർ ഒന്നാം സ്ഥാനവും ഫിയോണ മരിയ ബൈജുവും ആൻ മരിയ എസ്. ഉം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ചെറുകഥാ മത്സരത്തിൽ സോഫിയ കുര്യൻ ഒന്നാം സ്ഥാനവും അലൻ ജോസഫ് ജോയി രണ്ടാം സ്ഥാനവും നേടി. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

**ഒത്തുചേരൽ**

ലൈഫ് ട്രെയിനിങ്ങിന്റെ സീനിയർ ബാച്ച് (ലൈഫ് 2016) വിദ്യാർഥികൾ ജൂൺ മാസം പത്താം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ജൂൺ 12 ശനിയാഴ്ച രണ്ടു മണി വരെ ദ്വാരക പാസ്റ്റർ സെന്ററിൽ ഒരുമിച്ച് ചേർന്നു. തങ്ങളുടെ പഠനം, ആത്മീയജീവിതം, തുടർപഠനം ഇവയെക്കുറിച്ചുള്ള വ്യക്തമായ തീരുമാനങ്ങൾ യൂത്ത് മിനിസ്ട്രി ടീമിനൊപ്പമിരുന്ന് പങ്കുവെയ്ക്കുകയും ഡയറക്ടർ ബഹുമാനപ്പെട്ട ലാലച്ചൻ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 8 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പിന് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ നേതൃത്വം നൽകി.

**നന്ദിയോടെ**

യുവജനങ്ങളുടെ ആത്മീയവും ജോലിസംബന്ധവുമായ കാര്യങ്ങൾക്ക് മുൻഗണനന കൊടുത്തുകൊണ്ട് രൂപീകരിക്കപ്പെട്ട ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയുടെ ആനിമേറ്ററായി കഴിഞ്ഞ രണ്ടു വർഷക്കാലം നിസ്തുലമായ സേവനം കാഴ്ച വെച്ച് ഉപരിപഠനത്തിനായി പോകുന്ന സി. ഡിവ്നാ എസ്. ടി. ക്കും രണ്ട് വർഷക്കാലം സി. ഡിവ്നയെ യുവജന ശുശ്രൂഷയ്ക്കായി നൽകിയ എസ്.ടി. കോൺഗ്രിഗേഷനും ജെ.പി. കുടുംബത്തിന്റെയും യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെയും ഹൃദയം നിറഞ്ഞ ഒരായിരം നന്ദി.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**വിമുക്തി 2022 തെരുവ് നാടകം**

പൂപോലെ സുന്ദരമായ ജീവിതത്തെ കേവലം നൈമിഷിക സുഖങ്ങൾക്കായി നഷ്ടപ്പെടുത്തുമ്പോൾ, ജീവിതം പൂർണ്ണമായും നഷ്ടമാകുന്നുവെന്ന ഓർമ്മപ്പെടുത്തൽ നൽകുന്ന മെയ് 31 പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളായ മാനന്തവാടി, നാലാംമൈൽ, പനമരം, ബത്തേരി, പുൽപ്പള്ളി എന്നിവിടങ്ങളിൽ വിമുക്തി 2022 തെരുവുനാടകം നടത്തപ്പെട്ടു. ജോസ് കിഴക്കേൽ സാറിന്റെ നേതൃത്വത്തിൽ നടന്ന തെരുവ് നാടകത്തിൽ അഭിനേതാക്കളായി അഭിനന്ദ് കൊച്ചുമലയിൽ, ജെസ്ന മണ്ഡപത്തിൽ, അലീന മഠത്താശ്ശേരി, ജെസ്സിൻ അമ്പാട്ടുപടവിൽ, അലിൻ മരിയ തേക്കിനാലിൽ, ജിൻസി തുറയ്ക്കൽ,അജയ് മുണ്ടക്കൽ, അലീന ഇല്ലിക്കൽ, ജസ്പിൻ പള്ളിക്കതൊട്ടിയിൽ, റിൻസൺ കാരയ്ക്കൽ, അജിത്ത് പറയിടത്തിൽ, ഷിനു വടകര എന്നിവർ പങ്കെടുത്തു. സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, മേഖല ഭാരവാഹികൾ നേതൃത്വം നൽകി.

**സമരിറ്റൻ ടാസ്ക് ഫോഴ്സ്**

സമാനതകളില്ലാത്ത പ്രതിസന്ധിയുടെ കാലത്തും സഹജന് കരുതലേകുക എന്ന ക്രിസ്തുസാക്ഷ്യത്തിന്റെ നേർമുഖമായ കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ സമരിറ്റൻ മലബാർ റീജിയനുള്ള ടാസ്ക് ഫോഴ്സ് ട്രെയിനിങ് 2022 മെയ് 22ന് തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ ചെറുപുഴ സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം മാനന്തവാടി രൂപതയിൽ നിന്ന് ജനറൽ സെക്രട്ടറി ഡെറിൻ കൊട്ടാരത്തിൽ, സെക്രട്ടറി ലിബിൻ മേപ്പുറത്ത്, സിൻഡിക്കേറ്റ് അംഗം റോബിൻ വടക്കേക്കര, പയ്യമ്പള്ളി മേഖല പ്രസിഡന്റ് ജെസ്ബിൻ പുല്ലംതാനിയിൽ എന്നിവർ പങ്കെടുത്തു.

**തിരികെ 2022**

പുതിയ അദ്ധ്യായനവർഷം ആരംഭിക്കുന്നതിനു മുന്നോടിയായി മാനന്തവാടി രൂപതാ പരിധിയിൽപ്പെടുന്ന പൊതു വിദ്യാലയങ്ങളും, എയ്ഡഡ് വിദ്യാലയങ്ങളും ശുചീകരിക്കുന്ന യജ്ഞത്തിന് തുടക്കമായി. മേഖലകളുടെയും യൂണിറ്റുകളുടെയും സഹകരണ

ത്തോടെ അദ്ധ്യാപകരോടും സ്കൂൾ അധികൃതരോടും ചേർന്ന് നടത്തപ്പെടുന്ന പ്രവർത്തനത്തിന്റെ രൂപതാ തല ശുചീകരണം 2022 മെയ് 28ന് കൊമ്മയാട് സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂളിൽ നടത്തപ്പെട്ടു. രൂപത സമിതിയോടൊപ്പം കൊമ്മയാട് ഇടവക വികാരി റവ. ഫാ. ജോസ് കപ്യാരുമലയിൽ, സിൻഡിക്കേറ്റ് അംഗം ഷിതിൻ ആർപ്പത്താനത്ത്, ദ്വാരക മേഖല പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിൽ, കൊമ്മയാട് യൂണിറ്റ് വൈസ് പ്രസിഡന്റ് ലിഡ, കൊമ്മയാട് യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഉപവാസ സമരവും പ്രതിഷേധ ധർണയും**

മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിനെത്തന്നെ സാരമായി ബാധിക്കുന്ന, ജനജീവിതം ശിഥിലമാക്കുന്ന കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹനടപ്പടികൾക്കെതിരെയും അവകാശ നിഷേധങ്ങൾക്കെതിരെയും കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ജൂൺ 4ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ നടത്തപ്പെട്ട ഉപവാസ സമരത്തിലും പ്രതിഷേധ ധർണ്ണയിലും കെ.സി. വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് റ്റിബിൻ പാറയ്ക്കൽ, ഡെറിൻ കൊട്ടാരത്തിൽ, ലിബിൻ മേപ്പുറത്ത്, ജിഷിൻ മുണ്ടക്കാതടത്തിൽ, അമൽഡ തൂപ്പുംകര, ഗ്രാലിയ വെട്ടുകാട്ടിൽ, ടെസിൻ വയലിൽ, ജിജിന കറുത്തേടത്ത്, റവ.ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, സി. ജിനി FCC എന്നിവർ പങ്കെടുത്തു.

**ആത്മജ്വാല 2022**

സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥിച്ചിരുന്ന പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയുംമേൽ തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന ദിനം പന്തക്കുസ്ത. പരിശുദ്ധാത്മവിന്റെ ശക്തമായ പ്രവർത്തനം വഴി ലോകം മുഴുവൻ നവീകരിക്കപ്പെടാനും പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം നേടുവാനും, പരിശുദ്ധാത്മ ചൈതന്യത്താൽ നിറയുവാനുമായി ആത്മജ്വാല 2022 പന്തക്കുസ്ത ഒരുക്ക ജാഗരണ പ്രാർത്ഥന നടത്തി. കെ.സി.വൈ.എം മാനന്തവാടി രൂപതായുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ജാഗരണ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയത് റവ.ഫാ.നിധീഷ് തലച്ചിറ ആയിരുന്നു. കല്ലോടി മേഖല ഭാരവാഹികൾ, മേഖല രക്ഷാധികാരി റവ. ഫാ.ബിജു മാവറ, മേഖല ആനിമേറ്റർ സി.ജിനി, മാതാപിതാക്കൾ യുവജന സുഹൃത്തുക്കൾ എന്നിവർ പങ്കെടുത്തു.

**ലോക പരിസ്ഥിതി ദിനം ജൂൺ 5**

ലോക പരിസ്ഥിതി ദിനത്തോടുനുബന്ധിച്ച് പ്ലാസ്റ്റിക്ക് വിമുക്ത നാട് എന്ന ലക്ഷ്യത്തെ മുൻനിർത്തി Say No to Plastics, Green City Clean City എന്ന ക്യാമ്പയിന് കെ.സി.വൈ.എം മാനന്തവാടി രൂപതാ തുടക്കം കുറിച്ചു. മാനന്തവാടി രൂപതയുടെ ജൂബിലി വർഷാഘോഷത്തോട് ചേർന്ന് നടത്തപ്പെടുന്ന ക്യാമ്പയിൻ കെ.സി.വൈ.എം മാനന്തവാടി രൂപതാ മുൻ പ്രസിഡന്റ് ശ്രീ. എബിൻ മുട്ടപ്പള്ളി നീലഗിരി മേഖലയിലെ ഭാരവാഹികൾക്ക് ഇക്കോഫ്രണ്ട്‌ലി ക്യാരി ബാഗ് നൽകി ഉദ്ഘാടനം ചെയ്തു. ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന യോഗത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ വർഗീസ് പാറക്കൽ, വൈസ് പ്രസിഡന്റ് നയന മുണ്ടക്കാത്തടത്തിൽ, ജനറൽ സെക്രട്ടറി ഡെറിൻ കൊട്ടാരത്തിൽ, ഭാരവഹികളായ ലിബിൻ മേപ്പുറത്ത്, അമൽഡ തൂപ്പുംകര, അനിൽ അമ്പലത്തിങ്കൽ, ബ്രാവോ പുത്തൻപറമ്പിൽ, ഡയറക്ടർ ഫാ. ആഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ആനിമേറ്റർ സി. സാലി സി.എം.സി, നീലഗിരി മേഖല പ്രസിഡന്റ് മെലിൻ പുളിക്കയിൽ, ഡയറക്ർ ഫാ. റോബിൻ പടിഞ്ഞാറയിൽ ഭാരവാഹികളായ അലൻ, സാന്ദ്ര, ജസ്റ്റിൻ, നീതു, ജൂബിൽ, ജോജോ തോപ്പിൽ മറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ, മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**കാർലോസ് കാരവാൻ**

ആത്മീയബലമുള്ള കൂടുതൽ കരുത്തരായ യുവജനങ്ങളെ വാർത്തെടുക്കാൻ സാമൂഹികമാധ്യമങ്ങളുടെ സഹായത്തോടെ ആവിഷ്കരിക്കുന്ന ആത്മീയ യാത്രയായ കാർലോസ് കാരവാനു വേണ്ടി ജൂൺ 06 ന് മാനന്തവാടി രൂപതയുടെ ആരാധന, വിശുദ്ധ കുർബാന,അനുദിന വിശുദ്ധർ എന്നിവ കല്ലോടി മേഖലയുടെ ആതിഥേയത്തിൽ റെക്കോഡ് ചെയ്തു നല്കി.

**സ്റ്റാറ്റസ് മാർച്ച്**

മലയോരജനതയുടെ ആശങ്ക വർദ്ധിപ്പിച്ചുകൊണ്ടുള്ള ബഫർസോൺ പ്രഖ്യാപനത്തിനെതിരെ കെ.സി.വൈ.എം മാനന്തവാടി രൂപതാ ജൂൺ 11 ന് സ്റ്റാറ്റസ് മാർച്ച് സംഘടിപ്പിച്ചു. കെ.സി. വൈ എം മാനന്തവാടി രൂപത യിലെ 13 മേഖലകളിലെ പ്രസിഡണ്ടുമാർ ചേർന്ന് സ്റ്റാറ്റസ് മാർച്ച് ഉദ്ഘാടനം നിർവഹിച്ചു. രണ്ടായിരത്തിലധികം ആളുകൾ സ്റ്റാറ്റസ് മാർച്ചിൽ പങ്കെടുത്തു.

**ബഹുജന പ്രക്ഷോഭറാലിയും പൊതുസമ്മേളനവും**

ജനജീവിതം ദുഃസ്സഹമാക്കുന്നതും, ആശങ്ക വർദ്ധിപ്പിക്കു

ന്നതുമായ ബഫർസോൺ വിജ്ഞാപനത്തിനെതിരെ സുൽത്താൻ ബത്തേരിയുടെ നഗരവീഥിയിൽ ബഹുജന പ്രക്ഷോഭറാലിയും പൊതുസമ്മേളനവും നടത്തപ്പെട്ടു. സംയുക്ത ക്രൈസ്തവ സഭ കളുടെ സഹകരണത്തോടെ ബത്തേരി അസ്സംപ്ഷൻ ദേവാലയം മുതൽ സ്വാതന്ത്ര്യ മൈതാനിവരെ നടത്തപ്പെട്ട സമരപോരാട്ടത്തിനും പ്രതിഷേധ യോഗത്തിനും കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ റ്റിബിൻ പാറക്കൽ അധ്യക്ഷത വഹിച്ചു. ബത്തേരി എക്യുമെനിക്കൽ ഫോറത്തിന്റെയും, എ.കെ.സി.സി, ചെറുപുഷ്പ മിഷൻ ലീഗ്, മാതൃവേദി തുടങ്ങിയ മാനന്തവാടി രൂപതയിലെ വിവിധ സംഘടനകളുടെയും, ഇടവകകളുടെയും സഹകരണ ത്തോടെ ജൂൺ 13 ന് നടത്തപ്പെട്ട പ്രക്ഷോഭത്തിൽ വൈദികരും സമർപ്പിതരുമടക്കം ആയിരത്തിലധികം പേർ അണിനിരന്നു. മലയോര മക്കളെ തെരുവിലേക്ക് വലിച്ചിഴക്കാനുള്ള ശ്രമങ്ങളെ ജീവൻ ബലികഴിച്ചും സംരക്ഷിക്കും, ഒരിഞ്ചു ഭൂമിപോലും ഇവിടുത്തെ മലയോര ജനത വിട്ടുനൽകില്ലെന്ന് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ. ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പറഞ്ഞു. ബത്തേരി രൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ്, കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര, മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, ബത്തേരി ഫൊറോന വികാരി റവ. ഫാ. ജോസഫ് പരുവുമ്മേൽ, കിഫാ സംസ്ഥാന ചെയർമാൻ അലക്സ് ഒഴുകയിൽ, കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, വൈസ് പ്രസിഡന്റ് നയന മുണ്ടക്കാതടത്തിൽ, റവ. ഫാ. എറ്റി ബേബി, സാജു കൊല്ലപ്പള്ളി, വിനീഷ് തുമ്പിയാംകുഴി, മോളി മാമൂട്ടിൽ, ജിഷിൻ മുണ്ടക്കാതടത്തിൽ, ആൻസിബിൾ എന്നിവർ പ്രതിഷേധ സ്വരമുയർത്തി സംസാരിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാ ഭാരവാഹികളായ ഡെറിൻ കൊട്ടാരത്തിൽ, ലിബിൻ മേപ്പുറത്ത്, അമൽഡ തൂപ്പുംകര, അനിൽ അമ്പലത്തിങ്കൽ, ബ്രാവോ പുത്തൻ പ്പറമ്പിൽ, സി. സാലി ആൻസ് സി.എം.സി, രൂപതാ സിൻഡി ക്കേറ്റ് അംഗങ്ങൾ, മേഖലഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**പ്രതിഷേധാർഹം**: മതേതരത്വ ഇന്ത്യയിൽ നടമാടുന്ന വർഗ്ഗീയ നടപടികൾ അപലപനീയമെന്ന് കെ.സി.വൈ.എം മാനന്തവാടി

രൂപത. ആലപ്പുഴയിൽ എസ്.ഡി.പി.ഐ- പോപ്പുലർഫ്രണ്ട് റാലിക്കിടെ കൊച്ചുകുട്ടിയെക്കൊണ്ട് പ്രകോപനപരമായ മുദ്രാവാക്യം വിളിപ്പിച്ചതിലും അത് ഏറ്റുചൊല്ലി വിദ്വേഷം പ്രചരിപ്പിച്ചതിലും സംഘാടകർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻസർക്കാർ തയ്യാറാകണമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതി ആവശ്യപ്പെട്ടു. സഹജീവികളെ സഹോദരതുല്യം കണ്ട് സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും മതസഹിഷ്ണതയുടെയും പാഠങ്ങൾ കൈമുതലാക്കി ജീവിക്കുന്ന നാട്ടിൽ കുഞ്ഞുങ്ങളിൽപ്പോലും വർഗ്ഗീയതയുടെ വിഷം കുത്തിനിറച്ചും, അധരങ്ങളിൽ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും മുദ്രാവാക്യങ്ങൾ ഉയർത്തുകയും ചെയ്യുന്ന ഗൂഢപ്രവർത്തനങ്ങൾ സമൂഹത്തിന്റെ കെട്ടുറപ്പ് തകർക്കുന്നവയാണ്. സമൂഹ നിർമ്മിതിയിൽ പങ്കാളികളാകേണ്ട പുതുതലമുറയിൽ മതവിദ്വേഷവും മതവെറിയുമല്ല വളർത്തിയെടുക്കേണ്ടത്, വിദ്യാർത്ഥികളിൽ സഹോദരതുല്യം സ്നേഹവും ബഹുമാനവും വളർത്തുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ തയ്യാറാകണമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് റ്റിബിൻ പാറക്കൽ അഭിപ്രായപ്പെട്ടു.

**പത്രപ്രസ്താവന-** സുപ്രീംകോടതി വിധി മലയാര ജനതക്കേറ്റ കനത്ത പ്രഹരം. വന്യജീവി സങ്കേതങ്ങൾക്കും നാഷണൽപാർക്കുകൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ സ്ഥലം നിർബന്ധിത വനഭൂമി ആക്കണമെന്നുള്ള സുപ്രീംകോടതിവിധി മലയോര ജനതക്കേറ്റ കനത്ത പ്രഹരമെന്ന് കെ.സിവൈ.എം മാനന്തവാടി രൂപതാ. മലയോര പ്രദേശങ്ങളെ ഈ വിധിപ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ഇന്നത്തെ ബഫർസോൺനാളത്തെ റിസർവ് ഫോറസ്റ്റായിരിക്കും എന്ന് നീലഗിരി ബഫർസോണിന്റെ ചരിത്രം പഠിപ്പിക്കുന്നുണ്ട്. ബഫർസോണിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നിയമങ്ങൾ ജനവാസ കേന്ദ്രങ്ങളിലെ ആളുകളുടെ കുടിയൊഴിപ്പിക്കലിന് നിർബന്ധിക്കുന്നവയാണ്. ജനജീവിതം ദുഃസ്സഹമാകുന്ന ഇത്തരത്തിലുള്ള കോടതിവിധികൾ ഒഴിവാക്കേണ്ടതാണ്. ആശങ്കകൾ പരിഹരിക്കുമെന്ന സർക്കാരിന്റെ ഉറപ്പിൽ ഉറച്ച പ്രതീക്ഷയുണ്ട്. ജനത്തിന്റെ ആവശ്യങ്ങൾ ഉൾക്കൊണ്ടും ഭയചകിതരായ ജനങ്ങളുടെ ആശങ്കകൾ അകറ്റാനുള്ള നടപടികൾ കാലതാമസം വരാതെ സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്ന് കെ.സി. വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് റ്റിബിൻ പാറക്കൽ പറഞ്ഞു. കെ.സി.വൈ.എം മാനന്തവാടി രൂപതാ വൈസ്

പ്രസിഡന്റ് നയന മുണ്ടയ്ക്കാത്തടത്തിൽ, ജനറൽ സെക്രട്ടറി ഡെറിൻ കൊട്ടാരത്തിൽ, ഭാരവാഹികളായ ലിബിൻ മേപ്പുറത്ത്, അമൽഡ തൂപ്പുംകര, അനിൽ അമ്പലത്തിങ്കൽ, ബ്രാവോ പുത്തൻ പറമ്പിൽ, ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ആനി മേറ്റർ സി. സാലി സിഎംസി എന്നിവർ സംസാരിച്ചു.

**നന്ദിയോടെ**

സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മരംഗത്തേക്ക് പ്രവേശിക്കുന്ന കെ.സി.വൈ.എം ചുങ്കക്കുന്ന് മേഖല അസിസ്റ്റന്റ് ഡയറക്ടർ ജിതിൻ എടച്ചിലാത്ത് അച്ചനും, മാനന്തവാടി രൂപതാ മതബോധന ഡയറക്ടർ തോമസ് കാട്ടുതുരുത്തിയിൽ അച്ചനും, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ ഡയറക്ടർ ഷിജു ഐക്കരകാനായിൽ അച്ചനും യാത്രാ മംഗളങ്ങളും, പുതിയ പ്രവർത്തന മേഖലയിൽ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

**സ്വാഗതം**

യുവജന പ്രസ്ഥാനത്തിന്റെ കരുത്തായി കൂടെ നിൽക്കാനും, പ്രവർത്തനങ്ങളിൽ ഒപ്പമാകാനുമായി കെ.സി.വൈ.എം പയ്യമ്പള്ളി മേഖല ഡയറക്ടർ റവ. ഫാ. സജി പുതുക്കുളങ്ങര, കല്ലോടി മേഖല ഡയറക്ടർ റവ. ഫാ. ആന്റോ ചിറയിൽപറമ്പിൽ, ബത്തേരി മേഖല ഡയറക്ടർ റവ. ഫാ.ജെയ്സൻ കള്ളിയാട്ട്, നിലമ്പൂർ മേഖല ഡയറക്ടർ റവ. ഫാ. നിഷിൻ തേൻപള്ളി എന്നിവർക്കും മാനന്തവാടി രൂപതാ ഓഫീസ് സെക്രട്ടറിയായി നിയമിതയായിരിക്കുന്ന സി. എൽസിൻ SABS നും സ്നേഹപൂർവ്വം രൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**വിവാഹ ആശംസകൾ**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന കെ.സി.വൈ.എം മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗം നീതു കോലത്താൻ വേലിലിനും മുൻ രൂപതാ സിൻഡിക്കേറ്റ് അംഗവും മണിമൂളി മേഖല കോർഡിനേറ്ററുമായ കുര്യൻ നീലത്തുമുക്കിലിനും കെ.സി. വൈ.എം മാനന്തവാടി രൂപതാ മുൻ ട്രഷററും സംസ്ഥാന സെനറ്റ് അംഗവുമായിരുന്ന അഖിൽ ജോസഫ് പള്ളത്തിനും വധു മരിയക്കും പ്രാർത്ഥനാ മംഗളങ്ങൾ

**മേഖല വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

മുള്ളൻകൊല്ലി മേഖലയിൽ സ്തുത്യർഹമായ സേവനത്തിനു ശേഷം പുതിയ പ്രവർത്തനമേഖലയിലേക്ക് സ്ഥലം മാറി പോയ

എല്ലാ വൈദികർക്കും യാത്ര മംഗളങ്ങളും, ആശംസകളും അറിയിക്കുകയുംചെയ്തു. രണ്ട് വർഷക്കാലം മേഖലാ ആനിമേറ്ററായി സ്തുത്യർഹമായി സേവനം ചെയ്ത സിസ്റ്റർ അഞ്ജലി എസ്.കെ.ഡി ക്ക് മേഖലാ കുടുംബത്തിന്റെ യാത്ര മംഗളങ്ങളും പുതിയ പ്രവർത്തന മേഖലക്കു എല്ലാ വിധ ആശംസകളും അറിയിക്കുകയും ചെയ്തു. ലോകപുകയില വിരുദ്ധ ദിനത്തോട് അനുബദ്ധിച്ചു രൂപതാ സമിതിയുടെ നേതൃത്വത്തിൽ പുൽപ്പള്ളി ടൗണിൽ നടത്തിയ വിമുക്തി 2022 തെരുവുനാടകത്തിന് മേഖല സമിതി പൂർണ പിന്തുണ നല്കി. നാടകം അവതരിപ്പിച്ച പ്രിയപ്പെട്ട യുവജന സുഹൃത്തുകൾക്ക് മേഖല സമിതിയുടെ ഹൃദയാഭിവാദ്യങ്ങൾ. La Vigilia പന്തക്കുസ്ത ദിന ജാഗരണപ്രാർത്ഥന കെ.സി.വൈ.എം മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ പന്തുസ്ത ദിനത്തിന് ഒരുക്കമായി മരക്കടവ് യൂണിറ്റിൽ വെച്ച് നടത്തുകയും യൂണിറ്റുകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു. വിവിധ യൂണിറ്റുകളിൽ പന്തകുസ്ത ദിനത്തിൽ യുവജനങ്ങൾ ഒത്തു ചേരുകയും വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും ചെയ്തു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിൽ മുൻ വർഷങ്ങളിൽ നട്ടചെടികൾ സംരക്ഷിക്കുന്നതിനുള്ള പരിപാടികൾ നടത്തുകയും പുതിയ വൃക്ഷങ്ങൾ നടുകയും ചെയ്തു. വിവിധ ആഘോഷങ്ങൾക്ക് പോസ്റ്റർ നിർമിച്ചു സന്ദേശങ്ങൾ കൈമാറുകയും, യുവജനങ്ങളെ ഒന്നിച്ചു മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്നു.

**നടവയൽ മേഖല**

6 വർഷത്തിനു ശേഷം നടവയൽ മേഖലയുടെ നേതൃത്വത്തിൽ IGNITE 2022 മേഖല ക്യാമ്പ് വളരെ ആവേശകരമായി നടത്തി. പുകയില വിരുദ്ധ ദിനത്തോട് അനുബദ്ധിച്ച് രൂപത സമിതിയുടെ തെരുവു നാടകത്തിൽ മേഖലയിൽ നിന്നും പങ്കാളിത്തം നല്കുകയും പനമരം ടൗണിൽ സ്വീകരണം നല്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**നീലഗിരി മേഖല**

നീലഗിരി മേഖലയുടെ കീഴിൽ വിവിധ യൂണിറ്റുകളിൽ സി.വൈ എം അനിമേറ്റേഴ്സായി പ്രവർത്തിച്ചു വന്ന 7 സിസ്റ്റേഴ്സിനു യാത്രാമംഗളങ്ങളും, സ്നേഹോപഹാരങ്ങളും നല്കി ആദരിച്ചു. കുടുംബ ദിനത്തോട് അനുബന്ധിച്ചു നീലഗിരി മേഖലയിലെ എല്ലാ യുവതിയുവാക്കൾക്കുമായി നടത്തിയ എന്റെ കുടുംബം സെൽഫി മത്സരത്തിൽ നിരവധി യുവതിയുവാക്കൾ പങ്കെടുത്തു. മേഖലയിലെ എല്ലാ യൂണിറ്റുകളിലേക്കും അവയവദാനത്തിന് താല്

പര്യം ഉള്ളവർ പേര് വിവരങ്ങൾ നൽകുന്നതിനായി സർക്കുലർ നല്കി.

**യൂണിറ്റ് വാർത്തകൾ**

**കല്ലോടി**

കല്ലോടി പള്ളി പെരുന്നാളിന്റെ ഭാഗമായി പ്രദക്ഷിണത്തിനും, നേർച്ചഭക്ഷണ വിതരണത്തിനും തുടർന്നുള്ള ശുചികരണ പ്രവർത്തനങ്ങൾക്കും യുവജനങ്ങൾ നേതൃത്വം നൽകി. തിരുന്നാളിനോടനുബന്ധിച്ച് KCYM ന്റെ ഫണ്ട് ശേഖരണാർത്ഥം Icecream വിൽപ്പന നടത്തി. ഇടവകയുടെ സഹവികാരിയായ റവ.ഫാ. നിധിൻ ആലയ്ക്കത്തടത്തിലിന് KCYM യാത്രയപ്പ് നൽകുകയും, പുതിയ ഇടവകയായ മുള്ളൻകൊല്ലിയിൽ കൊണ്ടാക്കുകയും ചെയ്തു. അതോടൊപ്പം പുതിയ സഹവികാരിയായി ചുമതലയേറ്റ ബഹു പൊയ്കയിൽ ജെറിൻ അച്ചനെ ഇടവകയിലേയ്ക്ക് സ്വാഗാതം ചെയ്തു. ഇടവകയിലെ കുട്ടികൾക്ക് വേണ്ടി നടത്തിയ ധ്യാനത്തിനു യുവജനങ്ങൾ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു കൊടുത്തു.

**മണ്ണുവയൽ**

ലോക മാതൃത്വദിനം ആഘോഷിച്ചു. എല്ലാ അമ്മമാർക്കും മാതൃത്വദിനത്തിന്റെ മംഗളങ്ങൾ ആശംസിച്ചു. ലോക നേഴ്സസ് ദിനത്തിൽ അവർക്കു വേണ്ടി പ്രാർത്ഥിച്ചു. ഇടവക വികാരിയുടെ നേതൃത്വത്തിൽ ഉല്ലാസയാത്ര സംഘടിപ്പിച്ചു.

**ബോസ്പാറ**

തൊഴിലാളി ദിനത്തിലെ വി. കുർബാനയിൽ യുവജനങ്ങൾ പങ്കുചേർന്നു. ഞങ്ങളുടെ ആനിമേറ്ററായി സേവനം ചെയ്ത സി. ഫൗസ്റ്റ സി. എം. സി യ്ക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ യാത്രാമംഗളങ്ങളും സ്നേഹോപഹാരവും നല്കി ആദരിച്ചു. ഭവനം ഇല്ലാത്ത ഒരു ഇടവകാംഗത്തിന് ഭവനം നിർമ്മിക്കുന്നതിന് സഹായിച്ചു.

**കയ്യൂന്നി**

തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. Final profession ചെയ്ത സി. അൽനയ്ക്ക് ആശംസകൾ നേർന്നു. മൂന്നു വർഷത്തോളം CYM നെ നയിച്ച ആനിമേറ്റർ സി. സൂസി കുര്യൻ SH ന് യാത്രയയപ്പ് നല്കി.

**കുന്നലാടി**

തൊഴിലാളി ദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. നിസ്വാർത്ഥമായസേവന

ങ്ങൾക്കു ശേഷം സ്ഥലം മാറി പോകുന്ന ഡയറക്ടർ ഫാ.ജോണി കപ്യാരുമലയിൽ, ആനിമേറ്റർ സി. ആൽഫി MSMI. എന്നി വരെ ആദരിക്കുകയും യാത്രയയപ്പ് നൽകുകയും ചെയ്തു. പുതിയ ഡയറക്ടറായി നിയമനം ഏറ്റെടുത്ത ഫാ. തോമസ് പരുന്ത നോലിൽ അച്ചനെ CYM യുവജനങ്ങൾ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്തു. വനിതാ ദിനത്തോട് അനുബന്ധിച്ചു എല്ലാ വർക്കും ആശംസകൾ അറിയിച്ചു.

**മരക്കടവ്**

തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ജോസഫ് നാമധാരികൾക്കും തിരുനാൾ ആശംസകൾ നൽകി. മാതൃദിനത്തോടനുബന്ധിച്ച് മാതൃദിനാശംസകൾ നൽകുകയും മാതൃത്വത്തിന്റെ മാഹാത്മ്യ ത്തെക്കുറിച്ച് കുറുപ്പ് തയ്യാറാക്കി ഗ്രൂപ്പുകളിൽ പ്രചരിപ്പിക്കുകയും ചെയ്തു. വേൾഡ് ടുബാക്കോ ദിനത്തോടനുബന്ധിച്ച് പുകയിലയ് ക്കെതിരെ പോസ്റ്ററുകൾ ഉണ്ടാക്കുകയും ബോധവൽക്കരണം നട ത്തുകയും ചെയ്തു. പന്തക്കുസ്താ ദിനത്തോടനുബന്ധിച്ച് മര ക്കടവ് സെന്റ് ജോസഫ് ദേവാലയത്തിൽ വെച്ച് ജാഗരണ പ്രാർ ത്ഥനയും പരിശുദ്ധാത്മ അഭിഷേക ആരാധനയും നടത്തി. പരി സ്ഥിതി ദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ വീടുകളിൽ മര ങ്ങൾ നട്ടുപിടിപ്പിച്ചു. മരക്കടവ് പ്രദേശത്തെ ആന ശല്യത്തിനെ തിരെ പ്രതിഷേധിക്കുകയും, പ്രസ്തുത വിഷയം അധികാരികളെ അറിയിക്കുകയും ചെയ്തു.

**നരിവാലമുണ്ട**

കുടുംബ ദിനത്തോടനുബന്ധിച്ച് ഇടവകയിലെ പ്രായം കൂടിയ ദമ്പതികളെ ആദരിച്ചു. കൈത്താങ്ങ് പദ്ധതിയുടെ ഭാഗമായി 15 വയസിനു മുകളിലുള്ള ആൺകുട്ടികളുടെ വസ്ത്രങ്ങൾ ശേഖ രിച്ച് അനാഥാലയത്തിന് കൈമാറി. നല്ല അയൽക്കാരൻ പദ്ധതി യുടെ ഭാഗമായി അനാഥാലയം സന്ദർശിക്കുകയും ഒരു നേരത്തെ ഭക്ഷണം നൽകുകയും ചെയ്തു. ലോക പരിസ്ഥിതി ദിനത്തോട നുബന്ധിച്ച് വൃക്ഷത്തൈ നടുകയും ശുചീകരണം നടത്തുകയും ചെയ്തു. ഫണ്ട് ശേഖരണാർത്ഥം ക്ലീനിങ് നടത്തി.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ജൂൺ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 88 പേർ സംബന്ധിച്ചു.

ജൂലൈ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 9 –12 തിയതികളിൽ ഓഫ്‌ലൈൻ നടത്തുന്നു. ഈവിവാഹ ഒരുക്ക കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കല്യാണം ഉറപ്പിച്ചവർക്കും ആലോചന തുടങ്ങിയവർക്കും ഇതിൽ രജിസ്റ്റർ ചെയ്യാം. പങ്കെടുക്കുന്നവർക്ക് 8547440574 എന്ന നമ്പറിൽ വിളിച്ച് കോഴ്സ് വിവരങ്ങൾ അറിയാം.

ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് ആഗസ്റ്റ് 15, 16, 17, 18 തിയതികളിൽ ആണ് നടത്തപ്പെടുന്നത്. ഓഫീസ് സമയം : 10 am - 5 pm. ഞായർ അവധി

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 10 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂലൈ 19

**മാതൃവേദി**

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് രൂപതാ മാതൃവേദി നിർമ്മിക്കുന്ന ഭവന നിർമ്മാണ ഫണ്ട് Collect ചെയ്തുകൊണ്ടിരിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നുമുള്ള സംഭാവന ഒരമ്മയിൽ നിന്നും 20 രൂപയെങ്കിലും സമാഹരിച്ച് ജൂലൈ 31 ന് മുൻപായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരേണ്ടതാണ്. വചനവൃക്ഷത്തിന് അരികെ മാതാവിനെ അലങ്കരിച്ച രൂപം തയ്യാറാക്കിയ രൂപതയിലെ എല്ലാ മേഖലകളിലും ഒന്നാം സ്ഥാനം ലഭിച്ചവരെ കണ്ടെത്തുകയും അവർക്ക് സമ്മാനം കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. മാനന്തവാടി, കല്ലോടി, തരിയോട്, ചുങ്കക്കുന്ന്, എന്നീ മേഖലകളിൽ നേതൃത്വ പരിശീലന ക്ലാസുകൾ രൂപതാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ബിനു വടക്കേൽ, ആനിമേറ്റർ സി. എമിലിൻ, രൂപതാ പ്രസിഡന്റ് ഫിലോ ചേലക്കൽ, രൂപതാ സെക്രട്ടറി സെലിൻ മേപ്പാടത്ത് എന്നിവർ ക്ലാസുകൾ

നയിച്ചു. ഇതുവരെ നേതൃത്വപരിശീലനം നടക്കാത്ത മേഖലകളിൽ സെമിനാറുകൾ സംഘടിപ്പിക്കുമല്ലോ. എല്ലാ മേഖലകളിലും പരിസ്ഥിതിദിനം വിവിധ പരിപാടികളോടെ ആചരിക്കുകയും വാട്സ്ആപ്പ് സന്ദേശം നൽകുകയും ചെയ്തു. ജൂൺ 8 വി. മറിയം ത്രേസ്യയുടെ തിരുനാൾ ദിനത്തിൽ വീഡിയോ സന്ദേശം നൽകി. അന്തർദേശീയ മാതൃവേദി ഒരുക്കുന്ന മാതാവിന്റെ സ്തോത്രഗീതം മത്സരത്തിൽ രൂപതയിലെ എല്ലാ അമ്മമാരും പങ്കെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭിച്ചു.

**മേഖലാ വാർത്തകൾ**

**പയ്യമ്പള്ളി**

ഓരോ ദിവസവും വായിക്കേണ്ട ബൈബിൾ ഭാഗം ശാഖകളിലേക്ക് അയച്ചു. വിശുദ്ധരെ പരിചയപ്പെടുത്തൽ ഓരോ മാസവും ശാഖയിൽ നിന്നുള്ളവർ ചെയ്യുന്നു. വചന വൃക്ഷത്തോടൊപ്പം, മാതാവിനെ അലങ്കരിച്ചു. ഗർഭിണികളെ സന്ദർശിച്ച് ഉണ്ണീശോയുടെ രൂപം സമ്മാനമായി നൽകി.

**മുള്ളൻകൊല്ലി**

മാതൃദിനത്തിൽ ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ മരക്കടവ് വൃദ്ധസദൻ സന്ദർശിച്ച് ഭക്ഷണം തയ്യാറാക്കി നൽകി. രൂപതയുടെ സുവർണ്ണജൂബിലിയ്ക്ക് എല്ലാ ഭവനങ്ങളിലും തിരിതെളിച്ച് ആരംഭം കുറിച്ചു. ജൂബിലി പ്രാർത്ഥന തയ്യാറാക്കി. വണക്കമാസാചരണം നടത്തി. വചന വൃക്ഷം തയ്യാറാക്കി മാതാവിനെ അലങ്കരിച്ച മത്സരത്തിൽ മേഴ്സി വെട്ടുകല്ലുംപുറത്ത് മേഖലയിൽ ഒന്നാം സ്ഥാനവും ലിന്റാ മൂടോക്കുഴി സീതാമൗണ്ട് രണ്ടാം സ്ഥാനവും ബിൻസി കുറ്റിപ്പുഴ പുൽപ്പള്ളി മൂന്നാം സ്ഥാനവും നേടി. ശിശുമല ഇൻഫന്റ് ജീസസ് പള്ളിയിൽ വച്ച് നടന്ന ഏലിശ്വാ സംഗമത്തിൽ മേഖലയുടെ വിവിധ ശാഖകളിൽ നിന്ന് 65 അമ്മമാർ പങ്കെടുത്തു. ഫാ. ജിനോ ഭരണികുളങ്ങര എറണാകുളം, ഫാ. ഷിന്റോ വാഴപ്പള്ളി സി.എം.ഐ തലശ്ശേരി എന്നിവർ ക്ലാസ്സെടുത്തു. മരക്കടവ് ശാഖയിൽ വച്ച് മേഖലാ എക്സിക്യൂട്ടീവ് ചേർന്നു. മാതാവിന്റെ വണക്കമാസ സമാപനത്തിൽ മേഖല മുഴുവനും ഉൾപ്പെടുത്തി അഖണ്ഡ ജപമാല ചൊല്ലി പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ച് ലോകം മുഴുവനും വേണ്ടി പ്രാർത്ഥിച്ചു.

**മണിമൂളി**

വണക്കമാസാചരണം നടത്തി.പരിശുദ്ധ അമ്മയുടെ വണക്ക മാസ ആചരണത്തിന്റെ ഭാഗമായി വചനവൃക്ഷത്തിൻ അരികെ മാതാവിനെ അലങ്കരിച്ച ഫോട്ടോ എല്ലാ ശാഖകളിൽ നിന്ന് ശേഖരി ക്കുകയും അവയിൽ ഒരെണ്ണം രൂപതയ്ക്ക് അയക്കുകയും ചെയ്തു. രൂപത എക്സിക്യൂട്ടീവിൽ മേഖല പ്രസിഡ് സംബന്ധിച്ചു. മാതൃ ദിനം ആചരിച്ചു.

**കൽപ്പറ്റ**

വണക്കമാസം ആചരണം നടത്തി. വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടവരിൽ വിശുദ്ധ ദേവസഹായം പിള്ള ഉൾപ്പെടെ എല്ലാ പുണ്യാത്മാക്കളുടെ ചിത്രങ്ങളും പോസ്റ്റർ ഇട്ടു.

**ശാഖാ വാർത്തകൾ**

**പറളികുന്ന്**

തൊഴിലാളി ദിനത്തിൽ തൊഴിലാളികളെ ആദരിച്ചു. അന്താ രാഷ്ട്ര മാതൃദിനത്തിൽ മാതൃത്വത്തിന്റെ മഹത്വം വിശദമാക്കുന്ന സന്ദേശങ്ങൾ കൈമാറി. മാതാവിന്റെ വണക്കമാസം ആചരിച്ചു. രൂപ തയുടെ ജൂബിലി വർഷത്തിൽ ഏകസ്ഥയുടെ ഭവനം നവീകരിച്ചു. അന്താരാഷ്ട്ര കുടുംബ ദിനത്തിൽ ശിഥിലമായി കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തി.

**തേൾപ്പാറ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. മരങ്ങൾ നട്ടു. വിശ്വാസ പരിശീലന പ്രവേശനോ ത്സവം മനോഹരമാക്കാൻ സഹകരിച്ചു.

**മരക്കടവ്**

വീടുകളിൽ വണക്കമാസം ആചരിച്ചു. രൂപതയുടെ സുവർണ ജൂബിലിക്ക് ഇടവകയിലും വീടുകളിലും തുടക്കം കുറിച്ചു. മാന സികഉല്ലാസത്തിനും സന്തോഷം പങ്കുവെക്കുന്നതിനും ഉല്ലാസ യാത്ര നടത്തി. കുടുംബദിനം ആചരിച്ചു. പരിശുദ്ധ മാതാവിനെ അലങ്കരിച്ച്, വചന വൃക്ഷം ഉണ്ടാക്കുന്നതിൽ മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പാവപ്പെട്ട രണ്ട് കുടുംബങ്ങളെ സഹായിച്ചു.

**പാലാങ്കര**

മാതൃദിനം ആഘോഷിച്ചു. സ്കൂൾ തുറക്കുന്നതിനു മുന്നോടി യായി നിർധനരായ കുട്ടികൾക്കുള്ള സഹായ വിതരണം നടത്തി.

**കുഞ്ഞോം**

മാതാവിന്റെ രൂപം അലങ്കരിക്കുകയും വചന വൃക്ഷം ഒരുക്കുകയും ചെയ്യുന്ന മത്സരത്തിൽ പങ്കെടുത്തു. തൊഴിലാളി ദിനത്തിൽ വിവിധ നിയോഗങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. വണക്കമാസം ആചരിച്ചു. സാന്താ മോണിക്ക മധ്യസ്ഥപ്രാർത്ഥന നടത്തി.

**പോരൂർ**

എക്സിക്യുട്ടീവ് മീറ്റിംഗ് നടത്തി. മാതവിന്റെ വണക്കമാസ വായന എല്ലാ കുടുംബങ്ങളിലും നടത്തി. അന്താരാഷ്ട്ര കുടുംബ ദിനത്തോടനുബന്ധിച്ചു 5 മക്കളുള്ള ദമ്പതികളെ ആദരിച്ചു. സമ്മാനങ്ങൾ നൽകി. കണിയാരം കത്തീഡ്രൽ വെച്ച് നടന്ന നേതൃത്വ പരിശീലനത്തിൽ ഭാരവാഹികൾ പങ്കെടുത്തു. ദേവാലയവും പരിസരവും വൃത്തിയാക്കി.

**ഇരുളം**

മാതാവിനെ അലങ്കരിച്ചു. വചന വൃക്ഷം തയ്യാറാക്കുന്ന മത്സരത്തിൽ പങ്കുചേർന്നു. ജൂബിലി സ്മാരകമായി രൂപതാ തലത്തിൽ നടക്കുന്ന ഭവനനിർമ്മാണത്തിന് 3000/- രൂപ സംഭാവനയായി നൽകി. ശിശുമലയിൽ വച്ച് നടന്ന ഏലീശാ സംഗമത്തിൽ രണ്ടു പേർ പങ്കെടുത്തു. 43 വിദ്യാർഥികൾക്കായി 14355/- രൂപയ്ക്കുള്ള നോട്ട്ബുക്കും കുടയും വിതരണം ചെയ്തു. സ്കൂൾ ഫീസ്, യൂണിഫോം, ഡ്രസ്സ് എന്നിവയ്ക്ക് ബുദ്ധിമുട്ടുന്ന 6 കുടുംബങ്ങൾക്ക് സ്പോൺസർഷിപ്പ് ആയി ലഭിച്ച 21000/- രൂപ സംഭാവനയായി നൽകി. വണക്കമാസ സമാപനത്തിന് അഖണ്ഡ ജപമാല നടത്തി.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 'മാതാവിന്റെ രൂപം അലങ്കരിക്കൽ - വചന വൃക്ഷം' മത്സരത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. വചനകവചം-79270 പ്രാവശ്യം വചനംചൊല്ലി പ്രാർത്ഥിച്ചു. വണക്കമാസ പാരായണം നടത്തി.

**മാനന്തവാടി**

വണക്കമാസം ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. കത്തീഡ്രൽ പള്ളിയിൽ നടന്ന ഭാരവാഹി സംഗമത്തിൽ പങ്കെടുത്തു. മാതാവിനെ അലങ്കരിക്കൽ മൽസരത്തിൽ പങ്കെടുത്തു. വണക്കമാസം വീടൽ എല്ലാ കുടുംബങ്ങളിലും നടത്തി.

**ഏലപ്പീടിക**

രോഗി സന്ദർശനം നടത്തി. കണിയാരത്ത് വെച്ച് നടന്ന നേതൃത്വ പരിശീലന സെമിനാറിൽ രണ്ട് പേർ പങ്കെടുത്തു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ Executive മീറ്റിങ്ങ് കൂടി. പ്രവർത്തനങ്ങൾ വിലയിരുത്തി.

**മഞ്ഞൂറ**

വണക്കമാസം വായന എല്ലാ ഭവനങ്ങളിലും നടത്തി. അന്താരാഷ്ട്ര കൂടുംബദിനത്തോടനുബന്ധിച്ച് ഇടവകയിൽ 4 മക്കൾ ഉള്ള ഒരു പാവപ്പെട്ട കുടുംബത്തിന് സാമ്പത്തിക സഹായമായി 1000/- രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. രൂപതയിൽ നടന്ന സുവർണ്ണ ജൂബിലി ഉദ്ഘാടന മീറ്റിംഗിൽ മാതൃവേദി പ്രതിനിധികൾ പങ്കെടുത്തു. ശാഖാവാർഷികം ആഘോഷിച്ചു, വിവിധ മത്സരങ്ങൾ നടത്തി. സമ്മാനങ്ങൾ നൽകി. വചന വൃക്ഷത്തിന് അരികെ മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. മാതാവിന്റെ വണക്കമാസാചാരണം നടത്തി.

**പുതിയിടം**

തൊഴിലാളി ദിനത്തോടനുബന്ധിച്ച് പ്രായമായ കർഷകരെ കണ്ടെത്തി അവരെ ആദരിച്ചു. വണക്കമാസത്തോടനുബന്ധിച്ച് പള്ളിയിൽ വരികയും കുർബ്ബാനയിൽ പങ്കെടുക്കുകയും ചെയ്തു.

**നരിവാലമുണ്ട**

തൊഴിലാളിദിനത്തിൽ വിവിധ തൊഴിൽ മേഖലകളിൽ നിന്നുള്ള അമ്മമാരെ ആദരിച്ചു. ഉപഹാരം നൽകി. മാതൃദിനത്തിൽ എല്ലാ മക്കളും അമ്മക്ക് സമ്മാനം വാങ്ങി ദേവാലത്തിൽ വച്ചു ഡയറക്ടറുടെ നേതൃത്വത്തിൽ നൽകി ആദരിച്ചു. അഖണ്ഡ ബൈബിൾ പാരായണം ആരംഭിച്ചു.കുടുംബദിനത്തിൽ വിവാഹ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിച്ചു. ഉപഹാരം നൽകി. രോഗീ സന്ദർശനം നടത്തി. നഴ്സസ് ഡേ Poster തയ്യാറാക്കി, ആശംസകൾ അറിയിച്ചു.

**പൂക്കോട്ടുംപാടം**

സുവർണ്ണജൂബിലിയുടെ ആരംഭം കുറിച്ചു കൊണ്ട് ഭവനങ്ങളിൽ തിരിതെളിയിച്ചു. മാതൃദിനം, കുടുംബദിനം എന്നിവ ആചരിച്ചു.

വിവാഹത്തിന്റെ 25 വർഷം ആയവരെ ആദരിച്ചു. വണക്കമാസം ആചരിച്ചു. മാതാവിനെ അലങ്കരിച്ചു, വചന വൃക്ഷം ഒരുക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വിവിധ നിയോഗങ്ങൾക്കായി ചെയിൻ റോസറി നടത്തി.

**വടപുറം**

വണക്കമാസം ആചരിച്ചു. കുടുംബദിനം ആചരിച്ചു. ഏലീശ്വ സന്ദർശനം - പരിപാടിയുടെ ഭാഗമായി എല്ലാ ഗർഭിണികളെയും പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിച്ചു. പ്രായമായ മാതാപിതാക്കൾ ഉള്ള ഭവനങ്ങൾ സന്ദർശിച്ചു. വചന വൃക്ഷം ഒരുക്കി, മാതാവിന്റെ രൂപം അലങ്കരിക്കുന്ന മത്സരത്തിൽ, പങ്കെടുത്തു. സമ്മാനാർഹരെ അഭിനന്ദിച്ചു.

**വാളേരി**

വേളാങ്കണ്ണി തീർത്ഥയാത്രയിൽ 15 പേർ പങ്കുചേർന്നു. മാതൃദിനം, കുടുംബദിനം എന്നിവ ആചരിച്ചു. ഇഞ്ചിക്ക് കാടു പറിച്ചു. സാന്താ മോനിക്കാ പ്രാർത്ഥനയിൽ പങ്കുചേർന്നു. വചന കവചം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. ചിട്ടി നറുക്കെടുപ്പ് നടത്തി.

**മരകാവ്**

സുവർണ്ണജൂബിലിയുടെ ആരംഭം കുറിച്ചുകൊണ്ട് ഭവനങ്ങളിൽ തിരി തെളിയിച്ചു. വണക്കമാസം ആചരിച്ചു. വചനവൃക്ഷം തയ്യാറാക്കി. വിവിധ നിയോഗങ്ങൾക്കുവേണ്ടി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗികളേയും ഒറ്റപ്പെട്ടു കഴിയുന്നവരേയും സന്ദർശിച്ചു. അന്താരാഷ്ട്ര മാതൃ ദിനം, കുടുംബ ദിനം എന്നിവ ആചരിച്ചു. മരക്കടവ് വൃദ്ധ സദനം സന്ദർശിച്ചു.

**കരിമാനി**

വണക്കമാസം ആചരിച്ചു. എല്ലാ കുടുംബങ്ങളിലും ജൂബിലി തിരി തെളിയിച്ച് പ്രാർത്ഥന നടത്തി. രോഗി സന്ദർശനം, ഭവന സന്ദർശനം നടത്തി. അന്താരാഷ്ട്ര മാതൃ ദിനം, കുടുംബ ദിനം എന്നിവ ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി തിരുഹൃദയ ജപമാല, കരുണകൊന്ത ചൊല്ലി. മാതാവിനെ അലങ്കരിച്ച് വചന വൃക്ഷം തയ്യാറാക്കി. ക്രൈസ്തവ മാസികകൾ വിതരണം ചെയ്യുന്നു. ഗവ. ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കാൻ സഹായിച്ചു.

**കുറുമണി**

തൊഴിലാളി ദിനത്തിൽ ഏറ്റവും പ്രായം ചെന്ന കർഷകനെ ആദരിച്ചു. ഏറ്റവും കൂടുതൽ മക്കളുള്ള 2 കുടുംബങ്ങളെ ആദരിച്ചു. നഴ്സസ് ദിനത്തിൽ ഇടവകയിലെ എല്ലാ നഴ്സുമാർക്കും ആശംസ അറിയിച്ചു.

**പേര്യ**

കോളയാട് സ്നേഹ ഭവൻ സന്ദർശിച്ചു. പിടി അരിയും പച്ചക്കറികളും നൽകി. സാമ്പത്തിക സഹായം നൽകി. കണിയാരത്ത് വെച്ച് നടത്തിയ ഭാരവാഹികളുടെ നേതൃത്വപരിശീലന ക്യാമ്പിൽ 4 പേർ പങ്കെടുത്തു. രജിസ്ട്രേഷൻ പുതുക്കി.

**കയ്യുന്നി**

വണക്കമാസം ആചരിച്ചു. തൊഴിലാളി ദിനത്തിൽ തൊഴിലാളികളെ ആദരിച്ചു. കുടുംബ ദിനത്തോടനുബന്ധിച്ച് കുടുംബങ്ങളിൽ മാതാപിതാക്കളും മക്കളും തമ്മിൽ പരസ്പരം ആദരിക്കൽ നടത്തി. ചെയിൻ റോസറി നടത്തി. വണക്കമാസ സമാപനത്തോടനുബന്ധിച്ച് വചന വൃക്ഷം ഉണ്ടാക്കി. മാതാവിന്റെ രൂപത്തിന് മുൻപിൽ കുട്ടികൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**നടവയൽ**

മാനന്തവാടി രൂപത ജൂബിലി വർഷം പ്രമാണിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രാർത്ഥനാ യജ്ഞത്തിന് നടവയൽ ഇടവകയിൽതുടക്കംകുറിച്ചു. ഓരോ ആഴ്ചയും ഓരോ നിയോഗം തിരുസഭയ്ക്കും തിരുസഭാ അധികാരികൾക്കും വൈദികർ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. മാതൃദിനം ആചരിച്ചു. നഴ്സസ് ദിനത്തിൽ നഴ്സുമാരെ ആദരിച്ചു. രോഗി സഹായമായി 1000/ രൂപയും വിദ്യാഭ്യാസ സഹായമായി 1000/ രൂപയും നൽകി.

**കളത്തുവയൽ**

വണക്കമാസം ആചരണം നടത്തി. കുടുംബദിനത്തിൽ ഇടവകകളിൽ ഏറ്റവും കൂടുതൽ മക്കളുള്ള കുടുംബത്തെ ആദരിച്ചു. സമ്മാനങ്ങൾ നല്കി. പരിശുദ്ധ അമ്മയുടെ രൂപം അലങ്കരിച്ച്, വചന വൃക്ഷം തയ്യാറാക്കുന്ന മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**കുറുമ്പാല**

വണക്കമാസം ആചരണം നടത്തി. മാതൃദിനത്തിൽ 'മാതൃത്വത്തിന്റെമഹത്വം' എന്നവിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസ

മത്സരം നടത്തി. ജൂബിലി വർഷത്തിന് ആരംഭം കുറിച്ച് വീടുകളിൽ തിരികൾ തെളിയിച്ചു.അഖണ്ഡജപമാല ചൊല്ലി പ്രാർത്ഥിച്ചു രോഗി സന്ദർശനം നടത്തി. സാന്താ മോനിക്ക നടത്തി.

**പ്രശാന്തിഗിരി**

വണക്കമാസം ആചരിച്ചു. മാതൃദിനം, കുടുംബദിനം എന്നിവ ആചരിച്ചു. സ്നേഹാലയം സന്ദർശിച്ചു. മാതാവിനെ അലങ്കരിക്കൽ, വചന വൃക്ഷം തയ്യാറാക്കൽ മത്സരത്തിൽ 3 പേർ പങ്കെടുത്തു. എക്സിക്യുട്ടീവ് മീറ്റിംഗ് നടത്തി.

**സീതാമൗണ്ട്**

രൂപതാ സുവർണ്ണ ജൂബിലി ഉദ്ഘാടനത്തിൽ 2 പേർ പങ്കെടുത്തു. ഭാരവാഹികളുടെ നേതൃത്വത്തിൽ വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. മാതൃദിനത്തിൽ ഏറ്റവും കൂടുതൽ മക്കളുള്ള കുടുംബത്തെ ആദരിച്ചു. വണക്കമാസ സമാപനത്തിൽ അഖണ്ഡ ജപമാല നടത്തി.

**കൽപ്ര**

ഇടവകയുടെ നവീകരണത്തിനായി എല്ലാ ആഴ്ചകളിലും മധ്യസ്ഥ പ്രാർത്ഥന നടത്തി വരുന്നു. രോഗി സന്ദർശനം ഭവന സന്ദർശനം, എന്നിവ നടത്തി. വചനവൃക്ഷ മത്സരത്തിൽ പങ്കെടുത്തു. ആനിമേറ്റർ സിസ്റ്ററിനു യാത്രയയപ്പ് നൽകി.

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

**ലോഗോസ് 2022**

**ഓൺലൈൻ രജിസ്ട്രേഷൻ**

2022 ലോഗോസ് രജിസ്ട്രേഷൻ ജൂൺ ഒന്നു മുതൽ ആരംഭിച്ചു. ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നവർക്ക് നേരിട്ട് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ലഭ്യമല്ല. ഓരോ ഇടവക അല്ലെങ്കിൽ സെന്ററിന്റെ ചുമതലപ്പെട്ടവർ വഴിയാണ് രജിസ്ട്രേഷൻ നടത്തുക. അതിനായി ഓരോ ഇടവകയ്ക്കും ഒരു User Name ഉം Password ഉം നല്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം സെന്റർ ഇൻ ചാർജിന് ലഭിച്ചിട്ടുള്ള User Name ഉം Password ഉം തന്നെയാണ് ഈ വർഷവും ഉപയോഗിക്കേണ്ടത്. അത് ഉപയോഗിച്ചു മാത്രമേ രജിസ്ട്രേഷൻ നടത്താൻ സാധിക്കുകയുള്ളൂ. അതുപോലെ തന്ന ഹാൾടിക്കറ്റ്, റിസൽട്ട് എന്നിവയെല്ലാം അതിൽനിന്നു തന്നെ ലഭിക്കുന്നതായിരിക്കും. കാറ്റഗറി തിരിച്ചുള്ള എല്ലാ വിവരങ്ങളും നമുക്ക് കൺട്രോൾ പാനലിൽ നിന്ന് ലഭ്യമാകും. ലോഗോസ് ക്വിസ് വെബ്സൈറ്റിൽ (logosquiz.org) Select Diocese എന്ന ഓപ്ഷനിൽ അതാത് രൂപത സെലക്റ്റ് ചെയ്യുക. രൂപതയുടെ പേജിൽ കയറിക്കഴിഞ്ഞാൽ രൂപതാ ഓഫീസ് ലോഗിൻ ചെയ്യാനുള്ള ലിങ്കും ഒരു പാരിഷ്/സെന്റർ ലോഗിൻ ചെയ്യാനുള്ള ഓപ്ഷനും ഉണ്ട്. സെന്റർ ലോഗിൻ ചെയ്ത് കഴിഞ്ഞാൽ ആദ്യം വരുന്ന പേജിൽ സെന്റർ ഇൻ ചാർജിന്റെ പേരും, E-mail Id യും ഫോൺ നമ്പരും കൊടുത്ത് Submit ചെയ്യുക. ഒറ്റത്തവണ മാത്രമേ ഇത്തരം വിവരങ്ങൾ കൊടുക്കേണ്ടതുള്ളൂ. ലോഗിൻ പേജിൽ നിന്നുമാണ് ആളുകളെ ചേർക്കുകയും മാറ്റുകയും ചെയ്യുന്നത്. കൺട്രോൾ പാനലിൽനിന്നും വിശദ വിവരങ്ങൾ മലയാളത്തിൽ ലഭ്യമാണ്. സംശയമുണ്ടാകുന്ന പക്ഷം രൂപതയിൽ വിളിക്കാവുന്നതാണ് (8547266096). എല്ലാ ദിവസവും രജിസ്റ്റർ ചെയ്യുന്ന വിവരങ്ങളുടെ Backup എടുത്തു സൂക്ഷിക്കുക. സെന്റർ ലോഗിനിൽ വരുന്ന നിർദേശങ്ങൾ അനുസരിച്ച് മാത്രം ചെയ്യുക. എല്ലാ ഇടവകയിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ എന്നീഭാഷകളിൽ പരീക്ഷ എഴുതാവുന്നതാണ് .

| Registration Steps<br>Malayalam | English |
|---|---|
| 1 ലോഗോസ് ക്വിസ് വെബ്സൈറ്റിൽ കയറുക | (logos quiz.org) |
| 2 രൂപത തിരഞ്ഞെടുക്കുക. | Select Diocese |
| 3 രൂപതയുടെ പേജിൽ - രൂപത/Diocese ലോഗിൻ ചെയ്യാനുള്ള ലിങ്കും, സെന്റർ/ Centre ലോഗിനും ഉണ്ട്. | Select Centre Login |
| 4 സെന്റർ ലോഗിനിൽ User Name ഉം Password ഉം കൊടുക്കുക | Type User name & Pass word |
| 5 സെന്റർ ഇൻ ചാർജിന്റെ പേര്, ഫോൺ നമ്പർ എന്നിവ കൊടുക്കുക. | Email Id, After give Name, E-mail Id and Phone number of Centre Charge |
| 6 Sumbit ചെയ്യുക | Sumbit |

**ഫാ. ബിനു വടക്കേൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളുവിൻ(ലൂക്കാ11.35). നാമോരോരുത്തരിലും ദൈവം നന്മയുടെ വെളിച്ചം സന്നിവേശിപ്പിച്ചിട്ടുണ്ട്. ആ വെളിച്ചമാണ് ദൈവാത്മാവ്. നമ്മുടെ പ്രവർത്തനങ്ങൾ ദൈവാത്മാവിന്റെ പ്രചോദനമനുസരിച്ചായിരിക്കണം. ഓരോ വിൻസെൻഷ്യനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനുള്ള ആഹ്വാനമാണ് ദൈവം നല്കിയിരിക്കുന്നത്. ഈ ബോധ്യത്തോടെയാവണം നമ്മുടെ പ്രവർത്തനങ്ങൾ. പലപ്പോഴും നാം ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ പോകാറുണ്ട്. ഇങ്ങനെ സംഭവിക്കുമ്പോൾ ഇതിന്റെ പിന്നിലെ ദൈവീകപദ്ധതി അറിയാതെ പോകുന്നതുമൂലമാണ് നാം അസ്വസ്ഥരാകുന്നത്. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ (സുഭാഷിതങ്ങൾ16.1). മറ്റുള്ളവരെ സഹായിക്കുവാനുള്ള മനസ്സാണ് ഓരോ വിൻസെൻഷ്യനും കരഗതമാകേണ്ടത്. ഇതിനായി മനസ്സിൽ സ്നേഹം വളർത്തിയെടുക്കണം. ദൈവത്തിന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം. ഇതിന് തീഷ്ണമായ പ്രാർത്ഥന ആവശ്യമാണ്. മറ്റുള്ളവരെ നാം സഹായിക്കുമ്പോൾ ദൈവകരുണയാണ് നാം അവർക്കു മുന്നിൽ തുറന്നു കാണിക്കുന്നത്. ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയും മറ്റുള്ളവരിലേക്ക് എത്തുന്നത് ദൈവമക്കളായ നാമോരോരുത്തരിലൂടെയുമാണ്. നിങ്ങളുടെ ദൈവമായ കർത്താവ് കരുണയുള്ള ദൈവമാണ് (നിയമാവർത്തനം 4.31). നമ്മുടെ ഹൃദയത്തിലുള്ളവയാണ് നമ്മുടെ വാക്കുകളിലും പ്രവർത്തികളിലും പ്രതിബിംബിക്കുന്നത്. ഹൃദയത്തിൽ നന്മ കാത്തുസൂക്ഷിക്കുന്ന ഒരു വിൻസെൻഷ്യനും അപരനെ ദ്വേഷിക്കുവാൻ സാധിക്കുകയില്ല. ഓരോ വ്യക്തിക്കും വ്യത്യസ്തങ്ങളായ കഴിവുകളാണ് ഉള്ളത്. ദൈവം നല്കിയിരി

ക്കുന്ന ആ കഴിവുകൾ ദൈവീകമായി നാം നിർവഹിക്കുമ്പോൾ ദൈവസ്നേഹം നമ്മിൽ നിറയും. എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും (മിക്ക7.7),എന്ന ഉറച്ച ബോധ്യം ഓരോ വിൻസെൻഷ്യ നിലും വളർന്നുവരട്ടെ.

**സി.സി. യോഗം**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽകൗൺസിൽ യോഗം 2022 ജൂൺ 10ന് നടവയൽ ഓസാനാം ഭവൻ ഹാളിൽ ചേർന്നു. സി.സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. മുൻ സി.സി. പ്രസിഡണ്ട് ബ്ര. കെ.ജി. ജസ്റ്റിൻ, ടി.ടി.സണ്ണി എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. പരേതാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു.സി.സി.യുടെ പുതിയ ആത്മീയ ഉപദേഷ്ടാവായി നിയമിതനായ റവ. ഫാ. ജോജോ കുടക്കച്ചിറയെ യോഗത്തിലേക്ക് സ്വീകരിച്ചു. ജോജോ അച്ചന് ബൊക്കെ നല്കി സി.സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി സ്വീകരിച്ചു. മാറിവരുന്ന ലോകത്തിൽ സുവിശേഷവത്ക്കരണത്തിന് ഏറെ പ്രസക്തിയുണ്ടെന്നും അവനവനായിരിക്കുന്ന അവസ്ഥയിൽ സുവിശേഷം പ്രഘോഷിക്കുവാൻ നാം തയാറാവണമെന്നും ആത്മീയ ഉപദേഷ്ടാവ് ഉത്ബോധിപ്പിച്ചു. നവീനമായ സാങ്കേതിക വിദ്യകൾ ലോകത്തെ കീഴടക്കുമ്പോൾ ആധ്യാത്മികത നഷ്ടമാകുന്നുണ്ടോയെന്ന് നാം ഗൗരവത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മൾ സഭയോട് ചേർന്നുനിന്ന് പ്രവർത്തിക്കുന്നവരാവണം. ക്രൈസ്തവമൂല്യങ്ങൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ നമുക്കാവണം ജോജോ അച്ചൻ ആഹ്വാനം ചെയ്തു. സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ട് ചർച്ചകൾക്കുശേഷം ഭേദഗതികളോടെ യോഗം അംഗീകരിച്ചു. സി.സി.യുടെ വരവ് ചിലവ് കണക്കുകൾ സി.സി. ട്രഷറർ ബ്ര. എൻ. യു. ജോൺ, ഓസാനംഭവൻ കണക്കുകൾ സെക്രട്ടറി ബ്ര. വിൻസെൻറ് ജോൺ എന്നിവർ അവതരിപ്പിച്ചു. യോഗം ചർച്ചകൾക്കുശേഷം ഇവ അംഗീകരിച്ചു. ഓസാനംഭവൻ ഫാമിലിഭവന് ഒരു വീടുകൂടി നിർമ്മിക്കുവാൻ യോഗം തീരുമാനിച്ചു. പ്രവർത്തന കാലാവധി പൂർത്തിയാകുന്നതിനാൽ സി.സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ്

ആക്കാന്തിരി യോഗത്തിൽ രാജി സമർപ്പിച്ചു. സി.സി. വൈസ്പ്രസിഡണ്ട് ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ രാജി സ്വീകരിച്ചു. നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന സെപ്തംബർ 10നു മുമ്പായി തെരഞ്ഞെടുപ്പു നടത്തുന്നതിനായി റിട്ടേണിംഗ് ഓഫീസറായി സി. സി. വൈസ് പ്രസിഡണ്ട് ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേലിനെ യോഗം നിയമിച്ചു. സമാപനപ്രാർത്ഥനയോടെ യോഗം സമാപിച്ചു.

പ്രാർത്ഥന ആശംസകളോടെ,

**ബ്ര. ജോർജ്ജ് ആക്കാന്തിരി**

(സി.സി. പ്രസിഡണ്ട്)

**ബ്ര. ബാബു നമ്പുടാകം**

(സി.സി. ജനറൽ സെക്രട്ടറി)

# സാമൂഹ്യ സേവനരംഗം (WSSS)

**തുക അനുവദിച്ചു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന മട്ടിലയം കെ.എഫ്.ഡബ്ല്യു പദ്ധതിയുടെ നടത്തിപ്പിന് ഗ്രാന്റ് അനുവദിച്ചു. അടുത്ത 06 മാസക്കാലം നടപ്പിലാക്കേണ്ട വിവിധ പദ്ധതികളായ നെൽകൃഷി വ്യാപനം, ജൈവവേലി നിർമ്മാണം, പയറുവർഗ്ഗങ്ങളുടെ വ്യാപനം, ജൈവകൃഷി വ്യാപനം, വിവിധ പരിശിലന പരിപാടികൾ, പഠന യാത്ര എന്നിവയ്ക്കാണ് തുക അനുവദിച്ചിരിക്കുന്നത്.

**പഠനയാത്ര നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ആട് ഗ്രാമം പദ്ധതിയിലെ ലീഡേഴ്സിന് വേണ്ടി കാസർഗോഡ് ചിറ്റാരിക്കലിലുള്ള ഗുഡ് ഷെപ്പേർഡ് ഗോട്ട് ഫാമിലേക്ക് പഠനയാത്ര നടത്തി. ആട് ഗ്രാമം പദ്ധതിയുടെ ഭാഗമായി ഇതിനോടകം 90 വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി ആട് വളർത്തലിൽ 05 ദിവസത്തെ വിശദമായ പരിശീലനം നൽകിയിരുന്നു. കൂടാതെ ഇവരെ 18 തുല്യ ബാധ്യത സംഘങ്ങളായി രൂപീകരിച്ച് കാനറ ബാങ്കിൽ നിന്നും ഓരോ വ്യക്തികൾക്കും 40000 രൂപ വീതം വായ്പ നൽകുകയും ചെയ്തു. പ്രസ്തുത തുക ഉപയോഗിച്ച് ഓരോരുത്തരും 02 ആടുകളെ വീതം വാങ്ങുകയുണ്ടായി. ആടുവളർത്തൽ ശാസ്ത്രീയമായി നടത്തുന്ന ഒരു യൂണിറ്റ് കണ്ട് കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിന് വേണ്ടിയാണ് പഠനയാത്ര സംഘടിപ്പിച്ചത്. പഠനയാത്രയിൽ പാലോട്ട്, മക്കിമല, എടമുണ്ട, വീട്ടിയാമ്പറ്റ, കരിക്കാട്ടിൽ, എടത്തന, കാവിൽപ്പാടം, ഇടിക്കര എന്നിവിടങ്ങളിൽ നിന്നും ഉള്ള 18 ലീഡേഴ്സ് പങ്കെടുത്തു. പഠനയാത്രക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം കോ-ഓർഡിനേറ്റർ, ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി.

മുള്ളൻകൊല്ലി സ്പ്രിംഗ് ഷെഡ് പ്രൊജക്റ്റ്, ആദ്യഘട്ട പ്രവർത്തനങ്ങൾ അവസാനിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വന്നിരുന്ന സ്പ്രിംഗ് ഷെഡ് പ്രൊജക്റ്റിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. പൊതുശ്രമദാനം, നൊച്ചിക്കണ്ടി കനാൽ നിർമ്മാണം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പഠനയാത്ര, കുടുംബങ്ങൾ അടിസ്ഥാനമാക്കിയുള്ള സർവ്വേ എന്നീ പ്രവർത്തനങ്ങൾ ആണ് ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചത്. നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് നബാർഡ് ചീഫ് ജനറൽ മാനേജർ പി. ബാലചന്ദ്രൻ, നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജിഷ വി എന്നിവർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി.

## ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2022-2024 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ് എസ് എൽ സി യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ WSSS ഓഫീസുമായി നേരിട്ടു ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

## ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു

കട്ടിംഗ് & ടെയ്ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY പദ്ധതിയിൽ

ഫിറ്റർ ഫാബ്രിക്കേഷൻ ബാച്ചിന്റെ സെന്റ് ഓഫ് മീറ്റിംഗും നടത്തുകയുണ്ടായി. WSSS ഡയറക്ടർമാരായ റവ. ഫാ. പോൾ കൂട്ടാല, റവ. ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ സന്നിഹിതരായിരുന്ന മീറ്റിംഗിൽ കുട്ടികളുടെ കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് വിതരണവും നടത്തി. സി. ഡോ. ഡോണ, സി. ജോൺസി എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് വേണ്ടി കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തുകയും അതുപോലെ വിദ്യാർത്ഥികളുടെ ഉല്ലാസത്തിനായി വിനോദയാത്ര നടത്തുകയും ചെയ്തു. തികച്ചും സൗജന്യമായ ഈ കോഴ്സിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം, കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകി വരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകി പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100 % ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലി ചെയ്യുമ്പോൾ സാലറിക്ക് പുറമെ 6000, 3000, 2000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. ഫുഡ് പ്രൊസസിംങ് ആൻഡ് പ്രിസർവേഷൻ എന്ന മൂന്നു മാസം ദൈർഘ്യമുള്ള കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഈ കോഴ്സിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ 9526476596 എന്ന നമ്പറിലോ WSSSന്റെ ഓഫീസുമായോ ബന്ധപ്പെടുക

**SWS (സോഷ്യൽ വെൽഫയർ സൊസൈറ്റി)**

**സോഷ്യൽ വെൽഫയർ സൊസൈറ്റി രൂപീകരണം**

മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ പ്രാദേശികമായി നടപ്പിലാക്കുന്നതിനായി മുള്ളൻകൊല്ലി ഇടവകയിൽ പുതിയ യൂണിറ്റ് രൂപീകരിച്ചു. ഫൊറോന വികാരി റവ. ഫാ. ജോസഫ് തേക്കനാടി അദ്ധ്യക്ഷത വഹിച്ചു. WSSS അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്തംഗം ബീന ജോസ്, ആനിമേറ്റർ സി.

എൽസിറ്റ, ഫീൽഡ് കോർഡിനേറ്റർ സുജ മാത്യു, ബിന്ദു വാഴപ്പള്ളി എന്നിവർ സംസാരിച്ചു.

**SHG വാർഷികാഘോഷം**

തിരുനെല്ലി പഞ്ചായത്തിലെ ബഡ്സ് പാരഡൈസ് സ്പെഷ്യൽ സ്കൂളിൽ വെച്ച് ഇലവൻ സ്റ്റാർ പുരുഷ സ്വാശ്രയ സംഘത്തിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി 100 പേർക്ക് ഉച്ചഭക്ഷണവും 38 കുട്ടികൾക്ക് സ്കൂൾ ബാഗ് വിതരണവും നടത്തി. WSSS ഡയറക്ടർ റവ. ഫാ പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. തിരുനെല്ലി പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മെമ്പറായ ശ്രീമതി റുഖിയ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വാർഷികത്തോടനുബന്ധിച്ച് ബഡ്സ് സ്കൂൾ പ്രവേശനോത്സവവും നടത്തി. തിരുനെല്ലി പഞ്ചായത്ത് ഭരണ സമിതിയംഗങ്ങളായ ശ്രീ. രാധാകൃഷ്ണൻ, ശ്രീ. ഹരി, ശ്രീമതി ബിജി, ശ്രീമതി വസന്ത, ശ്രീ. സിജിത്ത് എന്നീ മെമ്പർമാരും ശ്രീ. ബേബിമാഷ്, WSSS റീജിയണൽ കോർഡിനേറ്റർ ആലീസ് സിസിൽ, ആനിമേറ്റർ ശ്രീമതി ജയന പ്രമോദ്, ഇലവൻ സ്റ്റാർ സംഘത്തിന്റെ ഭാരവാഹികളായ ബൽരാജ്, ഉമ്മർ, ജില്ലാ മിഷൻ ബഡ്സ് സ്കൂൾ കോഡിനേറ്റർ ശ്രീ. ബിജോയി, CDS ചെയർപേഴ്സൺ ശ്രീമതി സൗമിനി എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികൾക്കുള്ള സ്കൂൾ ബാഗ് വിതരണത്തിന്റെ ഉദ്ഘാടനം WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. ബഡ്സ് സ്കൂൾ പ്രധാന അധ്യാപകനായ ശ്രീ. ആഷിക്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായി നിയമിതനായ വ്യാസ് സാർ, ഡാൻസ് ടീച്ചർ ശ്രീ. സുധീഷ് യു ചേലൂർ എന്നിവരെ മെമന്റോ നൽകി ആദരിക്കുകയും ചെയ്തു.

**പരിസ്ഥിതി ദിനാഘോഷം**

തവിഞ്ഞാൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനം ആചരിച്ചു. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിലെ MSW വിദ്യാർത്ഥി കൂടിയായ റവ. ഫാ. ജിനോ ഭരണികുളങ്ങര പരിസ്ഥിതി വ്യതിയാനവും ജീവിത ശൈലി രോഗങ്ങളും എന്ന വിഷയത്തെപറ്റി ക്ലാസ്സെടുത്തു.

കല്ലോടി SWS ൽ ചക്കവിഭവങ്ങൾ ഉണ്ടാക്കുന്ന പരിശീലനത്തിന് ഫീൽഡ് കോർഡിനേറ്റർ ശ്രീമതി ഷീന ആന്റണി നേതൃത്വം നൽകി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പയ്യംപള്ളി, കുറുക്കൻമൂല, പടമല എന്നീ സ്ഥലങ്ങളിൽ വൃക്ഷതൈകൾ നടുകയും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു.

**സോപ്പ് ട്രെയിനിംങ്**

കണിയാരം, ഉദയഗിരി, പഴൂർ, മാനന്തവാടി, കൊയിലേരി, തൃശ്ശിലേരി, സുരഭിക്കവല, ഉദയകവല, പാടിച്ചിറ, എന്നീ സ്ഥലങ്ങളിൽ സോപ്പ് ആൻഡ് ഡിറ്റർജെന്റ് പരിശീലനത്തിന് ഫീൽഡ് കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യൂ എന്നിവർ നേതൃത്വം നൽകി.

**ആശാകിരണം**

ആശാകിരണത്തിന്റെ ഭാഗമായി ചെന്നലോട്, സീതാമൗണ്ട് എന്നീ SWSൽ നിന്നും ഡ്രസ്സുകൾ കളക്ട് ചെയ്തു.

**SWS മീറ്റിംഗ്**

ചെറുകാട്ടൂർ, കബനിഗിരി, ഒഴുക്കന്മൂല, കാരക്കാമല , പയ്യംപള്ളി, പട്ടാണികൂപ്പ്, ശശിമല, സീതാമൗണ്ട്, പാടിച്ചിറ, കുറുമണി, കണിയാമ്പറ്റ, തവിഞ്ഞാൽ, പ്രശാന്തിഗിരി, മൊതക്കര എന്നീ SWS യൂണിറ്റുകളിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിലെ വിദ്യാർത്ഥികളായ ഫാ. ബിബിൻ വരമ്പകത്ത്, ഫാ. ജിനോ ഭരണികുളങ്ങര, ഫാ. ഷിന്റോ വാഴപ്പള്ളി, റിയ, ആൻരൂപ എന്നിവർ മഴക്കാല രോഗങ്ങൾ, പേരന്റിംങ്, കുടുംബജീവിതം, മൊബൈൽ ഫോണിന്റെ ഗുണങ്ങളും ദോഷങ്ങളും എന്നീ വിഷയങ്ങളെ കുറിച്ച് ക്ലാസ്സെടുത്തു.

**ആട് വിതരണം**

ചെറുകാട്ടൂർ, കുഞ്ഞോം, കണിയാമ്പറ്റ, എന്നീ യൂണിറ്റുകളിൽ ആട് വിതരണം നടത്തി. WSSS ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, കണിയാമ്പറ്റ ഇടവക വികാരിയായ ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ചെറുകാട്ടൂർ ഇടവക അസിസ്റ്റന്റ് വികാരി ഫാ. സെബി പാറയിൽ എന്നിവർ നേതൃത്വം നൽകി.

**പുനസംഘാടനം**

മരകാവ് സോഷ്യൽ വെൽഫയർ സൊസൈറ്റിയെ ശക്തിപ്പെടുത്തുന്നതിനായി മീറ്റിംഗ് നടത്തുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇടവക വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ അധ്യക്ഷത വഹിച്ചു. WSSS അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. WSSS പ്രോഗ്രാം ഓഫീസർ മുഖ്യപ്രഭാഷണം നടത്തി. MSW വിദ്യാർത്ഥിയായ ഫാ. ബിബിൻ വരമ്പകത്ത്, റീജിയണൽ കോർഡിനേറ്റർ സുജ മാത്യു എന്നിവർ സംസാരിച്ചു.

**SHG രൂപീകരണം**

മരകാവ്, പള്ളിക്കുന്ന്, കല്ലുമൊട്ടംകുന്ന്, ഒണ്ടയങ്ങാടി, തൃശ്ശിലേരി, ചെന്നലോട് എന്നീ സ്ഥലങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിച്ചു.

**വായ്പാ വിതരണം**

നബാർഡിന്റെ ധനസഹായത്തോടെ 200 തുല്യ ബാധ്യതാ സംഘങ്ങൾക്ക് കാനറ ബാങ്ക്, കേരള ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക് എന്നിവയുടെ സഹായത്തോടെ 4,31,000,00 രൂപയുടെ വായ്പാ വിതരണം പൂർത്തിയായി

**യാത്രയയപ്പ്**

പട്ടാണികൂപ്പ് ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന റവ. ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി, സി. എൽസമ്മ SKD എന്നിവർക്ക് യാത്രയയപ്പ് നൽകി.

**സേവ് എ ഫാമിലി പ്ലാൻ (SAFP)**

രൂപതയിൽ നടത്തിവരുന്ന സേവ് എ ഫാമിലി പ്ലാൻ എന്ന കുടുംബോദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമമായി മുന്നേറുന്നു. സേവ് എ ഫാമിലി പദ്ധതിയിൽ പുതിയ കുടുംബങ്ങളെ ചേർത്തു വരുന്നു. മാനന്തവാടി മുനിസിപ്പാലിറ്റി, തവിഞ്ഞാൽ, വെള്ളമുണ്ട, പനമരം, പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളുടെ പരിധിയിൽപ്പെട്ട ഇടവകകളിൽ നിന്നും അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ചേർക്കുവാൻ സഹകരിക്കണം എന്ന് അപേക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**സമൃദ്ധ കുടുംബം**

സമൃദ്ധകുടുംബം പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കായി മണിമൂളി, ഗൂഡല്ലൂർ, മാനന്തവാടി റീജിയണുകളിൽ റീജിയണൽ മീറ്റിംഗുകൾ നടത്തി. ഈ മീറ്റിംഗുകൾ WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. ഫാ. ബിനോയ് കാശാംകുറ്റിയിൽ, ഫാ. ജിനോജ് പാലത്തടത്തിൽ, എന്നിവർ മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ച് സംസാരിച്ചു. മീറ്റിംഗുകൾക്ക് രൂപതാ കോ-ഓർഡിനേറ്റർ സി. അനിലിറ്റ് എഫ്.സി.സി, ഫാ. ജിനോ, ഫാ. ഷിന്റോ, റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ കരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ് മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മായി മുന്നോട്ടു പോകുന്നു.

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വ മെടുത്ത 20 അംഗങ്ങൾക്ക് പെൻഷൻ ലഭിച്ചു തുടങ്ങി. 02 പേർക്ക് ഈ മാസം പെൻഷന് അപേക്ഷ സമർപ്പിച്ചു.

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത ഷെല്ലി ജോസഫിന് (ഇരുളം) വിവാഹധനസഹായമായി 10000- രൂപ ലഭിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ സ്വാവലംബനിൽ ചേർന്ന 24 പേർക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് ഈ മാസം ഫണ്ട് ലഭിച്ചു.

**ലീഡേഴ്സ് മീറ്റ്**

ഈ പ്രവർത്തന വർഷത്തിലെ KLM രൂപത ലീഡേഴ്സിന്റെ ആദ്യ സമ്മേളനം 2022 മെയ് 28, 29 തിയ്യതികളിലായി എറണാകുളം ആശീർഭവനിൽ വെച്ച് നടന്നു. KLM സംസ്ഥാന പ്രസിഡണ്ട് ശ്രീ ബാബു തണ്ണിക്കോട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനം UTI പ്രസിഡണ്ടും KLM അസിസ്റ്റന്റ് ഡയറക്ടറുമായ ശ്രീ ജോസഫ് ജൂഡ് ഉദ്ഘാടനം ചെയ്തു. KLM സംസ്ഥാന ഡയറക്ടർ റവ. ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ ആമുഖ സന്ദേശം നൽകി. KLM മുൻ സംസ്ഥാന പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറ മ്പിൽ മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു സ്വാഗതവും ട്രഷറർ ശ്രീ. ഡിക്സൺ നന്ദിയും പറഞ്ഞു. 20 രൂപതകളിൽ നിന്നായി 80 ലീഡേഴ്സ് പങ്കെടുത്തു.

KLM ന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഇടവക തല പാരീഷ് കൗൺസിൽ മീറ്റിംഗുകളിൽ ബോധ വത്ക്കരണം നടത്തിവരുന്നു.

2022-23 വർഷത്തിൽ KLM പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായുള്ള വിവിധ പരിശീലന പരിപാടികൾ നടപ്പിൽ വരുത്തുന്നതിനായുള്ള പ്രാരംഭ നടപടി കൾ ആരംഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നത്തിനുമായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1095 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**NPOP ഓഡിറ്റ് ക്രമീകരണങ്ങൾ**

ബയോ അമ്പലവയൽ, ബയോ ബത്തേരി, ബയോ ഇടവക ICS കളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ സോക്കയിൽ നിന്നുള്ള ഓഡിറ്റ് പൂർത്തീകരിക്കുകയും. ബയോ കൽപ്പറ്റ, ബയോ കോട്ടത്തറ, ബയോ കണിയാമ്പറ്റ, ബയോ മാനന്തവാടി, ബയോ മേപ്പാടി, ബയോ മൂപ്പൈനാട്, ബയോ മുള്ളൻകൊല്ലി ICS കളുടെ ഓഡിറ്റ് ക്രമീകരണം പൂർത്തീകരിക്കുകയും ചെയ്തു.

**സന്ദർശനം**

വോഫെയുടെ നേതൃത്വത്തിൽ കർഷകർക്കായി ഒരുങ്ങുന്ന 2 ലക്ഷത്തോളം കുരുമുളക് തൈകൾ ഉത്പാദിപ്പിക്കുന്ന കാർഷിക നേഴ്സറി, NAAP (നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ്) ലെയ്സൺ ഓഫീസർ ശ്രീ. അശോക് കൃഷ്ണ സന്ദർശിച്ചു.

**ഫെയർട്രേഡ് ഓഡിറ്റ് പൂർത്തീകരിച്ചു**

2022 വർഷത്തെ  ബയോവിൻ അഗ്രോ റിസർച്ചിന്റെ ഫയർട്രേഡ് ഓഡിറ്റ് പൂർത്തീകരിച്ചു. ഫ്ളോസേർട്ട് ഓഡിറ്റർ ശ്രീമതി. ഷെല്ലി ജോൺ, ബയോവിൻ ഫെയർട്രേഡിലൂടെ സംഭരിച്ച് വിപണനം ചെയ്ത ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**മാർക്കറ്റിങ്**

മെയ് മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, ചുക്ക്, ഏലക്ക, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, നെതർലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**വേൾഡ് ഓഫ് കോഫീ ഇവന്റ്**

ജൂൺ മാസം 23 മുതൽ 25 വരെ ഇറ്റലിയിൽ വച്ച് നടത്തപ്പെടുന്ന 'വേൾഡ് ഓഫ് കോഫി' പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനായി സംഘടന സമർപ്പിച്ച അപേക്ഷയ്ക്ക് അംഗീകാരം ലഭിക്കുകയും നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക്കിന്റെ ദക്ഷിണേന്ത്യൻ അംബാസിഡർമാരിലൊരാളായി ശ്രീ. വിനീഷ് മാത്യുവിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഏപ്രിൽ മാസം 18964 കിലോ പച്ച ഇഞ്ചി 33.33 രൂപ നിരക്കിലും, 1621 കിലോ ഞാലി പ്പൂവൻ വാഴക്കുല 35 രൂപ നിരക്കിലും, 91 കിലോ പച്ച മഞ്ഞൾ 23 രൂപ നിരക്കിലും, 3230 കിലോ കുരുമുളക് 540 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഏപ്രിൽ മാസത്തിലും മഞ്ഞൾ, ഇഞ്ചി, വാഴപ്പഴം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റു മതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പ നികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**''ധ്വനി 2022'' വാർഷികാഘോഷവും ശ്രോതാക്കളുടെ സംഗമവും**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രക്ഷേപണത്തിന്റെ പതി മൂന്ന്വർഷങ്ങൾ പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് ''ധ്വനി 2022''എന്ന പേരിൽ നടത്തിയ വാർഷികാഘോഷവും ശ്രോതാക്കളുടെ സംഗമവും ഒ.ആർ കേളു എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ദ്വാരക കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 11 ന് രാവിലെ 10.30 ന് ശ്രോതാക്കളുടെ സംഗമവും 11.30 ന് പൊതു സമ്മേളനവും ആയിരുന്നു നടത്തിയത്. പൊതുസമ്മേളനത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. റേഡിയോ മാറ്റൊലിയിലൂടെ വിവിധ മേഖലകളിൽ പ്രതിഭകളായിത്തീർന്ന ബിജു പോൾ കാരക്കാമല, നിഷ മാനിക്കുനി, ബഷീർ കാരക്കുനി എന്നിവരെ ആദരിച്ചു. കാലാവധി പൂർത്തയാക്കുന്ന മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് യാത്രയയപ്പും, പുതിയ അംഗങ്ങൾക്ക് സ്വീകരണവും നൽകി. ലൈബ്രറികൾക്കും കടകൾക്കുമുള്ള റേഡിയോസെറ്റ് വിതരണം എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എച്ച്. ബി. പ്രദീപ് മാസ്റ്റർ നിർവ്വഹിച്ചു. മാനന്തവാടി രൂപതാ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജസ്റ്റിൻ ബേബി, മാനന്തവാടി തഹസീൽദാർ അഗസ്റ്റിൻ എം.ജെ., പനമരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആസ്യ പി.എം എന്നിവർ ആശംസകൾ അർപ്പിച്ചു. റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ ജോസഫ് പള്ളത്ത് നന്ദി അർപ്പിച്ചു. പൊതുസമ്മേളനത്തിന് ശേഷം ശ്രോതാക്കൾക്ക് റേഡിയോ സ്റ്റേഷൻ സന്ദർശിക്കാനും അവസരമുണ്ടായിരുന്നു.

**പങ്കാളിത്തം**

കമ്മ്യൂണിറ്റി റേഡിയോകൾ അടിയന്തിര സേവന വിഭാഗത്തിൽപെടുത്തി പ്രവർത്തിക്കുന്നതിനാൽ ഇതിനാവശ്യമായ പ്രവർത്തന മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി യൂണി

സെഫ് തിരുവനന്തപുരത്ത് വിളിച്ചുചേർത്ത യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

മെയ്21-ന് വെള്ളമുണ്ടയിൽ വെച്ച് നടന്ന സ്നേഹസ്പർശം ജില്ലാ പാലിയേറ്റീവ് വളണ്ടിയർ സംഗമത്തിൽ റെനീഷ് ആര്യപ്പിള്ളി പങ്കെടുത്തു.

**സന്ദർശനം**

റേഡിയോ കൊച്ചി 90 എഫ്. എം ന്റെ സ്റ്റേഷൻ ഡയറക്ടർ കൃഷ്ണകുമാർ സി.കെ, അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ആശ്രിത സി. എസ്.എസ്.റ്റി, പ്രോഗ്രാം ഹെഡ് റ്റാനിയ ലൂയിസ് എന്നിവർ മെയ് 21 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

ലോകപുകയില വിരുദ്ധദിന പരിപാടിയുടെ ഭാഗമായി എസ്.പി.സി അഡീ. നോഡൽ ഓഫീസർ ഷാജൻ വർഗീസുമായി നടത്തിയ അഭിമുഖം മെയ് 31 ന് പ്രക്ഷേപണം ചെയ്തു.

ഡിപ്പാർട്ട്മെന്റ് ഓഫ് സോയിൽ സർവ്വേ ആൻഡ് സോയിൽ കൺസർവേഷൻ ഡയറക്ടർ എസ്. സുബ്രഹ്മണ്യൻ ഐ.എ.എസ് ചീഫ് സെക്രട്ടറി വി.പി ജോയ്, എൻ.എസ്.കെ ഉമേഷ് ഐ.എ.എസ് എന്നിവരുമായി ഫാ. ബിജോ കറുകപ്പിള്ളി മെയ് 19 ന് തിരുവനന്തപുരത്ത് വെച്ച് കൂടിക്കാഴ്ച നടത്തി.

കേരള റേഡിയോ റിപ്പോർട്ടർ ഉണ്ണി പ്രശാന്ത് മാറ്റൊലിയുടെ പ്രവർത്തനങ്ങളേക്കുറിച്ച് മനസ്സിലാക്കുന്നതിനായി ജൂൺ 2 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**തത്സമയഫോൺ ഇൻ പരിപാടി**

ജൂൺ 1 റേഡിയോ മാറ്റൊലിയുടെ 13-ാം വാർഷികത്തോടനുബന്ധിച്ച് ഡയറക്ടറോടൊപ്പം തത്സമയ ഫോണിൻ പരിപാടി സംഘടിപ്പിച്ചു. സുരക്ഷിത ഭക്ഷണം, ഭക്ഷ്യസുരക്ഷാനിയമം എന്ന വിഷയത്തിൽ ജൂൺ 7 ന് തത്സമയ ഫോൺഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ രൺദീപ് സി.ആർ, റിട്ട. ഡെപ്യൂട്ടി കമ്മീഷണർ പി.ജെ വർഗീസ് എന്നിവർ ലൈവിൽ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

## നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**അവലോകനയോഗം**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിയുടെ 2022 മെയ് ,ജൂൺ മാസത്തെ അവലോകനയോഗം ജൂൺ മാസം പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 10.30 മണിക്ക് NDS ഓഫീസിൽ വെച്ച് നടന്നു. യോഗത്തിനു ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റി അധ്യക്ഷത വഹിച്ചു. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ , ഫാ. ജെറി ഓണംപള്ളി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഈ യോഗത്തിൽ NDS നു കീഴിലുള്ള കയ്യൂന്നി, കുന്നലാടി , വിമലഗിരി, ബോസ്പാറ, ധർമ്മഗിരി, കൽപറ, ആറാട്ടുപാറ, അരുൾനിലയം എന്നീ യൂണിറ്റുകളുടെ പ്രതിനിധികൾ പങ്കെടുത്തു. അവരുടെ യൂണിറ്റുകളുടെ റിപ്പോർട്ടുകളും കണക്കുകളും വായിച്ചു. റിപ്പോർട്ടുകൾ ഡയറക്ടർക്കു കൈമാറി.

**ബഫർസോൺ പ്രതിഷേധം**

സംരക്ഷിത വനമേഖലയ്ക്കു ചുറ്റുമുള്ള 1 കിലോമീറ്റർ വരുന്ന മേഖലകൾ ബഫർ സോൺ പരിധിയിൽ ഉൾപ്പെടുത്തി 03.06.2022 ലെ സുപ്രീംകോടതി പുറപ്പെടുവിച്ച ജനദ്രോഹപരമായ വിധി റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിക്ക് കീഴിലുള്ള യൂണിറ്റുകളിലെ പ്രതിനിധികൾ NDS ഓഫീസിൽ ജൂൺ മാസം പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 11.30 സമ്മേളിച്ചു. യോഗത്തിന് NDS ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിൽ അധ്യക്ഷത വഹിച്ചു. നീലഗിരി ജില്ലയിലെ ഗുഡല്ലൂർ, പന്തലൂർ

താലൂക്കുകളിൽ ജീവിക്കുന്ന ഏകദേശം 4 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സമാകും വിധം ബഫർസോൺ വിഷയവുമായി ബന്ധപ്പെട്ട് നടന്ന സുപ്രീംകോടതി വിധിയെപ്പറ്റി ഫാദർ ജെറി ഓണംപള്ളി വിശദീകരിച്ചു സംസാരിച്ചു. NDS അസിസ്റ്റൻറ് ഡയറക്ടർ ഫാദർ അനൂപ് കൊല്ലം കുന്നേൽ, NDS ട്രെയിനർ ശ്രീ ജൂഡ് മാർട്ടിൻ, NDS പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സുബിൻ ജോസ് എന്നിവർ സംസാരിച്ചു. സുപ്രീംകോടതി വിധി റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രധിഷേധ പ്രമേയം NDS ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിൽ അവതരിപ്പിച്ചു. യോഗത്തിൽ ഈ പ്രമേയം പാസാക്കി.

ഇതോടനുബന്ധിച്ചു NDS നു കീഴിലുള്ള 13 യൂണിറ്റുകളിലും, അതാത് യൂണിറ്റുകളുടെ ഡയറക്ടർമാരുടെ അധ്യക്ഷതയിൽ ബഫർ സോൺ വിഷയത്തിൽ പ്രധിഷേധ റാലികളും, സമ്മേളനങ്ങളും നടത്തപ്പെട്ടു.

**LEDP ആട് വളർത്തൽ സംരംഭകത്വ പരിപാലന പരിപാടി**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിയും തമിഴ്നാട് നബാർഡും ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന LEDP ആടുവളർത്തൽ സംരംഭകത്വ പരിപാലന പരിപാടിയുടെ പ്രാഥമികഘട്ടമെന്നോണം NDS യൂണിറ്റ് പ്രതിനിധികൾക്കായുള്ള ആലോചന യോഗം 11.06.2022 ന് NDS ഓഫീസിൽ വച്ച് നടന്നു. യോഗത്തിന് ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിൽ അധ്യക്ഷത വഹിച്ചു. ആടുകളെ വളർത്തൽ, അവയുടെ ശാസ്ത്രീയ പരിപാലനം, അവയുടെ രോഗങ്ങളും, അവയ്ക്കുള്ള പ്രതിവിധികളും തുടങ്ങി ആട് വളർത്തലുമായി ബന്ധപ്പെട്ടുള്ള പരിശീലന പരിപാടിയിലേയ്ക്ക് ആടുകളെ വളർത്തി സംരംഭകരാകാൻ താല്പര്യമുള്ള ആളുകളെ മാത്രം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മതിയെന്ന് യോഗത്തിൽ NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ അറിയിച്ചു. തുടർന്ന് ഈ പരിശീലന പരിപാടിയുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക വശം, ബാങ്ക് ലിങ്കേജ്, ലോണും അതിന്റെ തിരിച്ചടവ് തുടങ്ങിയ കാര്യങ്ങൾ NDS ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ വിശദീകരിച്ചു. പങ്കെടുത്തവരുടെ സംശയങ്ങൾക്കു മറുപടി നൽകി.

**ജൽ ജീവൻ മിഷൻ തമിഴ്നാട്**

ജൽ ജീവൻ മിഷൻ തമിഴ്നാടുമായി ബന്ധപ്പെട്ടു ഗൂഡലൂർ , പന്തലൂർ താലൂക്കുകളിലുള്ള മുതുമല, മസിനഗുഡി, ചേരങ്കോടു, നെല്ലാക്കോട്ടൈ , ശ്രീമധുരൈ തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളിൽ നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ISA ആയി പ്രവർത്തിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ ചെന്നൈ സെക്രട്ടറിയേറ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ പെരിയ കറുപ്പൻ, മുൻസിപ്പാലിറ്റി മിനിസ്റ്റർ ശ്രീ. K .N നെഹ്റു. ഡയറക്ടർ മുൻസിപ്പാലിറ്റി മാധവരം ചെന്നൈ, തമിഴ് നാട് വാട്ടർ സപ്ലൈ ആൻഡ് ഡ്രൈനേജ് ബോർഡ് ഡയറക്ടറേറ്റ് ചെപ്പോക് ചെന്നൈ, നീലഗിരി ജില്ലാ കളക്ടർ ശ്രീ. അമൃത്, HADP ഡയറക്ടർ, DRDA ഡയറക്ടർ ശ്രീ. ജയരാമൻ എന്നിവർക്കു നേരിട്ട് കണ്ട് കാര്യങ്ങൾ വിശദീകരിച്ചു കത്തുകൾ കൈമാറി.

**പങ്കാളിത്താധിഷ്ഠിത ഗ്രാമവിശകലനം (PRA ), സോഴ്സ് മാപ്പിംഗ്:**

ജൽ ജീവൻ മിഷൻ മലപ്പുറം ജില്ലാ ഊർങ്ങാട്ടിരി, എടവണ്ണ തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളിൽ അതിന്റെ തുടർ പ്രവർത്തന ങ്ങൾ വിജയകരമായി, നടന്നു വരുന്നു. പദ്ധതിയുടെ ഭാഗമായുള്ള 61 ഓളം ആക്ടിവിറ്റി പ്രവർത്തനങ്ങളിൽ ഒന്നായ ജനപ്രതിനിധി കൾക്കും, സാമൂഹ്യ രാഷ്ട്രീയ, മത സാമുദായിക നേതാക്കൾക്കും പഞ്ചായത്തുകളിലെ സാമൂഹ്യപരമായ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർക്കു വേണ്ടിയുള്ള ശില്പശാലകൾ മറ്റും വിജയകാരമായി പൂർത്തീകരിച്ച് പഞ്ചായത്ത് കമ്മിറ്റികളുടെ അംഗീകാരവും നേടി യിട്ടുണ്ട്. അതോടൊപ്പം പങ്കാളിത്താധിഷ്ഠിത ഗ്രാമ വിശകലനവും, നിലവിലെ സ്രോതസ്സുകളുടെ മാപ്പിങ്ങും വിജയകരമായി പൂർത്തീ കരിച്ചു. അടുത്ത ഘട്ടമെന്നോണം പഞ്ചായത്തുകളിലെ അംഗൻ വാടികൾ കേന്ദ്രീകരിച്ചുള്ള സെമിനാറുകളും, ജൽ ജീവൻ മിഷൻ അവബോധ ക്ലാസ്സുകളും നടന്നു വരുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**May – June 2022**

- The College reopened on 1st June 2022 after the summer holidays.
- The interview of the guest lecturers for the academic year 2022-23 was held from 17th to 21st May 2022.
- The 4th Semester PG Examination commenced on 17th May 2022.
- Dr. Joseph K. J., Department of Malayalam, Dr. Pamy Sebastian, Department of Mathematics and Dr Fr George P.V., the College Librarian officially retired from service on 31st May 2022.
- IQAC Organized Research Methodology Webinar Series Session-2 on the topic " Review of Literature and Questionnaire Designing in Social Science Research" on 21st May 2022. Dr. Dhanya K. A., Assistant Professor, Amal College of Advanced Studies was the resource person.
- A Peer Team visit was held on 23rd May 2022 to verify the institutional and infrastructural facilities available at The Department of Computer Science for recognizing the same as a research centre. Dr. Sreekanth N. S., Professor & Head of Department of I. T., Mangattuparamba, Dr. R. K. Sunil Kumar, Assistant Professor Department of I. T., Mangattuparamba and Shri. Pramod Kumar, Syndicate Member and Associate Professor MG College Iritty were the members of the Peer Team.
- Kerala Forest and Wildlife Department Pookkode- Chapparam Forest Protection Committee in association with the NSS units of our college and Government Engineering College, Mananthavady organized a Clean-Up-Campaign of the Periya

Ghat road as part of the World environment day on 5th June 2022.

- On World Blood Donor day NSS in association with NCC organized a Voluntary Blood Donation Camp with the support of Blood Center, Medical College Mananthavady on 14th June 2022 at Mary Matha College. During the camp 51 donors donated blood.

**Dr. Maria Martin Joseph**

Participated in the conference organized by The Council of Principals of Colleges in Kerala on the topic "The Role of Academic Leaders in Revamping Higher Education" and Annual General Body Meeting 2022 held at Farook College, Calicut.

Appointed as a member of the selection committee constituted for selection of Assistant Professor in Physical Education held on 28 May 2022 at Amal College of Advanced Studies, Nilambur.

**Dr. Thomas Monoth**

The Head of Department of Computer Science Dr. Thomas Monoth has been promoted as Professor.

**Dr Maria Martin Joseph**
Principal

## കോർഷറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങളിലെയും അധ്യാപക അനധ്യാപകർ സദ്ഗമയ 2022 ന്റെ ഭാഗമായി രണ്ട് വർഷക്കാലത്തെ ഇടവേളക്കുശേഷം മെയ് മാസം ഇരുപത്തിയൊന്നോം തീയതി പാസ്റ്ററൽ സെന്ററിൽ ഒത്തുചേർന്നു. അഭിവന്ദ്യ മെത്രാൻ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിന് വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അധ്യക്ഷത വഹിച്ചു. സദ്ഗമയ 2022 ന്റെ വേദിയിൽവെച്ച് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി അധ്യാപനസേവനസപര്യ പൂർത്തിയാക്കി മടങ്ങിയവരെ ആദരിക്കുകയും വിവിധ മേഖലകളിൽ മികവ് തെളിയിച്ച വിദ്യാലയങ്ങൾക്കും വ്യക്തികൾക്കുമുള്ള പുരസ്കാരങ്ങൾ സമ്മാനിക്കുകയും ചെയ്തു.

2021-22 അധ്യയനവർഷത്തിൽ SSLC പരീക്ഷയിൽ പയ്യമ്പള്ളി സെന്റ് കാതറൈൻസ് ഹൈസ്കൂൾ, കണിയാരം ഫാ. ജി. കെ. എം.ഹൈസ്കൂൾ, നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ, കബനിഗിരി നിർമല ഹൈസ്കൂൾ, ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ, അടയ്ക്കാത്തോട് സെന്റ്. ജോസഫ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങൾ നൂറുശതമാനം വിജയമെന്ന തിളങ്ങുന്ന നേട്ടം കരസ്ഥമാക്കി.

**വിദ്യാലയ വാർത്തകൾ**

**1. സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

2022-23 അധ്യയനവർഷത്തെ പ്രവേശനോത്സവം വർണാഭമായിസംഘടിപ്പിച്ചു.ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സ്പോക്കൺ ഇംഗ്ലീഷ് ഗ്രാമർ ക്ലാസുകൾ ആരംഭിച്ചു. കുട്ടികളുടെ വായനാശീലം വർധിപ്പിക്കാനായി തവിഞ്ഞാൽ സംഗമം ഫാർമേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 5 ദിനപത്രങ്ങൾ സ്പോൺസർ ചെയ്തു. നല്ലപാഠം ക്ലബ്ബ് അംഗങ്ങൾ ജൈവവൈവിധ്യ പാർക്ക് നിർമാണത്തിന് തുടക്കം കുറിച്ചു.

**2. അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

പുതിയ അധ്യയനവർഷത്തിൽ വിവിധ പരിപാടികളോടെ പ്രവേശനോത്സവം വർണാഭമാക്കിമാറ്റി. പരിസ്ഥിതി ദിനത്തിൽ മരത്തൈ നടുകയും കുട്ടികൾക്കായി ഇളംതെന്നൽ എന്ന പേരിൽ വിവിധ മത്സരങ്ങൾ നടത്തുകയും ചെയ്തു. ''മിയവാക്കി'' രണ്ടു വർഷം കൊണ്ടൊരു വനംപദ്ധതിയുടെ ഉദ്ഘാടനം നടത്തി.

**3. നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

അക്ഷരദീപം തെളിയിച്ചുകൊണ്ട് അക്ഷരമുറ്റത്തേക്ക് കടന്നു വന്ന അമ്പതോളം കുരുന്നുകൾ നിർമലയിൽ ആദ്യാക്ഷരം കുറിച്ചു. ആലാറ്റിലെ കബ്ബിന്റെയും ബുൾബുളിന്റെയും നേതൃത്വത്തിൽ തണൽ മരങ്ങൾ ഒരുക്കിയും പോസ്റ്ററുകൾ തയ്യാറാക്കിയും പരിസ്ഥിതിദിന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

**4. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

മെയ് മാസത്തിൽ വിദ്യാർത്ഥികൾക്കായി കൂട്ട് എന്ന പേരിൽ അവധിക്കാല ക്യാമ്പ് നടത്തി. ജൂൺ ഒന്നിന് പ്രവേശനോത്സവ ത്തിൽ അവധിക്കാലത്ത് കുട്ടികൾ തയ്യാറാക്കിയ ചിത്രങ്ങളുടെയും ക്രാഫ്റ്റ്വർക്കുകളുടെയും സാഹിത്യ രചനകളുടെയും പ്രദർശനം ചില്ല എന്ന പേരിൽ സംഘടിപ്പിച്ചു. പുതിയതായി വിദ്യാലയത്തിലെ ത്തിയ എല്ലാ കുട്ടികളുടെയും കൈയൊപ്പ് പതിപ്പിച്ചുകൊണ്ട് നിറച്ചാർത്ത് നടത്തി. പുതിയതായി വിദ്യാലയത്തിലെത്തിയ കു ട്ടികളെ വിത്ത് പേന നൽകി സ്വീകരിച്ചു. പരിസ്ഥിതിദിനം വിപുല മായി ആചരിച്ചു. വിവിധ മത്സരങ്ങൾ നടത്തുകയും സൈക്കിൾ റാലി സംഘടിപ്പിക്കുകയും ചെയ്തു. മേഖല ഇന്ത്യ ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് ഇനത്തിൽ കേരളത്തെ പ്രതിനിധീകരി ച്ചു മത്സരിച്ച വിദ്യാർത്ഥിനി നാലാം സ്ഥാനത്തിന് അർഹയായി.

**5. എ. എൽ. പി. സ്കൂൾ കണിയാരം.**

വിദ്യാർത്ഥികൾക്ക് കണിയാരം സ്പന്ദനം ക്ലബ്ബ് പഠനോപക രണങ്ങൾ വിതരണം ചെയ്തു. വർണാഭമായ ചടങ്ങുകളോടെ നവാ ഗതർക്ക് സ്വാഗതമേകി. പരിസ്ഥിതി ദിനത്തിൽ മരത്തൈ നടു കയും പരിസ്ഥിതിദിന സന്ദേശം നൽകുകയും വിവിധ മത്സര ങ്ങൾ നടത്തുകയും ചെയ്തു.

**6. നിർമല ഹൈസ്കൂൾ കബനിഗിരി**

വിദ്യാർത്ഥികൾക്കായി അവധിക്കാലത്ത് വേനൽപ്പച്ച എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിച്ചു. വ്യക്തിത്വ വികസനം, നേതൃത്വ പരിശീലനം, സർഗസൗന്ദര്യം, എന്നീ വിഷയങ്ങളിലൊരുക്കിയ ശിൽപ്പശാലകളായിരുന്നു ക്യാമ്പിന്റെ മുഖ്യ ആകർഷണം. സാദരം സസ്നേഹം എന്ന സെക്ഷനിൽ ഓരോ ദിവസവും പ്രദേശ വാസികളായ പ്രമുഖ വ്യക്തികൾ അതിഥികളായെത്തി.

**7. സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

2022-23 അധ്യയനവർഷത്തെ പ്രവേശനോത്സവം വിദ്യാർത്ഥികൾക്ക് ആനന്ദമേകിക്കൊണ്ട് സമുചിതമായി ആഘോഷിച്ചു. കുഞ്ഞിക്കുടയും ചങ്ങാതിബാഗും എന്ന പേരിൽ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ബാഗുകളും, കുടകളും മറ്റ് പഠനോപകരണങ്ങളും നൽകിക്കൊണ്ട് നല്ലപാഠം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പരിസ്ഥിതിദിനത്തിൽ വിദ്യാലയത്തിൽ വൃക്ഷത്തൈ നടുകയും സന്ദേശം നൽകുകയും ചെയ്തു. അക്കാദമിക മികവിലേക്ക് ഒരു ചുവട് കൂടിയെന്ന ലക്ഷ്യവുമായി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന വിദ്യാപരിചയം പ്രതിദിന പ്രശ്നോത്തരിക്ക് തുടക്കമായി.

**8. സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

അമൃതകിരണം ഐക്യു ക്വിസ്സ്, പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ സംസ്കൃതം സ്കോളർഷിപ്പ് NMMS സ്കോളർഷിപ്പ് എന്നിവയിൽ വിദ്യാർത്ഥികൾ ഉന്നതവിജയം നേടി. വിദ്യാർത്ഥികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിനും ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിനും പ്രത്യേകം പരിശീലനം നൽകി. എലഗൻസ് എഫ്.സി. യുടെ ആഭിമുഖ്യത്തിൽ സമ്മർ ഫുട്ബോൾ ക്യാമ്പ് നടത്തി. വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സൈബർ സെഫ്റ്റി അവെയർനസ്സ് പ്രോഗ്രാം നടന്നു.

**9. സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ആഘോഷപൂർവ്വമായ പ്രവേശനോത്സവത്തോടെ പുതിയ അധ്യയനവർഷത്തിനു തുടക്കമായി. മലയാള മനോരമ നടത്തിയ ആട്ടം പാട്ട് മത്സരത്തിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ട

ങ്ങൾ കൈവരിച്ചു. പരിസ്ഥിതി ദിനത്തിൽ മരത്തൈ നടുകയും വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ നടത്തുകയും ചെയ്തു.

**10. സെന്റ് ആന്റണീസ് എ. യു. പി. സ്കൂൾ പഴൂർ**

2022-23 അധ്യയനവർഷത്തെ പ്രവേശനോത്സവം സമുചിതമായി ആഘോഷിച്ചു. സമ്മാനപ്പൊതികൾ നൽകി വിദ്യാർത്ഥികളെ സ്വീകരിച്ചു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി സീഡിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നടുകയും മത്സരങ്ങൾ നടത്തുകയും ചെയ്തു. നല്ലപാഠം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രകൃതി സംരക്ഷണം എന്ന പ്രവർത്തന ലക്ഷ്യവുമായി ഭൂമി മിത്രക്ലബ്ബ് രൂപീകരിച്ചു. ക്ലബ്ബ് അംഗങ്ങളും പ്രദേശവാസികളും രക്ഷിതാക്കളും ചേർന്ന് റോഡരികുകൾ പ്ലാസ്റ്റിക് വിമുക്തമാക്കുകയൂം വേസ്റ്റ് ബിൻ സ്ഥാപിക്കുകയും ചെയ്തു.

**11. എ. യു. പി. സ്കൂൾ ദ്വാരക**

എടവക ഗ്രാമപഞ്ചായത്ത് ജൈവ വൈവിധ്യ പരിപാലന സമിതി സംഘടിപ്പിച്ച ക്വിസ്സ് മത്സരത്തിൽ വിദ്യാർത്ഥികൾ വിജയം കൈവരിച്ചു. വിദ്യാർത്ഥികളുടെ യാത്രാസുരക്ഷക്കായി സുഖയാത്ര സുരക്ഷിതയാത്ര എന്ന സന്ദേശവുമായി സ്വകാര്യ വാഹനങ്ങളിൽ കുട്ടികളെ എത്തിക്കുന്ന ഡ്രൈവർമാർക്കായി ബോധവൽക്കരണ ക്ലാസ് നടത്തി. യോഗദിനത്തോടനുബന്ധിച്ച് ദ്വാരക ആയുർവേദ ആശുപത്രിയും എടവക പഞ്ചായത്തും സംയുക്തമായി ഓൺലൈൻ യോഗ പരിശീലനം ആരംഭിച്ചു. ഒരായിരം തൈകൾ ഒരേ ഒരു ഭൂമിക്കായി എന്ന ലക്ഷ്യവുമായി 1000 കുട്ടികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു.

**12. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി പി. ടി. എ. യുടെ സഹകരണത്തോടെ സ്കൂളും പരിസരവും വൃത്തിയാക്കി. എൽ. എസ്. എസ്. പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**13. സെന്റ് കാതറൈൻസ് ഹയർ സെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

പ്രവേശനോത്സവത്തോടനുബന്ധിച്ചു അക്ഷര ദീപശിഖ പ്രയാണം നടന്നു. വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി ആരംഭിച്ച ബസ്സുകളുടെ ഫ്ളാഗ്ഓഫ് കർമവും വെഞ്ചരിപ്പും

നടത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടുകയും പരിസ്ഥിതിദിന പ്രതിജ്ഞ എടുക്കുകയും ചെയ്തു.

**14. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

പുതിയ അധ്യയനവർഷത്തിൽ വർണാഭമാർന്ന ക്ലാസ് മുറികളിലേക്ക് മധുരം നൽകി കുരുന്നുകളെ സ്വീകരിച്ചു. ഡിസംബർ മാസത്തോടെ എല്ലാ കുട്ടികളെയും സാക്ഷരരാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന അക്ഷയ ദീപകം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതിയുടെ പ്രാധാന്യം കുട്ടികളിലേക്കും, സമൂഹത്തിലേക്കും എത്തിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് ബോധവത്കരണ ക്ലാസ് നൽകി.

**15. സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിദ്യാലയത്തിലെ പ്രവേശനോത്സവം വർണശബളമായ അന്തരീക്ഷത്തിൽ നടത്തപ്പെട്ടു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വിദ്യാലയ അങ്കണത്തിൽ പടർന്ന് പന്തലിച്ചു നിറഞ്ഞ ഫലത്തോടെ നിൽക്കുന്ന നൂറുകണക്കിന് ഫലവൃക്ഷങ്ങളുടെ പരിചരണ പ്രവർത്തനങ്ങൾ NSS കുട്ടികളുടെ മേൽനോട്ടത്തിൽ നടത്തി.

**16. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

വിദ്യാലയത്തിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനവും പ്രവേശനോത്സവവും വിപുലമായ പരിപാടികളോടെ നടത്തി. സർവീസിൽ നിന്നും വിരമിച്ച മേഴ്സി ടീച്ചറെ ആദരിക്കുകയും കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**17. സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

എല്ലാ കുട്ടികളെയും ഒരു മാസത്തിനുള്ളിൽ അക്ഷരജ്ഞാനമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ അക്ഷരച്ചങ്ങാത്തം 2022 ന് തുടക്കമായി. ദോസ്തി ഹിന്ദിയെന്ന പേരിൽ ഹിന്ദി ഭാഷാപഠനവും ആരംഭിച്ചു.

**18. സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

DElEd വിഭാഗം വിദ്യാർത്ഥികൾക്ക് പഠന വിനോദയാത്ര സംഘടിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ നൽകുന്ന സ്വച്ഛ വിദ്യാലയ പുരസ്കാരം ടി. ടി. ഐ. അർഹത നേടി. മൂന്ന് മേഖലകളിൽ ജില്ലാതല അവാർഡും ജില്ലാതല ഓവറോൾ വിജയവും സംസ്ഥാനതലത്തിലേക്ക് നോമിനേഷനും ലഭിച്ചു. DElEd

വിഭാഗം സെക്കൻഡ് സെമസ്റ്റർ പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടി. മാനന്തവാടി താലൂക്ക് ലൈബ്രറി കൗൺസിൽ, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ സമ്മാനിതരായി.

**19. സെന്റ് ജോസഫ്സ് യു പി സ്കൂൾ കല്ലോടി**

വിദ്യാലയത്തിലെത്തിയ നവാഗതരെ ബാൻഡ് മേളത്തിന്റെ അകമ്പടിയോടെ സ്കൂളിലേക്ക് ആനയിച്ചു. എടവക ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ഒരു ടി .വി വിദ്യാലയത്തിന് സമ്മാനിച്ചു. പരിസ്ഥിതിവാരത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംരക്ഷണ സെമിനാർ നടത്തി.

2022-23 അധ്യയനവർഷത്തിൽ വിവിധ വിദ്യാലയങ്ങളിൽ പുതിയതായി നിയമിതരായ പ്രധാനധ്യാപകർക്കും അധ്യാപകർക്കും തങ്ങളുടെ മേഖലകളിൽ നന്നായി പ്രവർത്തിക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തിൽ SSLC പരീക്ഷയിൽ ഉന്നതവിജയം കൈവരിച്ച വിദ്യാർത്ഥികൾക്കും വിദ്യാർത്ഥികളെ മികവാർന്ന വിജയത്തിലേക്ക് നയിച്ച സ്കൂൾ മാനേജർമാർ, പ്രധാനധ്യാപകർ, അധ്യാപകർ, രക്ഷിതാക്കൾ ഏവർക്കും അഭിനന്ദനങ്ങൾ നേരുന്നു.

പുതിയ പ്രതീക്ഷകളും പുത്തൻ ചിന്തകളുമായി തുടക്കം കുറിച്ച അധ്യയനവർഷത്തിൽ വിദ്യാലയങ്ങൾ കർമനിരതമായിരിക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമാണ്. മുൻവർഷങ്ങളിൽ ഓരോ വിദ്യാലയവും കൈവരിച്ച നേട്ടങ്ങളെക്കാൾ ഒരുപടി കൂടി മുന്നേറുവാൻ ഈ അധ്യയനവർഷത്തിൽ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഏവർക്കും നല്ലൊരു അധ്യയനകാലം നേർന്നുകൊണ്ട്.

സ്നേഹപൂർവ്വം

**ഫാ. സിജോ ഇളംകുന്നപ്പുഴ**

കോർപ്പറേറ്റ് മാനേജർ

# Bishop's Programme



*1 July 2022 - 27 July 2022 : Abroad*